# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 12, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--404]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 1170 മുതൽ 1341 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 1342 മുതൽ 1471 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 1472 മുതൽ 1558 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 1559 മുതൽ 1573 വരെ |

**<u>വിവിധ പദ്ധതികളിലുണ്ടായ വെട്ടിക്കുറവുകൾ</u>**

1170 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് പൊതുമരാമത്ത് വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറവ് സംഭവിച്ചെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

**<u>ഹരിപ്പാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

1171 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാത്ത് വകുപ്പ് റോഡ്സ്, ബിൽഡിംഗ് , ബ്രിഡ്ജസ് , കെ.ആർ.എഫ്.ബി. എന്നിവ മുഖേന നടത്തുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ പുതിയ ഡയാലിസിസ് ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതിന്റെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഹരിപ്പാട് മണ്ഡലത്തിൽ ശബരിമല പാക്കേജിൽ ഉൾപ്പടുത്തി നിർവ്വഹിക്കുന്നതിനായി എസ്റ്റിമേറ്റ് നിർണ്ണയിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ

വ്യക്തമാക്കാമോ; ഇതിൽ എത്ര വർക്കുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ്</u>

1172 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കാൻ വേണ്ടി വികസിപ്പിച്ച മൊബൈൽ ആപ്പ് ആയ പി.ഡബ്ല്യു.ഡി. ഫോർ യു നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; നാളിതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പരാതികളിൽ എത്ര എണ്ണം പരിഹരിച്ചെന്നും ഇനി എത്ര എണ്ണം പരിഹരിക്കാൻ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആപ്പ് നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

## <u>കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തി</u>

1173 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും 4.15 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട്-മലമ്പുഴ റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിലവിൽ ഈ പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; മുഴുവൻ പണികളും പൂർത്തിയാക്കി ഈ റോഡ് എന്നത്തേക്ക് ജനങ്ങൾക്ക് തുറന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ ?

## <u>റോഡുകളുടേയും കെട്ടിടങ്ങളുടേയും ഡിസൈനിങ്</u>

1174 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡുകളുടേയും കെട്ടിടങ്ങളുടേയും ഡിസൈനിങ്ങിൽ വകുപ്പിന്റേതായ പൊതു മാനദണ്ഡമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) റോഡിന്റെ പ്രതലത്തിന് അനുസൃതമായി മഴക്കാലത്ത് വെള്ളം ഒഴുകിപ്പോകുന്ന തരത്തിലുള്ള ഡ്രയ്നേജ് സംവിധാനം നിർബന്ധമായും റോഡ് ഡിസൈനിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിലാക്കുന്ന സർക്കാർ നയം സംബന്ധിച്ച്</u>

1175 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിലാക്കുന്ന സർക്കാർ നയം ഏതെല്ലാം തരത്തിലാണ് നടപ്പാക്കി വരുന്നത്;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആകെ എത്ര കിലോമീറ്റർ റോഡുണ്ടെന്നും അതിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) 2011 മുതൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച ആകെ റോഡുകളുടെ എണ്ണവും കിലോമീറ്ററും അതിൽ ബി.എം.&ബി.സി. നിലവാരത്തിൽ ആക്കിയ റോഡുകളുടെ എണ്ണം, നിർമ്മിച്ച പാലങ്ങളുടെ എണ്ണം (ജില്ല തിരിച്ച് ) ഓരോന്നിനും ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം 2011 മുതൽ 2016 വരെ, 2016 മുതൽ 2021 വരെ, 2021 മുതൽ 2024 വരെ എന്നീ കാലയളവുകളായി വേർതിരിച്ച് ലഭ്യമാക്കുമോ;?

## പൊതുമരാമത്ത് റോഡുകളിൽ കേബിളുകൾ, പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം

1176 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയാലുടൻ വാട്ടർ അതോറിറ്റിയുടെ ജലവിതരണക്കുഴലുകൾ സ്ഥാപിക്കുന്നതിനും വിവിധങ്ങളായ കേബിളുകൾ സ്ഥാപിക്കുന്നതിനും വെട്ടിപ്പൊളിക്കുന്നതു കാരണം കാലാവധിക്കു മുൻപ് റോഡുകളിൽ ഗർത്തങ്ങൾ രൂപപ്പെടുന്നതും റോഡുകൾ മോശമാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം സ്ഥിരമായി പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; വിശദമാക്കുമോ ;

(ബി) ഉന്നത നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കിയ റോഡുകൾ ഉടനെ കുഴിക്കാതെ റോഡുകളോട് ചേർന്ന് പ്രത്യേക ഡക്ടുകൾ ഉണ്ടാക്കി കേബിളുകളും പൈപ്പുകളും അതിലൂടെ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളോട് കൂടിയാലോചിച്ച് ഏകോപനമുണ്ടാക്കി അവരുടെ പദ്ധതികൾ ഉണ്ടെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് സമയം നല്കിയതിനുശേഷം റോഡ് നവീകരണ പ്രവർത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ

1177 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് പട്ടാമ്പി നിയോജക മണ്ഡലത്തിൽ കെട്ടിടം, നിരത്ത്, പാലങ്ങൾ, മെയ്ന്റനൻസ് എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ;

(സി) 2016 - 2017 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കാനുള്ള 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പട്ടാമ്പി

മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ് ഫണ്ട് ഉപയോഗിച്ച് പട്ടാമ്പി മണ്ഡലത്തിൽ പൂർത്തിയാക്കിയ റോഡ് പ്രവൃത്തികളുടെ വിവരം നൽകാമോ?

## ചങ്ങനശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1178 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

## കാലാവസ്ഥാ വ്യതിയാനം പരിഗണിച്ചുള്ള പ്രവർത്തന കലണ്ടർ

1179 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളെയുൾപ്പെടെ പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാലാവസ്ഥയേയും വർഷപാതത്തേയും പരിഗണിക്കാതെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകി ടെണ്ടർ നടപടികൾ നടത്തുന്നതുമൂലം ഇവയുടെ പൂർത്തീകരണത്തിന് കാലതാമസവും ഗുണനിലവാരത്തിൽ ഇടിവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഇത്തരത്തിലുള്ള ന്യൂനതകൾ പരിഹരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവർത്തികളുടെ പുരോഗതി

1180 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ പുരോഗതി ,അടങ്കൽ തുക, പൂർത്തീകരണ കാലാവധി, പൂർത്തീകരിക്കുന്ന നീളം/ വീതി എന്നിവ സഹിതവും വിശദമാക്കാമോ?

## കോയവളപ്പ്-പയ്യാനക്കൽ റോഡിന് റോഡ് സ്ഥലം ഏറ്റെടുക്കുന്നത്

1181 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ കോയവളപ്പ്-പയ്യാനക്കൽ ബി.സി. റോഡ് സ്ഥലം ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് അനുവദിച്ച ഫണ്ടുകൾ

1182 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 2021 മുതൽ നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച തീയതി, പ്രവൃത്തി തുടങ്ങിയ വർഷം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ ലഭിച്ച മരാമത്ത് പ്രവൃത്തികൾ

1183 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ച മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് മൂന്നാംഘട്ട നിർമ്മാണം

1184 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ബൈപ്പാസിന് അധിക സ്ഥലം ഏറ്റെടുക്കാത്ത രീതിയിൽ നിലവിലത്തെ അലൈൻമെന്റിൽ തന്നെ പ്രവൃത്തി പൂർത്തികരിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യവകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## ഉദുമ നിയോജക മണ്ഡലത്തിൽ നവീകരിച്ച റോഡുകളുടെ പേരും അനുവദിച്ച തുകയും

1185 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉദുമ മണ്ഡലത്തിൽ നവീകരിച്ച റോഡുകളുടെ പേരും ഓരോന്നിനും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(ബി) ഉദുമ മണ്ഡലത്തിൽ നിലവിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പ്രവൃത്തി പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാത, പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേക്ക് ഗതാഗതത്തിന് തുറന്നു നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കപ്പെട്ട റോഡുകൾ

1186 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കപ്പെട്ട റോഡുകളുടെ പേര്, അവയുടെ നീളം എന്നീ വിവരങ്ങൾ അറിയിക്കുമോ ?

## പരിസ്ഥിതി സൗഹൃദ റോഡ് നിർമ്മാണം

1187 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന റോഡ് നിർമ്മാണ രീതികൾ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾക്ക് അനുയോജ്യമാകുന്ന തരത്തിൽ പരിസ്ഥിതി സൗഹൃദമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പരിസ്ഥിതി സൗഹൃദ റോഡ് നിർമ്മാണ രീതികളിൽ ഫുൾ ഡെപ്ത് റിക്ലമേഷൻ സമ്പ്രദായം ഉൾപ്പെടെ ഏതെല്ലാം രീതികളാണ് സംസ്ഥാനത്ത് അവലംബിച്ച് വരുന്നതെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിലുള്ള പരിസ്ഥിതി സൗഹൃദ റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## വർക്കല മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

1188 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം നിർവ്വഹിച്ചു വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം

1189 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>തീരദേശ ഹൈവേ നിർമ്മാണം</u>**

1190 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതുവരെ എത്ര കിലോമീറ്റർ റോഡ് പ്രവൃത്തി പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ പ്രവൃത്തി സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന എഫ്.ഡി.ആർ. പ്രവൃത്തികൾ</u>**

1191 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി വഴി നടപ്പിലാക്കുന്ന എഫ്.ഡി.ആർ. പ്രവൃത്തികളായ കിള്ളി-ഇ.എം.എസ്. അക്കാഡമി റോഡിന്റെയും, പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെയും നിർമ്മാണ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിയ്ക്കാനാകുമെന്നും പൊട്ടൻകാവ്-നെല്ലിക്കാട് റോഡിന്റെ എൽ.എ. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് (വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി.) എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് കെ.ആർ.എഫ്.ബി. സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>റോഡുകൾ തകരുന്നതിനുള്ള കാരണം സംബന്ധിച്ച പഠനം</u>**

1192 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനത്തിന്റെ ഫലമായി റോഡുകൾക്ക് തകരാർ സംഭവിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായി ഗവേഷണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റോഡുകൾക്ക് തകരാർ സംഭവിക്കുന്നതിനു കാരണങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തീരദേശനിർമ്മിതികളുടെ അതിജീവനകാലയളവ് മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പഠനം നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

## വർക്കല ബൈപാസ് നിർമ്മാണം

1193 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ബൈപാസ് നിർമ്മാണനടപടികളുടെ പുരോഗതി വിശദമാക്കാമോ?

## റോഡ് നിർമ്മാണത്തിലെ അപാകതകൾ ഒഴിവാക്കി അപകടങ്ങൾ കുറയ്ക്കാൻ നടപടി

1194 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ റോഡ് നിർമ്മാണത്തെ തുടർന്ന് അപകടങ്ങൾ വർദ്ധിച്ച് വരുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ റോഡ് നിർമ്മാണത്തിലെ അപാകതകൾ ഒഴിവാക്കി അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേ റോഡ്

1195 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി കക്കാടംപൊയിൽ മലയോര ഹൈവേയ്ക്ക് 2017-18 ൽ ടെൻഡർ ഉറപ്പിച്ച തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ പ്രകാരമുള്ള റോഡിൽ കുമ്പാറ ആനക്കല്ലുംപാറ മുതൽ താഴെ കക്കാട് വരെ മുൻപുണ്ടായിരുന്ന 6.7കിലോമീറ്റർ റോഡ് ഒഴിവാക്കി പുതിയ റോഡ് നിർമ്മിക്കുന്നതിന് വേണ്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(സി) ഈ ഉത്തരവിന് വിപരീതമായി മുൻപുണ്ടായിരുന്ന റോഡ് ഉൾപ്പെടുത്തി പ്രവൃത്തി നടന്നതിനാൽ 6.7 km റോഡ് കുറയുകയും നേരത്തെ നാഥ് കൺസ്ട്രക്ഷൻ കമ്പനി മറ്റൊരു ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രസ്തുത പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകുകയും ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 144 കോടി രൂപയ്ക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് കരാർ ഏറ്റെടുത്ത പദ്ധതിയിൽനിന്നും പ്രസ്തുത തുക കുറയ്ക്കുന്നതിന് പകരം 198.35 കോടി രൂപയാക്കി തുക ഉയർത്തി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## പത്തനാപുരം പാലം നിർമ്മാണ പ്രവൃത്തി

1196 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണ പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## കല്ലടക്ക ചെർക്കള റോഡിന്റെ പ്രവൃത്തി

1197 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക ചെർക്കള റോഡ് ഇപ്പോൾ ഗതാഗതയോഗ്യമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ കാലയളവിലാണ് പ്രസ്തുത പ്രവൃത്തികൾ നടത്തിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി ചെയ്യാനിരിക്കുന്നതെന്നും അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എത്ര തുക വേണ്ടി വരുമെന്നും വ്യക്തമാക്കാമോ;

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും അതിന് ഭരണാനുമതി എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ?

## കാരപൊറ്റ - ചൂലിപാടം റോഡ് നിർമ്മാണ പ്രവൃത്തി

1198 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാരപൊറ്റ-ചൂലിപാടം റോഡ് പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്തു റോഡുകളുടെ അറ്റകുറ്റ പണികൾക്കായി തുക

1199 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്തെ പൊതുമരാമത്തു റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തികൾ

1200 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തികൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കാമോ?

## കോഴിക്കോട് പുതിയങ്ങാടി തണ്ണീർപന്തൽ റോഡ് വികസന പദ്ധതി

1201 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി തണ്ണീർപന്തൽ റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ആയത് സമയബന്ധിതമായി പൂർത്തീയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പദ്ധതിയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ ?

**<u>കാസർഗോഡ് കാഞ്ഞങ്ങാട് കെ.എസ്.ടി.പി റോഡ്</u>**

1202 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാഞ്ഞങ്ങാട് കെ.എസ്.ടി.പി റോഡ് (ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് റോഡ് ) കുണ്ടും കുഴിയും കാരണം ഗതാഗത യോഗ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(സി) ഈ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; എങ്കിൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>ബാലരാമപുരം-വഴിമുക്ക് റോഡ് വികസനം</u>**

1203 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം-വഴിമുക്ക് റോഡ് വികസനത്തിന് എടുത്ത നടപടികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) റോഡ് വികസനത്തിന്റെ പുതിയ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്നും എത്ര കോടി രൂപയുടെ ഡിപിആർ ആണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

**<u>മലമ്പുഴ - ആനക്കൽ റിംഗ് റോഡ് നവീകരണ പ്രവൃത്തി</u>**

1204 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ 5 കോടി രൂപ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ - ആനക്കൽ റിംഗ് റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്; മുഴുവൻ പണികളും പൂർത്തിയാക്കി പ്രസ്തുത റോഡ് എന്ന് മുതൽ പ്രവർത്തനയോഗ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് ഏനാമാവ് പള്ളി ജംഗ്ഷൻ ഭാഗം വീതി കൂട്ടാൻ എം.എൽ.എ. ഫണ്ട്</u>**

1205 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാമാവ് പള്ളി ജംഗ്ഷൻ ഭാഗം വീതി കൂട്ടുന്നതിനായി എം.എൽ.എ. യുടെ ആസ്തി വികസന പദ്ധയിൽ ഉൾപ്പെടുത്തി ആദ്യം 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും എന്നാൽ പ്രസ്തുത തുക

അപര്യാപ്തമായതിനാൽ 2024-25 വർഷം എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി പ്രകാരം 50 ലക്ഷം രൂപ കൂടി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## <u>മഴക്കാലത്തെ അതിജീവിക്കുന്ന റോഡ് നിർമ്മാണം</u>

1206 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മഴക്കാലത്ത് വളരെ വേഗം പൊട്ടിപൊളിഞ്ഞു പോകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മഴക്കാലങ്ങളെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>അങ്കമാലി മണ്ഡലത്തിലെ മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം</u>

1207 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ടി.പി.യുടെ മേൽനോട്ടത്തിൽ നിർമ്മാണം നടത്തുന്ന റോഡുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി റോഡിന്റെ നിർമ്മാണം സംബന്ധിച്ച പരിശോധന പ്രസ്തുത ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ ; വിശദമാക്കാമോ;

(ഡി) കെ.എസ്.ടി.പി.യുടെ ചുമതലയിൽ നിർമ്മാണം നടത്തുന്ന ടി റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിനും നിർമ്മാണം വേഗത്തിലാക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ഒരു യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) കരാർ പ്രകാരം ടി പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടതെന്നും സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചോയെന്നും ഇല്ലെങ്കിൽ പൂർത്തീകരിക്കാത്തതിന്റെ കാരണവും വിശദമാക്കാമോ; ഈ വിഷയത്തിൽ

അടിയന്തിര ഇടപെടൽ നടത്തി എത്രയും വേഗം ടി റോഡിന്റെ നിർമ്മാണം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കായലോര റോഡ് പദ്ധതി

1208 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേലിയേറ്റം വർഷം തോറും രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യവും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായി കായലോര റോഡ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കാൻ നിയമപരമായ തടസ്സങ്ങൾ ഉണ്ടോ എന്നറിയിക്കുമോ ; വിശദമാക്കാമോ;

(ബി) കായലുകളിലും തോടുകളിലും അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും ചെളിയുമുപയോഗിച്ച് തോടുകളുടെയും പുഴകളുടെയും പാർശ്വഭിത്തികൾ കെട്ടി കായലോര റോഡ് നിർമ്മാണത്തിനായി നടപടി സ്വീകരിക്കുമോ;

(സി) വൈപ്പിൻ മണ്ഡലത്തിലെ കായലോര റോഡിന്റെ സാധ്യതാ പഠനത്തിനായി 19.11.2024-ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് നൽകിയിരുന്നതും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27.11.2024-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയതുമായ കത്തിൽ (റഫറൻസ് നമ്പർ - 9015997/2024/മിൻ (പി ഡബ്ല്യൂ ഡി )) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം

1209 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

## ദേവികുളം മണ്ഡത്തിലെ വട്ടവട-പഴത്തോട്ടം-ചിലന്തിയാർ റോഡ്

1210 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റ് പ്രകാരം ഭരണാനുമതി ലഭിച്ച ദേവികുളം മണ്ഡത്തിലെ വട്ടവട-പഴത്തോട്ടം-ചിലന്തിയാർ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

## അകമ്പുഴ - കക്കാടംപൊയിൽ കണക്റ്റിംഗ് റോഡ്

1211 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി - കക്കാടംപൊയിൽ റീച്ചിൽ അകമ്പുഴ - കക്കാടംപൊയിൽ കണക്ടിംഗ് റോഡിന്റെ വിശദാംശവും ആയത് വരാനിടയായ സാഹചര്യവും വിശദമാക്കുമോ; കണക്ടിംഗ് റോഡ് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ട്രാഫിക് സ്റ്റഡി

1212 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പ്രവൃത്തിയുടെ ഭാഗമായി ട്രാഫിക് സ്റ്റഡി നടത്തി വീതി നിശ്ചയിക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ഭാവിയിലെ വാഹനവർദ്ധനവ് കൂടി പരിഗണിച്ച് വീതി നിശ്ചയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സംസ്ഥാനത്തെ ടോൾ പിരിവ് കേന്ദ്രങ്ങൾ

1213 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത ഉൾപ്പെടെയുള്ള വിവിധ റോഡുകളിൽ എത്ര ടോൾ ബൂത്തുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടോൾ ബൂത്തുകൾ ഉള്ള ഓരോ സ്ഥലത്തും ടോൾ പിരിവ് ആരംഭിച്ചത് എന്ന് മുതലാണെന്നും ടോൾ പിരിവ് ആരംഭിച്ചതിനുശേഷം എത്ര തവണ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; ഓരോ തവണയും നിരക്കിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥലത്തും ടോൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ടോൾ പിരിവിന് ആധാരമായ ഓരോ പദ്ധതിയുടെയും ആകെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും ഓരോ സ്ഥലത്തു നിന്നും നാളിതുവരെ ടോൾ ഇനത്തിൽ എത്ര തുക സമാഹരിക്കുവാൻ ബന്ധപ്പെട്ട കമ്പനി/ ഏജൻസിക്ക് സാധിച്ചിട്ടുണ്ടെന്നും ഓരോ സ്ഥലത്തും ടോൾ പിരിവ് എന്നുവരെ തുടരാനാണ് കരാർ ഉള്ളതെന്നും വ്യക്തമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ നുച്ച്യാട് - മണിക്കടവ് - കാഞ്ഞിരിക്കൊല്ലി റോഡിന്റെ നിർമ്മാണം

1214 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബഡ്ജറ്റിൽ നാല് കോടി രൂപ അനുവദിച്ച ഇരിക്കൂർ മണ്ഡലത്തിലെ നുച്ച്യാട് - മണിക്കടവ്-കാഞ്ഞിരിക്കൊല്ലി റോഡിന്റെ നിലവിലെ പ്രവൃത്തികളുടെ

വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചതിനാൽ പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാനും അത് പൂർത്തിയാക്കാനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളിൽ ബി.എം.&ബി.സി ചെയ്യുന്നത് സംബന്ധിച്ച്</u>**

1215 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിൽ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കാൻ ബാക്കിയുള്ളത് എത്ര കിലോമീറ്റർ റോഡ് ആണെന്ന് അറിയിക്കാമോ;

(ബി) ഇനിയും ബി.എം.&ബി.സി. ചെയ്യാത്ത പൊതുമരാമത്ത് റോഡുകൾ അപ്രകാരം ചെയ്ത് നവീകരിക്കുന്നതിന് ഏതെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>.തൃപ്പൂണിത്തുറ ബൈപാസ് നിർമാണത്തിനായി ഭൂമി ഏറ്റെടുക്കൽ</u>**

1216 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ബൈപാസ് നിർമാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപെട്ട് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ഭൂമി അടിയന്തിരമായി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>നവീകരിച്ച റോഡുകളിലെ ജലവിതരണ പൈപ്പുകൾ</u>**

1217 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരിച്ച റോഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണപ്പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യുമ്പോൾ റോഡിന്റെ ഉപരിതല സമനിരപ്പ് നിലനിർത്തുന്ന രീതിയിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇരു വകുപ്പുകളും ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ റണ്ണിംഗ് കോൺട്രാക്ട്

1218 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഏതൊക്കെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ റണ്ണിംഗ് കോൺട്രാക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനാണ് പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## രാജപുരം-ബളാൽ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത്

1219 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തിന്റെ ആസ്തിയിൽ പെട്ടിരുന്നതും നിലവിൽ ജില്ലാപഞ്ചായത്ത് ഏറ്റെടുത്തതിനെത്തുടർന്ന്അവരുടെ ആസ്തിയിൽപ്പെട്ടതുമായ രാജപുരം-ബളാൽ റോഡ് തിരിച്ചെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന് തിരിച്ച് നൽകുന്നത് സംബന്ധിച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്ത് തീരുമാനം എടുത്ത് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

1220 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷം പൂർത്തിയായതും, നടന്നു വരുന്നതുമായ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ, അനുവദിച്ച തുക, പ്രദേശം എന്നിവ സഹിതം ലഭ്യമാക്കാമോ?

## ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് ഏറ്റെടുക്കുന്നതിന് നടപടി

1221 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ളതും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അനുയോജ്യമായതുമായ മേലങ്ങാടി-എയർപോർട്ട് റോഡ്, കാരാട്-മൂളപ്പുറം-ചെണ്ണയിൽ പള്ളി റോഡ്, മുസ്ലിയാരങ്ങാടി-ഒഴുകൂർ റോഡ്, പെരിയമ്പലം-പള്ളിക്കൽ ബസാർ റോഡ്, തുറക്കൽ-ഇ.എം.ഇ.എ-

വലിയപറമ്പ് റോഡ് എന്നിവ ഏറ്റെടുക്കണമെന്ന ആവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

## വടയാർ-ചന്തപ്പാലം-മുളക്കുളം റോഡ് നിർമ്മാണം

1222 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, കടുത്തുരുത്തി മണ്ഡലങ്ങളിലൂടെ കടന്ന് പോകുന്ന വടയാർ-ചന്ദപ്പാലം-മുളക്കുളം റോഡിന്റെ നിർമ്മാണ കരാർ റദ്ദാക്കിയതിനുശേഷം പുതിയ ടെൻഡർ നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നിലവിൽ ആകെയുള്ള പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തിയായിയെന്നും ശേഷിക്കുന്ന പ്രവൃത്തിയ്ക്ക് ആവശ്യമായ തുക കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) റീ-ടെൻഡർ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്

1223 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, അഴീക്കോട് നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ ഉപരിതലം മിനുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം

1224 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും ഡി.പി.ആർ. -ന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## പുതിയങ്ങാടി-ഉള്ള്യേരി- കുറ്റ്യാടി-ചൊവ്വ സംസ്ഥാനപാത നവീകരണ പ്രവർത്തി

1225 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി-ഉള്ള്യേരി- കുറ്റ്യാടി-ചൊവ്വ (പി യു കെ സി ) സംസ്ഥാന പാത നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പുതിയങ്ങാടി മുതൽ ഉള്ള്യേരി വരെയുള്ള ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടത്തുമ്പോൾ സാമ്പത്തിക ബാധ്യത ഏറെ ഉണ്ടാകുന്നതും ധാരാളം കച്ചവട സ്ഥാപനങ്ങളെ ഒഴിപ്പിക്കേണ്ടി വരുന്നതുമായ പേരാമ്പ്ര ടൗണിനെ ഒഴിവാക്കി പേരാമ്പ്ര ബൈപാസിൽ കൂടി റോഡ് കടന്നുപോകുന്ന വിധം അലൈൻമെന്റ് നിശ്ചയിക്കുന്ന കാര്യം പരിശോധിക്കുമോ;

(ഡി) പേരാമ്പ്ര ബൈപ്പാസിൽ നിന്നും പേരാമ്പ്ര ബസ് സ്റ്റാന്റിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

## ചാത്തന്നൂർ-മരക്കുളം റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

1226 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂർ-മരക്കുളം റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 12.08.2024-ൽ എം എൽ എ നൽകിയ നിവേദനത്തിന്മേൽ (ഇ നമ്പർ 8702104) സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം തയ്യാറാക്കിയ പരിശാധനകൾ പൂർത്തിയാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

## റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞ സംഭവങ്ങൾ

1227 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടഞ്ഞ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വിവരം അറിയിക്കുമോ; വിശദമാക്കുമോ;

(ബി) റോഡിലെ കുഴികളിൽ വീണ് യാത്രക്കാർ മരണമടയുകയോ അപകടത്തിൽപ്പെടുകയോ ചെയ്താൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) യഥാസമയം റോഡ് നവീകരിച്ച് പരിപാലിക്കാത്തതു മൂലം അപകടത്തിൽ ഇരകളാകേണ്ടി വരുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചിറക്കൽ- കാട്ടാമ്പള്ളി- മയ്യിൽ കൊളോളം റോഡ്

1228 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക അനുമതി ലഭിക്കേണ്ട ചിറക്കൽ- കാട്ടാമ്പള്ളി- മയ്യിൽ കൊളോളം റോഡ് (ആർ.പി 2023-24 ബി.സി ഓവർലേ) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>കൊയിലാണ്ടി - എടവണ്ണ സംസ്ഥാനപാത നവീകരണം</u>**

1229 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. മുഖേന നടപ്പിലാക്കിയ കൊയിലാണ്ടി - എടവണ്ണ സംസ്ഥാനപാത നവീകരണത്തിന്റെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ; പദ്ധതിയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൊയിലാണ്ടി മുതൽ എരണിമാവു വരെയുള്ള റീച്ചിൽ നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാതനിർമ്മാണത്തിൽ അപാകതയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

**<u>മഞ്ചേരി മണ്ഡലത്തിലെ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുമുള്ള നടപടി</u>**

1230 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ മഞ്ചേരി ബൈപ്പാസ് 3-ാം റീച്ചിന്റെ നവീകരണം, ചെരണി-പന്നിപ്പാറ റോഡ്, മാലാംകുളം-ചെറാൻ കുത്ത്-ചെറുകുളം റോഡ് ഗതാഗത യോഗ്യമാക്കൽ എന്നിവക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് പ്രവൃത്തികൾ ദ്രുതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കണ്ടറ മണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ പുരോഗതി</u>**

1231 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ളതും നിലവിൽ നടന്നു വരുന്നതുമായ റോഡ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>റോഡുകളിലെ അപകട വളവുകൾ നിവർത്തുന്നതിനും ആവശ്യമായ ക്രാഷ് ബാരിയറുകൾ സ്ഥാപിക്കുന്നതിനും ഉള്ള നടപടി</u>**

1232 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡുകളിലെ അപകട വളവുകൾ നിവർത്തുന്നതിനും ആവശ്യമായ ക്രാഷ് ബാരിയറുകൾ സ്ഥാപിക്കുന്നതിനും ട്രാഫിക്ക് സുഗമമാക്കുന്നതിനുമുതകുന്ന തരത്തിലുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളും റോഡ് ഡിസൈനിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ;

(ബി) റോഡിന്റെ ഡിസൈനിലെ അപാകതകൾ മൂലവും അറ്റകുറ്റപണികൾ യഥാസമയം നടത്താത്തത് മൂലവും സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കാത്തത് മൂലവും സംഭവിക്കുന്ന റോഡ് അപകടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൂടി പ്രതിചേർക്കുന്ന തരത്തിൽ റോഡ് സുരക്ഷ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പിനു കീഴിൽ റോഡുകൾ

1233 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ എത്ര കിലോമീറ്റർ റോഡുകളാണ് 2016-ന് മുൻപ് ഉണ്ടായിരുന്നതെന്നും 2016 മുതൽ നാളിതുവരെ എത്ര കിലോമീറ്റർ റോഡുകൾ പുതുതായി പണിതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

1234 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയ്ക്ക് വലിയ വികസന സാധ്യത നൽകുന്ന പദ്ധതി എന്ന നിലയിൽ തങ്കളം-കാക്കനാട് നാലുവരിപ്പാത പദ്ധതി സാങ്കേതിക തടസ്സങ്ങൾ നീക്കി യാഥാർത്ഥ്യമാക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## സീബ്രാലൈനിന്റെ പുനഃസ്ഥാപനം

1235 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിലെ സീബ്രാലൈൻ മാഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സീബ്രാലൈൻ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിൽ 2024-25 ൽ റോഡ് നിർമ്മാണത്തിന് അനുവദിച്ച ഫണ്ട്

1236 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ എത്ര റോഡ് നിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച

തുക എത്രയെന്നും വ്യക്തമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം</u>**

1237 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ?

**<u>മഞ്ചേശ്വരം കുമ്പളയിൽ പുതിയ റെസ്റ്റ് ഹൗസ് കം കൺവെൻഷൻ സെന്റർ</u>**

1238 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കുമ്പളയിൽ പുതിയ റെസ്റ്റ് ഹൗസ് കം കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച പ്രപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പിന് എത്ര ഭൂമിയാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

**<u>സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ</u>**

1239 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും കണക്കിലെടുത്ത് ആർക്കിടെക്ചറൽ രീതികൾ മെച്ചപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ കെട്ടിടങ്ങളിലും സോളാർ പ്ലാന്റുകൾ, ഇലക്ട്രിക് വാഹന ചാർജിംഗ് സൗകര്യം, വാഹന പാർക്കിംഗ് സൗകര്യം, ഭൂഗർഭ മഴവെള്ള സംഭരണി തുടങ്ങി പരിസ്ഥിതി സൗഹൃദമായ നിർമ്മിതികൾ സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യകത്മാക്കുമോ?

**<u>തോണിപ്പാടം സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി</u>**

1240 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തോണിപ്പാടം ചാപ്ര ജി.എം.എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ 1 കോടി രൂപയുടെ (2023-24 പ്ലാൻ ഫണ്ട്) നിർമ്മാണ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ?

**<u>കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം</u>**

1241 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഇന്ത്യൻ കോഫി ഹൗസ് ഔട്ട് ലെറ്റ് സ്ഥാപിക്കാൻ നടപടി

1242 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കാനുള്ള അനുമതി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

1243 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ നടപടികൾക്ക് 2024-25 വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച അഞ്ചു കോടി രൂപയുടെ എസ്റ്റിമേറ്റ് സംബന്ധിച്ച നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ജില്ലാ ആസ്ഥാനത്തെ മാസ്റ്റർ പ്രൊജക്റ്റായ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ നടപടികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ 10.12.2024ന നൽകിയ പിയു/84/2024/പിഡബ്ല്യുഡി/എംപിഎം നമ്പർ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം

1244 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; എത്ര കോടിയുടെ പ്രവൃത്തിയാണ് ഇപ്പോൾ നടന്നു വരുന്നതെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ലഭ്യമാവുകയെന്നും വിശദമാക്കാമോ;

(ബി) നടുവണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവൃത്തി എഗ്രിമെന്റ് പ്രകാരം എപ്പോഴാണ് പൂർത്തീകരിക്കേണ്ടത്; നിലവിൽ റിവേഴ്സ് എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ ; വിശമാക്കാമോ ?

**<u>മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ</u>**

1245 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ മഞ്ചേരി ഫയർ സ്റ്റേഷൻ, പാണ്ടിക്കാട് ഗവൺമെൻറ് ഗസ്റ്റ് ഹൗസ് , മഞ്ചേരി ഗവൺമെൻറ് നഴ്സിംഗ് സ്കൂൾ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം</u>**

1246 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ ചെറിയകൊണ്ണി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>ഒറ്റപ്പാലം താലൂക്ക് ആശുപത്രി പേവാർഡ് നിർമ്മാണം</u>**

1247 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള 2 കോടി രൂപയുടെ ഒറ്റപ്പാലം താലൂക്ക് ആശുപത്രി പേവാർഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ; പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ ചുമതല വഹിക്കുന്ന പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്നും എന്നു മുതൽ കൈവശമിരിക്കുന്നുവെന്നും ഉള്ള വിശദ വിവരം ലഭ്യമാക്കാമോ?

**<u>കല്യാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>**

1248 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കോഴിക്കോട് പുതിയപാലത്തെ വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി</u>**

1249 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലുള്ള പുതിയപാലത്ത് വലിയ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നിലവിലെ പ്രവർത്തന വേഗം കണക്കാക്കി പദ്ധതിയുടെ പൂർത്തീകരണ സമയം അറിയിക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം-പരവൂർ സ്മാർട്ട് കൃഷി ഭവൻ നിർമ്മാണം .</u>**

1250 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ നടന്നുവരുന്ന പരവൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ കരാറുകാരന്റെ നിര്യാണത്തെ തുടർന്ന് പ്രവൃത്തി കരാർ വീണ്ടും നല്കുന്നതിന് എന്തെല്ലാം നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പുതിയ കരാർ നൽകുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് ആവശ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>കുരിശ്ശിങ്കൽ പാലം നിർമ്മാണം</u>**

1251 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ലെ ബജറ്റിൽ തുക അനുവദിക്കുകയും 10/3/2024 ലെ ജി.ഒ.(ആർ.ടി.) 334/2024/പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്ത പാലാ നിയോജകമണ്ഡത്തിൽ മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

**<u>കിടഞ്ഞി – തുരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണ പുരോഗതി</u>**

1252 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ - കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കിടഞ്ഞി - തുരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

**<u>കടവൂപുഴ പാലം</u>**

1253 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല നിയോജകമണ്ഡലം മൂന്നിലവ് പഞ്ചായത്തിലെ മൂന്നിലവ് മേച്ചാൽ - ചക്കിക്കാവ് റോഡിൽ മീനച്ചിലാറിന് കുറുകെയുള്ള കടവുപുഴ പാലം 2021-ലെ പ്രളയത്തിൽ തകർന്നതിനാൽ ജനങ്ങൾക്ക് ദൈനംദിനം കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി പാലം പുനർനിർമ്മിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പാലം നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ;

(സി) 2023-24 ബജറ്റിൽ സീരിയൽ നമ്പർ 1313 പേജ് നമ്പർ 86 പ്രകാരം എസ്റ്റിമേറ്റ് തുകയും ടോക്കൺ പ്രോവിഷൻ ലഭ്യമായിട്ടുള്ള ടി പാലം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

## വടക്കാഞ്ചേരി ബൈപ്പാസ് റെയിൽവേ മേൽപാലത്തിന്റെ രൂപരേഖ

1254 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട വടക്കാഞ്ചേരി ബൈപ്പാസിൽ നിർമ്മിക്കേണ്ട റെയിൽവേ മേൽപാലത്തിന്റെ രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

## വാമനപുരം മണ്ഡലത്തിലെ പാലം നിർമ്മാണം

1255 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സംസ്ഥാന ബഡ്ജറ്റിൽ അനുമതി ലഭിക്കുകയും പൊതുമരാമത്ത് (ബ്രിഡ്ജസ്) വിഭാഗം മുഖാന്തിരം എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്ത വാമനപുരം മണ്ഡലത്തിലെ വെള്ളയംദേശം പാലം നിർമ്മാണം (3.5 കോടി രൂപ), ജവഹർ കോളനി പാലം നവീകരണം (1.5 കോടി രൂപ) എന്നിവയുടെ ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

## തുരുത്തിമുക്ക് പാലം നിർമ്മാണം

1256 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരിയേയും കൂത്ത്പറമ്പ് മണ്ഡലത്തിലെ കരിയാടിനേയും ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് പാലത്തിന്റെ നിർമ്മാണപുരോഗതി വിശദമാക്കുമോ?

## വർക്കല മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

1257 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എത്ര റെയിൽവേ മേൽപ്പാലങ്ങളാണ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; അതിൽ ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ?

## സ്ഥലം ഏറ്റെടുപ്പ് നടപടികൾ

1258 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചാലിയാർ തോടിന് കുറുകെ ഇരുമ്പോത്തിങ്ങൽ പാലം നിർമ്മിക്കുന്നതിനും, വള്ളിക്കുന്ന്- ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെ മുനമ്പത്ത് കടവ് പാലം നിർമ്മിക്കുന്നതിനും പാലങ്ങൾക്കും അനുബന്ധ റോഡുകൾക്കുമായും സ്ഥലം ഏറ്റെടുക്കുകയും ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയർ നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചേനായി കടവിലെ പാലത്തിന്റെ നിർമ്മാണം

1259 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചേനായി കടവിൽ പാലം നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## എഴുത്തോംപാറ പാലം നിർമ്മാണം

1260 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി. നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന എഴുത്തോംപാറ പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കാവാലിപ്പുഴ മുക്കപാലം നിർമ്മാണം

1261 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാവാലിപ്പുഴ മുക്കപാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) കാവാലിപ്പുഴ ളുക്കുപാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കുമോ;

(സി) കാവാലിപ്പുഴ ളുക്കുപാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ടോ; ഇതിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## ചവറ നടപ്പാലം തകരാർ പരിഹരിച്ച് യാത്രക്കാർക്ക് തുറന്ന് കൊടുക്കാൻ നടപടി

1262 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ ചവറ പാലത്തിന് ഇരുവശത്തുമായി കാൽനടയാത്രക്കാർ ഉപയോഗിച്ചു വരുന്ന നടപ്പാലത്തിന്റെ തകരാർ പരിഹരിച്ച് ആയത് അടിയന്തരമായി തുറന്ന് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കൊടുങ്ങല്ലൂർ കുണ്ടൂർ -പായുംതുരുത്തു പാലം

1263 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ചാലക്കുടി പുഴക്കു കുറുകെ കുണ്ടൂർ -പായുംതുരുത്ത് പാലം നിർമ്മാണം സംബന്ധിച്ചു നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും പ്രവൃത്തിക്കു ഭരണാനുമതി ലഭിച്ചെങ്കിൽ അതിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

1264 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചതും ജി.എസ്.ടി. പ്രശ്നത്താൽ കഴിഞ്ഞ ഒന്നര വർഷമായി നിർമ്മാണം നിലച്ചിരിക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ഫയൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലുകളിൽ ജി.എസ്.ടി. പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കാക്കാതോട് പാലം പുനർനിർമ്മാണം

1265 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടപ്പടി റോഡിൽ ആര്യവൈദ്യശാലയ്ക്ക് സമീപമുള്ള കാക്കതോട് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സ്ഥലലഭ്യത ഉറപ്പ് വരുത്തുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വൈക്കം ചെമ്പ് വാലയിൽകടവ് പാലം നിർമ്മാണം

1266 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ചെമ്പ്-വാലയിൽകടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ടെൻഡർ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ വ്യക്തമാക്കുമോ?

## പാറ മണ്ണ്ക്കാട് പാലം നിർമ്മാണ പ്രവൃത്തി

1267 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പാറമണ്ണ്ക്കാട് പാലം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പാലത്തിന്റെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; മുഴുവൻ പണികളും പൂർത്തിയാക്കി പാലം എന്ന് ജനങ്ങൾക്ക് തുറന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ നുച്യാട് പാലം നിർമാണം

1268 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവയുടെ ഭാഗമായി നുച്യാട് പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പുതുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇരിക്കൂർ മണ്ഡലത്തിലെ പ്രസ്തുത പാലം നിർമ്മാണത്തിന് ഭരണാനുമതി പുതുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## കാവാലം-തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം

1269 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കാവാലം-തട്ടാശ്ശേരി പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് എന്നാണ് പൂർത്തീകരിച്ചതെന്നും എത്ര രൂപയാണ് സ്ഥലം ഏറ്റെടുത്ത ഇനത്തിൽ വിതരണം നടത്തിയതെന്നും ഇനി നൽകാനുള്ള തുക എത്രയെന്നും അറിയിക്കാമോ;

(സി) തട്ടാശ്ശേരി പാലത്തിന്റെ ടെണ്ടർ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പുതുക്കിയ സാമ്പത്തിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് കിഫ്ബിയിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) കുട്ടനാടിന്റെ വടക്കൻ മേഖലയിലെ ജനങ്ങൾ നേരിടുന്ന യാത്രാ പ്രതിസന്ധി കണക്കിലെടുത്ത് കാവാലം-തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള അനുമതി

1270 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ 2016-17 മുതൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും ഓരോന്നിനും എത്ര രൂപ വീതം ഫണ്ട് അനുവദിച്ചുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി

1271 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലൂരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പാലത്തിനായുള്ള ഡി.പി.ആർ പുതുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ആയത് സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് ഓഫീസുകൾ

1272 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് ആവശ്യത്തിന് ഓഫീസുകളും ജീവനക്കാരും ഇല്ലാത്തതിനാൽ വകുപ്പിന്റെ റോഡ്, കെട്ടിടം, പാലം വിഭാഗങ്ങളിലെ

ജീവനക്കാരുടെ അമിതജോലിഭാരം വികസന പ്രവർത്തങ്ങളെ ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പതിനാറ് നിയമസഭാ മണ്ഡലങ്ങളുള്ള ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ സെക്ഷൻ/ഡിവിഷൻ ഓഫീസുകളുടെ അപര്യാപ്തത മൂലമുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എൻജിനീയർ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ അനുകൂല നടപടികൾ സ്വീകരിച്ച് ജില്ലയിൽ പുതിയ സെക്ഷൻ/ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>പൊതുമരാമത്ത് ആർക്കിടെക്ച്ചർ വിഭാഗം</u>

1273 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫണ്ട് അനുവദിക്കപ്പെട്ടിട്ടും പൊതുമരാമത്ത് ആർക്കിടെക്ച്ചർ വിഭാഗത്തിന്റെ മെല്ലെപ്പോക്ക് മൂലം പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ആർക്കിടെക്ച്ചർ വിഭാഗത്തിൽ ആകെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും ഇതിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും മേഖല കാര്യാലയങ്ങൾ തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽ ആകെ എത്ര ഫയലുകളാണ് നിലവിൽ തീർപ്പാക്കാനുള്ളതെന്ന് മേഖല കാര്യാലയവും വർഷവും തിരിച്ച് അറിയിക്കാമോ;

(ഡി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി 2023-ൽ നിയോഗിച്ച ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പർച്ചേസ്, ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ, അനധികൃത സ്ഥാനക്കയറ്റങ്ങൾ തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായോ; മറ്റെന്തൊക്കെ പ്രധാന കണ്ടെത്തലുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഇ) അഡ്മിനിസ്ട്രേഷൻ വിഭാഗത്തിന്റെ നിയന്ത്രണത്തിലല്ലാതെയാണോ ആർക്കിടെക്ച്ചർ വിഭാഗം പ്രവർത്തിക്കുന്നത്; പൊതുമരാമത്ത് വകുപ്പിൽ ഏതൊക്കെ വിഭാഗങ്ങളാണ് ഇപ്രകാരം അഡ്മിനിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാതെ പ്രവർത്തിക്കുന്നത്; ഇവ അപ്രകാരം പ്രവർത്തിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) ആർക്കിടെക്ച്ചർ വിഭാഗത്തിലെ ഫയലുകൾ പൂർണമായും ഇ-ഓഫീസ് സംവിധാനം മുഖേനയാണോ കൈകാര്യം ചെയ്യുന്നത്; വിഭാഗത്തിലെ ഫയലുകൾ സംബന്ധിച്ച വിവരങ്ങൾ സിറ്റിസൺ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഉടനടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## വൻകിട ചെറുകിട പ്രോജക്ടുകളിൽ ഏറ്റെടുത്ത കരാർ പ്രകാരമുള്ള പ്രവർത്തികൾ

1274 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൻകിട ചെറുകിട പ്രോജക്ടുകളിൽ ഏറ്റെടുത്ത കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തികരിക്കാതെ പ്രവൃത്തി ഉപേക്ഷിച്ച് പോയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് നൽകാമോ;

(ബി) ഇത്തരം പ്രവൃത്തികളുടെ പേര്, കരാറുകാരുടെ പേര്, അടങ്കൽ തുക, പൂർത്തീകരിച്ച പ്രവൃത്തികളുടെ ശതമാനം, നൽകിയ തുക എന്നിവ സംബന്ധിച്ച വിവരം നൽകാമോ;

(സി) ഇത്തരം പ്രവൃത്തികളുടെ കരാർ ലംഘിച്ചതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇടക്ക് വെച്ച് പ്രവൃത്തികൾ പൂർത്തിയാകാതെ വന്നതുമൂലം റീ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരങ്ങൾ, റേറ്റിൽ വന്ന വ്യതിയാനം എന്നിവ വ്യക്തമാക്കാമോ;

(ഇ) ആദ്യം കരാർ എടുത്ത കമ്പനിയും റീ ടെണ്ടർ എടുക്കുന്ന കമ്പനിയും തമ്മിൽ എന്തെങ്കിലും സാമ്പത്തിക ഇടപാടുകൾ ഉദ്യോഗസ്ഥ ഒത്താശയോടെ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള നബാർഡ് നിബന്ധന

1275 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് മിനിമം തുക നിശ്ചയിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അമ്പായത്തോട്-ഈരൂട്-കോടഞ്ചേരി റോഡും ഈരൂട് പാലവും ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സി.ആർ.ഐ.എഫ്. പദ്ധതിയിലെ കേന്ദ്ര സർക്കാർ വിഹിതം

1276 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഐ.എഫ്. പദ്ധതിയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഏറ്റവും ഒടുവിൽ ഏത് സാമ്പത്തിക വർഷമാണ് തുക അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തുടർ വർഷങ്ങളിൽ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഏതൊക്കെ തീയതികളിലാണ് നൽകിയിരുന്നതെന്ന് വിശദമാക്കാമോ; ആയത് അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ തുക ലഭ്യമാകാതിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2024-25 വർഷത്തിൽ കേന്ദ്രത്തിലേയ്ക്ക് പുതിയ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ**

1277 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നൽകിയിട്ടുണ്ടെന്ന വിവരം നൽകാമോ; വിശദമാക്കാമോ ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ മുഖേനയല്ലാതെ നൽകിയിട്ടുണ്ടെന്നും ടെൻഡർ മുഖേനയല്ലാതെയുള്ള പ്രവൃത്തികൾക്ക് നൽകിയ പരമാവധി തുക എത്രയാണെന്നും വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സൊസൈറ്റിക്ക് ലഭിച്ച പ്രവൃത്തികളിൽ, എൽ 1 കരാറുകാരൻ അല്ലാതിരുന്നിട്ടും പത്ത് ശതമാനത്തിൽ താഴെയോ അതിന് തുല്യമോ ആയ തുകയുടെ അടിസ്ഥാനത്തിൽ സൊസൈറ്റിക്ക് മുൻഗണന നൽകിയതിനാൽ എത്ര പ്രവൃത്തികൾ ലഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇപ്രകാരം നൽകിയതെന്നും വ്യക്തമാക്കുമോ?

**എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ**

1278 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിൽ എസ്.എൽ.ടി.എഫ്. ഇനത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ പേരും തുകയും തീയതികളും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എസ്.എൽ.ടി.എഫ്. ഇനത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നിലവിലുള്ള പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്ന് ഓരോന്നിന്റെയും ഫയൽ നമ്പർ സഹിതം ഇനം തിരിച്ച് വിശദമാക്കുമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ എസ്.എൽ.ടി.എഫ്. ഇനത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ പേരും തുകയും മണ്ഡലം തിരിച്ച് വിശദമാക്കുമോ?

**ബീച്ച് കോറിഡോർ പദ്ധതി**

1279 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാധ്യതകളുള്ള ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിൽ 2017-ൽ 4.50 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ബീച്ച് കോറിഡോർ പദ്ധതി ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും അപാകതകൾ പരിഹരിച്ച് പുതുക്കിയ

ഭരണാനുമതിയോടുകൂടി നടപ്പിലാക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) വർഷങ്ങളായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സി.ആർ.ഇസഡ് ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതി റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ കെല്ലിന് എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

1280 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയുടെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സാങ്കേതികവിദ്യകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് പ്രവൃത്തി വിലയിരുത്തുന്നതിന് പി.ഡബ്ല്യു.ഡി. മിഷൻ, ഡി.ഐ.സി.സി., സി.എം.റ്റി. തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

## ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

1281 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചവ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും നിർമ്മാണം പൂർത്തീകരിക്കുവാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളുടേയും പൂർത്തീകരണം

1282 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ മണ്ണുത്തി-ഇടപ്പള്ളി ഭാഗത്ത് ദേശീയപാത അതോറിറ്റിയും കരാർ കമ്പനിയുമായുണ്ടായിരുന്ന കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ബസ്സ്ബേകൾ, ബസ്സ് ഷെൽട്ടറുകൾ, സുരക്ഷാ സംവിധാനങ്ങൾ, ആംബുലൻസുകൾ, സ്ട്രീറ്റ് ലൈറ്റുകൾ തുടങ്ങി പല പ്രവൃത്തികളും ഇനിയും പൂർത്തീകരിക്കാനുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളുൾപ്പെടെ പൂർത്തിയാക്കുന്നതിനും പുതുതായി നിർമ്മിക്കേണ്ട പ്രവൃത്തികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പുതുക്കാട് ഓവർബ്രിഡ്ജ്, ആമ്പല്ലൂർ, പേരാമ്പ്ര, മുരിങ്ങൂർ, കൊരട്ടി, ചെറങ്ങര എന്നിവിടങ്ങളിലെ അണ്ടർ പാസ്സേജുകൾ എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ?

## <u>കോതമംഗലം, മൂവാറ്റുപുഴ എന്നീ ബൈപ്പാസുകളുടെ നിർമ്മാണം</u>

1283 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 85-ൽ കോതമംഗലം, മൂവാറ്റുപുഴ എന്നീ രണ്ട് ബൈപ്പാസ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസ് പദ്ധതികളിന്മേൽ സർക്കാർ നാളിതുവരെ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## <u>ദേശീയപാത 66 വികസനം</u>

1284 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 വികസനത്തിന്റെ ഫലമായി മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നേരത്തെയുണ്ടായിരുന്ന ഓട്ടോ, മറ്റ് ടാക്സി സ്റ്റാൻഡുകൾ എന്നിവക്ക് ആവശ്യമായ സ്ഥല സൗകര്യങ്ങൾ നിലവിലില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതപ്രദേശത്തെ ദേശീയപാതയുടെ വിവിധ ഭാഗങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കുന്നതിനാവശ്യമായ അധികഭൂമി ഏറ്റെടുക്കണമെന്ന് ദേശീയപാത അതോറിറ്റിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യത്തിൽ 45 മീറ്ററിന് പുറമേയുള്ള അധിക സ്ഥലം ഏറ്റെടുക്കുന്നതിനു ദേശീയപാത വിഭാഗം തയ്യാറായില്ലെങ്കിൽ ഓട്ടോ, ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ദേശീയപാത 66 നിർമ്മാണം നടന്നുകൊണ്ടിരിക്കുമ്പോൾ പാതയുടെ വിവിധ ഭാഗങ്ങളിൽ വാഹനം പാർക്ക് ചെയ്യുമ്പോൾ പോലീസ് സഹായത്തോടെ അമിതമായ ഫൈൻ ഈടാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ടാക്സി തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം പുന:സ്ഥാപിക്കുന്നതിന് പ്രത്യേക പരിഗണന നൽകി അവരെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് ദേശീയപാത വിഭാഗത്തിന് സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വ്യക്തമാക്കുമോ;

(ഡി) ദേശീയപാത 66 ൽ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെ പലയിടങ്ങളിലും ബസ് സ്റ്റോപ്പുകൾ സ്ഥാപിക്കുന്നതിനും ജംഗ്ഷൻ ഇപ്രൂവ്മെന്റിനും വേണ്ടത്ര സ്ഥലം ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന്

ആവശ്യമായ അധികഭൂമി ഏറ്റെടുക്കുന്നതിന് ദേശീയപാത വിഭാഗത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; അതിൻറെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട് കാക്കഞ്ചേരി ജംഗ്ഷനിലെ കാക്കഞ്ചിരി-കൊട്ടപ്പുറം റോഡ്, ചേളാരി-മാതാപ്പുഴ റോഡ് ജംഗ്ഷൻ, ഇടിമുഴിക്കൽ അങ്ങാടി എന്നിവിടങ്ങളിൽ പ്രധാന പൊതുമരാമത്ത് റോഡ്, മറ്റു റോഡ് എക്സിറ്റ്-എൻട്രികൾ ഇടുങ്ങിയ രീതിയിലായതിനാൽ ജംഗ്ഷനുകളിൽ ഗതാഗത കുരുക്ക് നിലവിലുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ അധികഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ അധികഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ദേശീയപാത വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടോ?

## ദേശീയപാത പദ്ധതികളുടെ സ്ഥലമേറ്റെടുപ്പിനായി തുക

1285 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതം പൂർണ്ണമായും നൽകാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കേന്ദ്ര സർക്കാരിനെ അറിയിച്ചിരിക്കുന്ന കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാത നിർമാണ സാമഗ്രികളുടെ ജി.എസ്.ടി. വേണ്ടെന്നുവെച്ചാൽ സ്ഥലമേറ്റെടുപ്പിനുള്ള സംസ്ഥാന വിഹിതം നൽകേണ്ടതില്ലെന്ന് കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

## അടിമാലി ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ തരിശു ഭൂമി

1286 **ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ദേവികുളം മണ്ഡലത്തിലുള്ള അടിമാലി ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിന് കീഴിൽ തരിശു ഭൂമി ലഭ്യമാണോ; ലഭ്യമാണെങ്കിൽ എത്ര സെന്റ് സ്ഥലം ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വസ്തുവിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പൊതു മരാമത്ത് പ്രവൃത്തികളിലെ കാലതാമസം

1287 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ കെ.എസ്.ഇ.ബി. ലൈൻ വലിക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) റോഡിന്റെ നവീകരണ പ്രവൃത്തികൾ നടത്തുമ്പോൾ പോസ്റ്റുകളും യു.ജി. കേബിളുകളും മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യ്ക്ക് വരുന്ന ചെലവ് പൊതുമരാമത്ത് വകുപ്പാണോ വഹിയ്ക്കുന്നത് ; ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നത് പൊതുമരാമത്ത് പ്രവൃത്തികൾ വൈകാൻ ഇടയാക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ സൗജന്യമായി അനുവദിക്കുന്നത്</u>

1288 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് എം.എൽ.എമാർ നടത്താറുള്ള പൊതുമരാമത്ത് വകുപ്പിന്റേതൊഴികെയുള്ള എല്ലാ റിവ്യൂ മീറ്റിംഗുകൾക്കും മറ്റ് ഔദ്യോഗിക യോഗങ്ങൾക്കും വാടക ഈടാക്കുന്നുണ്ടോ; സർക്കാർ വകുപ്പുകളുടെ പ്രവർത്തനവും മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതിയും വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ നടത്തുന്ന ഔദ്യോഗിക യോഗങ്ങൾക്ക് റസ്റ്റ് ഹൗസ് മീറ്റിംഗ് ഹാൾ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഔദ്യോഗിക യാത്രകളുടെ ഭാഗമായി കേരളത്തിലെ വിവിധ ഭാഗങ്ങളിലേക്ക് സാമാജികർക്കൊപ്പം യാത്ര ചെയ്യേണ്ടിവരുന്ന അഡീഷണൽ പി.എ/ഡ്രൈവർമാർ എന്നിവർക്ക് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ ഡി.എ. നിരക്കിൽ റൂം അനുവദിക്കുന്നതിന് നടപടി സ്വികരിക്കുമോ; വിശദമാക്കാമോ?

## <u>ഒട്ടുമ്മൽ ഡ്രൈനേജ്</u>

1289 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽപ്പെട്ട ഒട്ടുമ്മൽ ഡ്രൈനേജ് തകർന്നതിനാൽ റോഡിലും പ്രദേശത്തും മലിനജലം കെട്ടിനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ചീഫ് എൻജിനീയറുടെ ഓഫീസിലെ മുൻഗണന ലിസ്റ്റിൽ ഒരു വർഷത്തോളമായി ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്നറിയിക്കുമോ; ഇല്ലെങ്കിൽ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ട അടിയന്തിര സ്വഭാവമുള്ള ഈ പ്രവൃത്തിക്ക് ഭരണാനുമതി വൈകുന്നതിനുള്ള കാരണം എന്തെന്നറിയിക്കുമോ ; വിശദമാക്കാമോ?

## <u>പൂരപ്പുഴ ഡ്രൈനേജ് നിർമ്മാണം</u>

1290 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂർ കടലുണ്ടി പി.ഡബ്ല്യു.ഡി. റോഡിൽപ്പെട്ട പൂരപ്പുഴ ഡ്രെയിനേജ് നിർമ്മാണ അനുമതിക്കുള്ള ഫയൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ ഓഫീസിൽ ഒരു വർഷത്തിൽ കൂടുതലായി അനുമതി ലഭിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ മലപ്പുറം ജില്ലയിലെ പ്രധാന റോഡായ തിരൂർ-കടലുണ്ടി റോഡിൽ പൂരപ്പുഴ ചിറമംഗലം ഭാഗത്ത് വെള്ളം കെട്ടിനിൽക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഫയൽ നമ്പർ (പ്രൈസ് ഐഡി)-11728/2023/ആർ.ഡി. പ്രകാരമുള്ള പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേക്ക് ഭരണാനുമതി നൽകുമെന്ന് വിശദമാക്കാമോ?

## കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണം

1291 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ ടെർമിനൽ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾക്കായുള്ള റിക്വിസിഷൻ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; പ്രസ്തുത റിക്വിസിഷൻ തയ്യാറാക്കി നൽകേണ്ട പാലങ്ങൾ വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ ഇതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 04.02.2023 തീയതിയിലെ (സാധാ) നം.121/2023/പൊ.മ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലമേറ്റെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പി.ഡബ്ല്യൂ.ഡി കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

1292 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കിയ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം, റോഡ് വിഭാഗം ഉൾപ്പടെ ഓരോ വിഭാഗവും നൽകാനുള്ള കുടിശിക തുകകൾ തരംതിരിച്ച് ലഭ്യമാകുമോ;

(സി) കുടിശ്ശികത്തുകകളുടെ വർദ്ധനവ് മൂലം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാട്ടുന്നതായും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും ഉള്ള ആരോപണങ്ങൾ പരിശോധിക്കുകയുണ്ടായോ;

(ഡി) കുടിശികത്തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റിന്റെ റിപ്പോർട്ട്

1293 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്താൻ നിയോഗിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റിന്റെ റിപ്പോർട്ടിൽ വകുപ്പ് അഴിച്ചു പണിയണമെന്ന് പരാമർശമുണ്ടോ ; എങ്കിൽ വിശദമാക്കാമോ;

(ബി) റോഡുകൾ വേഗം പൊളിയുന്നതിനുള്ള കാരണം ഗുണനിലവാരം കർശനമാക്കാത്തതാണ് എന്നും ഗുണനിലവാര പരിശോധന കാര്യക്ഷമമായി നടക്കാത്തതാണ് എന്നും റിപ്പോർട്ടിൽ കണ്ടെത്തുകയുണ്ടായോ; വ്യക്തമാക്കുമോ ;

(സി) മറ്റെന്തെല്ലാം പ്രധാനപ്പെട്ട കണ്ടെത്തലുകളാണ് റിപ്പോർട്ടിൽ ഉള്ളതെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തിരുത്തൽ നടപടികളാണ് സർക്കാർ സ്വികരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

## അരുവിക്കര ഡാമിലെ ശിവാപാർക്ക് നവീകരണം

1294 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലെ ശിവാപാർക്ക് നവീകരണവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; കേരള വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമായ സാഹചര്യത്തിൽ നിർവ്വഹണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പമ്പ് ഹൗസ് നിർമ്മാണം

1295 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി പഞ്ചായത്തിൽ ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡിന്റെ വലതുവശത്ത് (സിഎച്ച്: 11/500) മാസ്റ്റേഴ്സ് ഹാളിന് സമീപം കുടിവെള്ള പദ്ധതിയ്ക്കായി പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യപ്പെട്ടുകൊണ്ട് വാടാനപ്പള്ളി പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച കത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) വാഹന ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും ബുദ്ധിമുട്ടില്ലാതെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്ന പ്രസ്തുത പമ്പ് ഹൗസ് നിർമ്മാണത്തിന് എൻ. ഒ. സി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

## തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ പാവറട്ടി സെന്റർ നവീകരണം

1296 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബഡ്ജറ്റിൽ തുക അനുവദിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ള തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി റോഡ് വീതി കൂട്ടുന്നതിനും സ്ഥലം ഏറ്റെടുക്കുന്നതിനും സെന്റ് ജോസഫ് ആശ്രമത്തിന്റെ ചുറ്റുമതിൽ പുനർ നിർമ്മിക്കുന്നതിനുമുള്ള അനുമതിയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>തുറവൂർ വേ-സൈഡ് പാർക്ക്</u>

1297 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ വേ-സൈഡ് പാർക്ക് കാടുകയറിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് പ്രസ്തുത വേ-സൈഡ് പാർക്ക് ടെണ്ടർ ചെയ്ത് കൊടുക്കുന്നതിനുവേണ്ടി ആലപ്പുഴ ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിൽ(ഡി.ടി.പി.സി.) ക്ഷണിച്ച ടെണ്ടറിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>ഹെലി ടൂറിസം പദ്ധതി</u>

1298 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെലി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനമുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഹെലി ടൂറിസം നയം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി ആദ്യ ഘട്ടത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആരംഭിക്കുന്ന കാര്യമാണ് പരിഗണിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

## <u>വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടികൾ</u>

1299 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ സ്വദേശ-വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ്

സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) കേരളത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലിവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച വിശദാംശം നൽകാമോ?

## ഹരിപ്പാട് വലിയഴീക്കൽ ടൂറിസം പദ്ധതി

1300 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ പ്രോജക്ട് അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഹെലിടൂറിസം പദ്ധതി

1301 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ഹെലികോപ്റ്റർ സർവീസുകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഹെലിടൂറിസം പദ്ധതിയുടെ ഏകോപന ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഹെലിപാഡും ഹെലിസ്റ്റേഷനുകളും നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) ഇതിനായി സർവ്വെയും സാധ്യതാപഠനവും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സീപ്ലെയിൻ പദ്ധതി

1302 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി കടലിലും കായലിലും ചെറിയ റൺവേകളിലും ഇറങ്ങാൻ കഴിയുന്ന സീപ്ലെയിൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയ്ക്ക് ഗുണകരമായ പ്രസ്തുത പദ്ധതി നടത്തിപ്പിന് ടൂറിസം സംരംഭകരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>സാഹസിക വിനോദസഞ്ചാരം</u>**

1303 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാര മേഖലയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ എന്തൊക്കെ നടപടികളാണ് പുതുതായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>ആക്കുളം ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതി</u>**

1304 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതിയുടെ നടത്തിപ്പിനായി വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്ന സ്ഥാപനത്തെ തിരുവനന്തപുരം ഡി.ടി.പി.സി. തെരഞ്ഞെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലെഷർ ആന്റ് അഡ്വെഞ്ചർ പദ്ധതിയ്ക്കായി തിരുവനന്തപുരം ഡി.ടി.പി.സി. ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി.യുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം ഡി.ടി.പി.സി. വിളിച്ച പ്രസ്തുത ടെൻഡറിൽ പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ആദ്യം നിശ്ചയിച്ച പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) തിരുവനന്തപുരം ഡി.ടി.പി.സി വിളിച്ച പ്രസ്തുത ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും എത്ര തുകയാണ് ഓരോ സ്ഥാപനവും ക്വാട്ട് ചെയ്തതെന്നും വിശദമാക്കാമോ?

**<u>ടൂറിസം ഇൻവസ്റ്റേഴ്സ് മീറ്റ്</u>**

1305 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഇൻവസ്റ്റേഴ്സ് മീറ്റ് വഴി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ പുതുതായി ലഭിച്ച നിക്ഷേപങ്ങളെക്കുറിച്ച് വിശദമാക്കാമോ?

**<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>**

1306 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതൊക്കെ ടൂറിസം ഡെസ്റ്റിനേഷനുകളിലാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൂടുതൽ ഡെസ്റ്റിനേഷനുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ?

## ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി

1307 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം-വനമേഖലയിൽ, ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ആയതിന് ഭരണാനുമതിയും ലഭിച്ച സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ (വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന തയ്യാറാക്കി സമർപ്പിച്ച 5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് അനുമതിയും ബാക്കി ഫണ്ടും അനുവദിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുമോ; വിശദമാക്കുമോ?

## ചുങ്കാംപാറ എക്കോ ടൂറിസം പദ്ധതി

1308 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ചുങ്കാംപാറ എക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കാനാകുമെന്നും എത്ര നാൾ കൊണ്ട് പൂർത്തീകരിക്കാനാകുമെന്നതും സംബന്ധിച്ച് വിശദമാക്കാമോ?

## ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള എരുമേലി പിൽഗ്രിം അമിനിറ്റി സെന്റർ

1309 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള എരുമേലി പിൽഗ്രിം അമിനിറ്റി സെന്ററിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള 1 കോടി 50 ലക്ഷം

രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സർക്കാർ അതിഥി മന്ദിരങ്ങളിൽ വാടക ഇളവ്

1310 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് സർക്കാർ അതിഥി മന്ദിരങ്ങളിൽ വാടക ഇനത്തിൽ ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ടൂറിസം സർക്യൂട്ട്

1311 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ പൈതൽമല, പാലക്കയംതട്ട്, കാഞ്ഞിരകൊല്ലി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ട് നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കയംതട്ട് ടൂറിസം കേന്ദ്രം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾ

1312 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം മേഖലയിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച് പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി നല്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഭരണാനുമതി നല്കിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ടൂറിസം പാർക്ക്

1313 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിൽ ടൂറിസം പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലുള്ള മഞ്ചേരിയിലെ ചെരണിയിൽ നിലവിലുള്ള ടൂറിസം പാർക്ക് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത വിധം ശോചനീയമായ

അവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ടൂറിസം പാർക്ക് പുനരുദ്ധരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപറേഷൻ ജീവനക്കാരുടെ വിരമിക്കൽ പ്രായം</u>**

1314 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപറേഷനിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി</u>**

1315 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ യാത്രി നിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതി ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ;

(സി) നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും നിർവ്വഹണ ഏജൻസി ആവശ്യപ്പെട്ട പ്രകാരം കരാറുകാരൻ പൂർത്തീകരണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

**<u>ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്</u>**

1316 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഗ്ലാസ് ബ്രിഡ്ജ് നിർമ്മിക്കുമ്പോൾ പാലിക്കേണ്ട എല്ലാവിധ സുരക്ഷാ മാർഗ്ഗനിർദേശങ്ങളും പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനാ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>ബേക്കൽ ബീച്ച് ഫെസ്റ്റിവൽ</u>**

1317 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ബീച്ച് ഫെസ്റ്റിവൽ ഒന്ന്, രണ്ട് സീസണുകൾ പ്രത്യേക സംഘാടക സമിതി രൂപീകരിച്ചാണോ നടത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) സംഘാടക സമിതിയിൽ ആരൊക്കെ ഉണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(സി) ബേക്കൽ ബീച്ച് ഫെസ്റ്റിവലിന് വേണ്ടി സംഘാടക സമിതിക്ക് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെൻറ് കോർപറേഷന്റെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

## ബാപ്പുജി പാർക്ക് നവീകരണം

1318 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ ഒരു കോടി രൂപയുടെ 'ബാപ്പുജി പാർക്ക് നവീകരണം' എന്ന ടൂറിസം വകുപ്പിന് നിർവ്വഹണച്ചുമതലയുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. എന്നാണ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രവൃത്തിയുടെ ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥ തലത്തിലാണ് ഉള്ളത്; എന്നു മുതൽ; വിശദവിവരം ലഭ്യമാക്കാമോ?

## ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം

1319 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി തിരുവനന്തപുരം ഡി.ടി.പി.സി. തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രായിരുന്നുവെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സ്വദേശ് ദർശൻ പദ്ധതി

1320 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശ് ദർശൻ പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വിഭാഗം മുഖേനയും കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി മുഖേനയും നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## മേലേക്കടവ് ടൂറിസം പദ്ധതി

1321 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർകാവ് മണ്ഡലത്തിലെ മേലേക്കടവിൽ പ്രഖ്യാപിച്ച ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേലേക്കടവ് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**കരിമ്പുഴ പുഴയിൽ ബോട്ടിംഗും അനുബന്ധ പ്രവൃത്തികളും അപ്രോച്ച് റോഡ് നിർമ്മാണവും**

1322 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ ബാപ്പുജി പാർക്കിന് സമീപം കരിമ്പുഴ പുഴയിൽ ബോട്ടിംഗും അനുബന്ധ പ്രവൃത്തികളും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തിയുടെ നിർവഹണം ടൂറിസം വകുപ്പാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി**

1323 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം (എ) വകുപ്പിന്റെ 5.10.2024-ലെ ജി.ഒ.(സാധാ.)നം. 569/2024/ടി.എസ്.എം. എന്ന നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ബജറ്റിൽ രണ്ട് കോടി രൂപ അടങ്കൽ തുകയും 20% ടോക്കൺ പ്രൊവിഷനും നൽകി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവിൽ ഏതെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഹെലി ടൂറിസം പദ്ധതി**

1324 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന ഹെലി ടൂറിസം പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) വാമനപുരം മണ്ഡലത്തിലെ മലയോര ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയുമായി ബന്ധിപ്പിച്ച് ഹെലി ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**നെയ്യാറ്റിൻകര ഊരാറ്റിൻപുറം ടൂറിസം കേന്ദ്ര നിർമ്മാണം**

1325 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം കേന്ദ്രത്തിൽ ഇറിഗേഷൻ വിഭാഗം മുഖേന നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തികൾക്കായി, ഡി.റ്റി.പി.സി. യ്ക്ക് നൽകിയ ഡി.പി.ആർ. അംഗീകരിച്ച് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇറിഗേഷൻ വിഭാഗം എത്ര തുകയുടെ ഡി.പി.ആർ. ആണ് നൽകിയതെന്നും 2024-ൽ ഏതു മാസത്തിൽ ആണ് പ്രസ്തുത ഡി.പി.ആർ. നൽകിയത് എന്നും വ്യക്തമാക്കാമോ?

## <u>ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല് വിനോദസഞ്ചാര കേന്ദ്രങ്ങൾ</u>

1326 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിലെ ഇലവീഴാപൂഞ്ചിറയിലും മൂന്നിലവ് പഞ്ചായത്തിലെ ഇല്ലിക്കക്കല്ലിലും ഭരണങ്ങാനം പഞ്ചായത്തിലെ വിശുദ്ധ അൽഫോൺസാമ്മയുടെ തീർത്ഥാടന കേന്ദ്രത്തിലും ദിവസേന ആയിരിക്കണക്കിന് ആളുകൾ എത്തിച്ചേരുന്നതിനാൽ പ്രസ്തുത സ്ഥലങ്ങൾ ടൂറിസം മാപ്പ് ഓഫ് ഇന്ത്യയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ജനത്തിരക്ക് കൂടിവരുന്നതിനാൽ വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം</u>

1327 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി.യുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ടെൻഡറിലെ പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യം നിശ്ചയിച്ചിരുന്ന പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷനിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം ഡി.റ്റി.പി.സി. വിളിച്ച പ്രസ്തുത ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും എത്ര തുകയാണ് ഓരോ സ്ഥാപനവും ക്വാട്ട് ചെയ്തതെന്നും അറിയിക്കുമോ;

(ഇ) ഏത് സ്ഥാപനത്തിനാണ് പ്രസ്തുത നിർമ്മാണ കരാർ നൽകിയതെന്ന് അറിയിക്കുമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്ക് വേ</u>

1328 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്ക് വേ-II സൗന്ദര്യ പുനരുദ്ധാരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചതിന് ശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ജലസേചന വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് തിരമാല പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയത് ഏത് ഏജൻസിയാണ് നൽകേണ്ടത്; വിശദാംശം ലഭ്യമാക്കാമോ?

## വിനോദസഞ്ചാര മേഖലയിലെ വരുമാനം

1329 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ നാളിതുവരെ ഓരോ വർഷവും ടൂറിസം മേഖലയിൽ നിന്നും ലഭിച്ച വരുമാനം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ?

## പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

1330 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം, ചെലവഴിക്കുന്ന തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഡി.ടി.പി.സി. മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(സി) ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള ടൂറിസം പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഭരണാനുമതി ലഭ്യമായതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതെന്നും അതിൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും ടെൻഡർ നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

## വിനോദസഞ്ചാര വകുപ്പിന്റെ നൂതന പദ്ധതികൾ

1331 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പാലങ്ങളുടെ അടിഭാഗം ആകർഷകമാക്കി ഉപയോഗിക്കുന്നതും ദീപാലംകൃതമാക്കുന്നതുമായ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## അഴീക്കോട് മുനക്കൽ ബീച്ച് ബ്ലൂടാക് രജിസ്ട്രേഷൻ

1332 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിൽ ഒന്നായ അഴീക്കോട് മുനക്കൽ ബീച്ചിന്റെ ബ്ലൂടാഗ് രജിസ്ട്രേഷൻ സംബന്ധിച്ചുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) അഴിക്കോട് മുനക്കൽ ബീച്ചിൽ സ്പോർട്സ് ടൂറിസവുമായി ബന്ധപ്പെട്ട് വിനോദോപാധികൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) പുതുവത്സരത്തിൽ നടത്തിയ ബീച്ച് ഫെസ്റ്റിവലിൽ അൽഭുതാവഹമായ രീതിയിലുള്ള ജനക്കൂട്ടം പങ്കെടുത്തതിനാൽ ഇത് തുടർവർഷങ്ങളിൽ നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായി മാറാൻ സാധിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് അഴിക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

1333 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി ലണ്ടൻ വേൾഡ് ട്രാവൽ മാർക്കറ്റിലെ പങ്കാളിത്തം ഗുണകരമാകുമോ; വിശദീകരിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ടിന് ഈ രംഗത്ത് സ്വീകാര്യത ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തേക്ക് എത്തിച്ചേർന്ന വിനോദസഞ്ചാരികളുടെ എണ്ണം ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ?

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടൂറിസം കരാർ

1334 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ടൂറിസം വകുപ്പ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് എത്ര കോടി രൂപയുടെ പ്രവൃത്തികൾ നൽകിയിട്ടുണ്ടെന്ന വിവരം നൽകാമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ നടപടികളില്ലാതെ നൽകിയിട്ടുണ്ട്; ടെൻഡർ നടപടികളില്ലാതെയുള്ള പ്രവൃത്തികൾക്ക് നൽകിയ പരമാവധി തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ലഭിച്ച പ്രവൃത്തികളിൽ എൽ 1 കരാറുകാരൻ അല്ലാതിരുന്നിട്ടും പത്ത് ശതമാനത്തിൽ താഴെയോ അതിന് തുല്യമോ ആയ തുകയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സൊസൈറ്റിക്ക് മുൻഗണന നൽകിയതിനാൽ എത്ര പ്രവൃത്തികൾ ലഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇപ്രകാരം നൽകിയതെന്നും വ്യക്തമാക്കുമോ?

## വിദേശ വിനോദസഞ്ചാരികൾക്ക് പരുക്കേറ്റ സംഭവം

1335 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിൽ തകർന്നു കിടന്ന ഓടയിൽ വീണ് വിദേശ വിനോദസഞ്ചാരിക്ക് പരുക്കേറ്റ സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സമാനമായ സംഭവം കോവളത്തും ഉണ്ടായതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## സ്ത്രീ സൗഹൃദ വിനോദസഞ്ചാര മേഖല

1336 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സൗഹൃദ വിനോദസഞ്ചാര മേഖലയെന്ന ലക്ഷ്യം നേടുന്നതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മേഖലയെ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന നയപരിപാടികളെക്കുറിച്ച് വിശദമാക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്ര സ്ത്രീ സംരംഭങ്ങളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആർ.ടി. മിഷന്റെ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയിലൂടെ 2025-ഓടെ എത്ര സ്ത്രീ സംരംഭങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ?

**ടൂറിസം കേന്ദ്രങ്ങളെ ഹെലികോപ്റ്റർ വഴി ബന്ധിപ്പിക്കാൻ നടപടി**

1337 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളെ കുറഞ്ഞ സമയപരിധിക്കുള്ളിൽ ബന്ധിപ്പിക്കുന്നതിനായി ഹെലികോപ്റ്റർ ശൃംഖല സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇപ്രകാരം ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഇതിനകം എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകാൻ ഏതെങ്കിലും ഏജൻസികൾ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**വിനോദസഞ്ചാരവകുപ്പും സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി പ്രവർത്തിക്കാൻ പദ്ധതി**

1338 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ വി ശശി**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ ആധുനികവത്കരണത്തിനും മുന്നേറ്റത്തിനും നൂതനാശയങ്ങളും ആധുനിക സാങ്കേതികവിദ്യയും സംരംഭകത്വവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയുടെ കുതിപ്പിനായി വിനോദസഞ്ചാരവകുപ്പും കേരളസ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി പ്രവർത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് ആരംഭിച്ച കാരവൻ ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; ആധുനിക കാരവൻ പാർക്കുകളുടെ നിർമ്മാണത്തിന് സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) വിനോദസഞ്ചാര മേഖലയുടെ പ്രവർത്തനക്ഷമതയും ഉപഭോക്തൃ ഇടപെടലുകളും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

**ടൂറിസം വകുപ്പിന്റെ ഐ.സി.ടി. സൊല്യൂഷൻ പ്രൊവൈഡർ**

1339 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ഐ.സി.ടി. സൊല്യൂഷൻ പ്രൊവൈഡർ ആയ കമ്പനിക്ക് ധനകാര്യ വകുപ്പിന്റെയും എ.ജി.യുടെയും നിബന്ധനകൾക്ക് വിരുദ്ധമായി കരാർ ജോലികൾക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ടോ;

(ബി) മുൻകൂറായി കരാർ ജോലിക്ക് പണം നൽകുമ്പോൾ ആ ജോലി പൂർത്തിയാക്കി സമർപ്പിക്കേണ്ട സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) വർക്ക് അഡ്വാൻസ് വാങ്ങിയതിന് ശേഷം വർക്കുകൾ തീർക്കാൻ വലിയ കാലതാമസം വരുത്തിയ കമ്പനിക്കെതിരെ നാളിതുവരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ സിൽവർ ജൂബിലി വർഷം ആയിരുന്ന 2023ൽ ഒരു വീഡിയോയും തീം സോങ്ങും തയ്യാറാക്കുന്നതിനുള്ള അഡ്വാൻസ് ആയി 2022ൽ പ്രസ്തുത കമ്പനിക്ക് പണം നല്കിയിരുന്നോ; വീഡിയോയും തീം സോങ്ങും കമ്പനി ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത കമ്പനിയുടെ കരാർ 2024 ജൂണിൽ അവസാനിച്ചെങ്കിലും അഡ്വാൻസ് ആയി വൻ തുക നൽകിയതിനാൽ കരാർ കാലാവധി ആറ് മാസത്തിലധികം നീട്ടിയത് ക്രമ വിരുദ്ധമല്ലേയെന്ന് വ്യക്തമാക്കാമോ; ഈ കമ്പനിയെ വീണ്ടും പുനർ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പദ്ധതി അടങ്കലിന്റെ അൻപത് ശതമാനം വരെ വെട്ടിക്കുറവ്

1340 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ അൻപത് ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് വിനോദസഞ്ചാര വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കുള്ള തുകയാണ് വെട്ടിക്കുറച്ചതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## വിനോദസഞ്ചാര വകുപ്പിന് വകയിരുത്തിയ തുക

1341 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ വിനോദസഞ്ചാര വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

## സമ്പൂർണ്ണ പ്ലസ് മൊബൈൽ ആപ്ലിക്കേഷൻ

1342 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സമ്പൂർണ്ണ പ്ലസ് മൊബൈൽ ആപ്ലിക്കേഷന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## സ്കൂൾ പരീക്ഷ മൂല്യനിർണ്ണയം

1343 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഏതെല്ലാം ക്ലാസ്സുകളിലാണ് മാറ്റം വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) എഴുത്തു പരീക്ഷയിൽ മിനിമം മാർക്ക് വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

## സ്കൂൾ പാചക തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം

1344 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നല്കുന്നത് പരിഗണിക്കാമെന്ന് കഴിഞ്ഞ സർക്കാർ ഉറപ്പ് നല്കിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) സ്കൂൾ പാചക തൊഴിലാളികൾക്ക് പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇത് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ശമ്പളം ലഭിക്കാത്ത അധ്യാപകർ

1345 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എയ്ഡഡ്, സർക്കാർ തലത്തിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ശമ്പളം ലഭ്യമല്ലാതായിട്ട് എത്രകാലമായെന്നും അതിനുള്ള കാരണം എന്താണെന്നും സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ശമ്പളം ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടോ എന്നും ഇവരിൽ എത്രപേർക്ക് ശമ്പളം കിട്ടാൻ

സാധ്യതയുണ്ടെന്നും വ്യക്തമാക്കാമോ?

**പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ**

1346 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുക;

(ബി) എങ്കിൽ എത്ര സ്കൂളുകളാണ് ഹയർ സെക്കണ്ടറിയായി ഉയർത്താൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ച് വിശദമാക്കാമോ?

**സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം**

1347 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സ് മുതൽ പ്ലസ് ടു തലം വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി., ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട, 2024-25 വർഷത്തിൽ നാളിതുവരെയുള്ള വിദ്യാർത്ഥികളുടെ എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സ്റ്റൈപ്പൻഡ്/ലംപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിദ്യാർത്ഥികളുടെ എണ്ണം, തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) 2024-25 വർഷത്തെ സ്റ്റൈപ്പൻഡ്/ലംപ്സം ഗ്രാന്റ് വിതരണം ഏതു മാസം വരെ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം**

1348 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 വർഷത്തെ പദ്ധതി അടങ്കലിന്റെ അൻപത് ശതമാനം വരെ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനത്തെ തുടർന്ന് പൊതു വിദ്യാഭ്യാസ വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് ഇത്തരത്തിൽ വെട്ടിക്കുറവ് സംഭവിച്ചിട്ടുള്ളതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറച്ചെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

**ചോദ്യപേപ്പർ ചോർച്ച**

1349 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധവാർഷിക പരീക്ഷയുടെ ചോദ്യക്കടലാസ് ചോർന്നതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിൽ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(സി) മുൻപ് ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ അന്വേഷണം നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ചോദ്യപേപ്പർ ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>ഡിജിറ്റൽ രംഗവുമായി ബന്ധപ്പെട്ട പാഠ്യ പദ്ധതി പരിഷ്കരണം</u>

1350 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വഴിയും മറ്റും പ്രചരിക്കുന്ന വ്യാജവാർത്തകൾ സാമൂഹ്യ വെല്ലുവിളിയായി മാറിയ കാലത്ത് ഫാക്ട് ചെക്കിംഗിന് കുട്ടികളെ പരിശീലിപ്പിക്കാനും പ്രാപ്തമാക്കാനും ലക്ഷ്യം വച്ച് പ്രത്യേക പാഠ്യ പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള സിലബസിൽ ഇത്തരം ലക്ഷ്യത്തോടെ പാഠ്യ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ 'കൈറ്റിന്റെ' സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ദീർഘ നേരം മൊബൈൽ അടക്കമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് മൂലം കുട്ടികൾക്കുണ്ടാകുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണങ്ങളുടെ ആരോഗ്യകരമായ ഉപയോഗത്തെക്കുറിച്ച് അവബോധം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുമോ?

## <u>ചോദ്യപ്പേപ്പർ ചോർച്ചയിലെ അന്വേഷണം</u>

1351 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ് പരീക്ഷാ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സ്വകാര്യ ട്യൂഷനെടുക്കുന്ന അധ്യാപകർക്ക് ഇതിൽ പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്വകാര്യ ട്യൂഷൻ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ചോദ്യ പേപ്പർ തയ്യാറാക്കുന്നതിലും അച്ചടിക്കുന്നതിലും രഹസ്യസ്വഭാവം സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ**

1352 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരീക്ഷിക്കാനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം വിശകലനം ചെയ്തിട്ടുണ്ടോ;

(സി) കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

**എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമന അംഗീകാരം**

1353 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത തസ്തികകളുടെ വിവരം വിദ്യാലയം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ എയ്ഡഡ് സ്കൂളിൽ സ്ഥിരനിയമനം നൽകിയിട്ടുള്ള അധ്യാപകരും ജീവനക്കാരും ഇപ്പോഴും ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നുണ്ടെങ്കിൽ അവരുടെ വിവരം തസ്തിക, വിദ്യാലയം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) നിരവധി തവണ വിജ്ഞാപനം നൽകിയിട്ടും പ്രസ്തുത തസ്തികകളിൽ ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടില്ലെങ്കിൽ അത്തരം വിദ്യാലയങ്ങളിലെ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷി സംവരണത്തിനു വേണ്ടി നീക്കി വെച്ചിട്ടുള്ള തസ്തികകളിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തത് മൂലം സ്ഥിര നിയമനം ലഭിച്ചിട്ടും ദിവസ വേതനാടിസ്ഥാനത്തിൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന എയ്ഡഡ് സ്കൂളിലെ അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുക ഭിന്നശേഷി സംവരണ തസ്തികയിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന തീയതി മുതൽ ആണോ അധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതലാണോ എന്ന് വ്യക്തമാക്കാമോ?

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ**

1354 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ യഥാസമയം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

1355 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ തുക കുടിശികയായതുമൂലം പദ്ധതി പ്രതിസന്ധിയിലായത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത കുടിശിക അനുവദിക്കാത്തത് കാരണം അദ്ധ്യാപക സംഘടനകൾക്ക് നിരവധി തവണ ഹൈക്കോടതിയിയെ സമീപിക്കേണ്ട അവസ്ഥ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ തുക മാസാമാസം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

**വരിക്കോലി ഗവ. ജെ.ബി.എസ്. സ്കൂളിൽ മോഡൽ ബി.ആർ.സി.**

1356 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്ത്നാട് മണ്ഡലത്തിൽ പുത്തൻകുരിശ് പഞ്ചായത്തിലെ 2001-02 ൽ അടച്ചുപൂട്ടിയ വരിക്കോലി ഗവ. ജെ.ബി.എസ്. സ്കൂളിൽ മോഡൽ ബി. ആർ. സി. ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എസ് 1/3029/2023/എസ്.എസ്.കെ./സ്റ്റാർസ് എന്ന എസ്.എസ്.കെ.- യിൽ നിന്നുള്ള ഫയലിൽ ഗവ. സെക്രട്ടേറിയറ്റിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരവും പ്രസ്തുത ഫയൽ നമ്പറും ലഭ്യമാക്കാമോ;

(സി) 55 സെന്റോളം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്കൂൾ മോഡൽ ബി.ആർ.സി. യ്ക്ക് വളരെ അനുയോജ്യമായതിനാൽ ഇവിടെ എത്രയും വേഗത്തിൽ ആയത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം.**

1357 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ഉളിയനാട് ഗവ. ഹൈസ്കൂളിനും നെടുങ്ങോലം ഗവ. എച്ച്.എസ്.എസ് -നും കോയിപ്പാട് ഗവ. എൽ.പി.എസ് -നും കിഫ്ബിയിൽ

നിന്നും 1 കോടി 30 ലക്ഷം രൂപ വീതം വിനിയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## അന്തർജില്ലാ സ്ഥലംമാറ്റം

1358 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ ഗവ. വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ, ഗവ. ടി.സി.എൻ.എം.എച്ച്.എസ്.എസ്. നെടുമ്പാറ, ഗവ. എച്ച്.എസ്. വലിയകാവ്, ഗവ. യു.പി.എസ്. റോസ്മല എന്നീ സ്കൂളുകളെ അന്തർജില്ലാ സ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുള്ള സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന് ശേഷവും ടി സ്കൂളുകൾ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുള്ള സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ അധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിൽ പ്രസ്തുത സ്കൂളുകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ നിലവിൽ സ്ഥിര അധ്യാപകരുടെ ആകെ എത്ര തസ്തിക അനുവദിച്ചിട്ടുണ്ടെന്നും എത്ര തസ്തിക ഒഴിവുണ്ടെന്നും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പുരോഗതി

1359 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വി.എച്ച്.എസ്.എസ്., മാവേലിക്കര സർക്കാർ വൊക്കേഷണൽ ആൻഡ് ബോയ്സ് എച്ച്.എസ്.എസ്., കുടശ്ശനാട് സർക്കാർ എസ്.വി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിനായി 2018-19 മുതൽ അനുവദിച്ച തുകയെത്ര; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേനയും കില മുഖേനയും നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## വടക്കാഞ്ചേരി ഗവ. ബോയ്സ് എച്ച്.എസ്.എസ്. യു.പി. ബ്ലോക്കിന്റെ നിർമ്മാണം

1360 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി അഞ്ച് കോടി രൂപ അനുവദിച്ച് നിർമ്മാണപ്രവർത്തനം ആരംഭിച്ച വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. -ന്റെ യു.പി. ബ്ലോക്കിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കിറ്റ്കോ നിർമ്മാണപ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാകാത്തത് കാരണം ക്ലാസുകൾ നടത്താനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ആലപ്പുഴ മണ്ഡലത്തിലെ സമഗ്ര ശിക്ഷാ കേരളം പദ്ധതി</u>**

1361 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ 'സമഗ്ര ശിക്ഷാ കേരള' നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വർണകൂടാരം പദ്ധതി ഏതൊക്കെ സ്ഥാപനങ്ങളിലാണ് നടന്നുവരുന്നതെന്നും ഇതിനായി എത്ര രൂപയാണ് ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ?

**<u>കാട്ടാക്കട ചെറുകോട് ട്രൈബൽ സ്കൂൾ കെട്ടിട നിർമ്മാണം</u>**

1362 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ ചെറുകോട് ട്രൈബൽ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് പൂർത്തിയാക്കാനാകുമെന്നും ഇതിന്റെ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രൈബൽ സ്കൂൾ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാമോ?

**<u>പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി ചെലവ്</u>**

1363 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ലെ പദ്ധതി അടങ്കലിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ ഇതിന്റെ എത്ര ശതമാനം ചിലവഴിച്ചെന്നും വിശദമാക്കാമോ?

**<u>പാഠ പുസ്തക പരിഷ്കരണം</u>**

1364 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തെ കാലോചിതമായി നവീകരിക്കുന്നതിനും ഏറ്റവും പുതിയ വിവരങ്ങൾ പഠന വിധേയമാക്കുന്നതും ലക്ഷ്യമിട്ട് പാഠപുസ്തകങ്ങൾ

പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്ത്; വിശദമാക്കുമോ;

(ബി) പരിഷ്കരിച്ച പാഠപുസ്തകങ്ങൾ ക്ലാസ് മുറിയിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ വീണ്ടും പരിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ;

(സി) 2024-25 അധ്യയന വർഷത്തെ പരിഷ്കരിച്ച പാഠ പുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; 2025-26-അധ്യയന വർഷത്തെ പരിഷ്കരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പാഠ പുസ്തകങ്ങൾ ഏതു മാസം വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

1365 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ എ.കെ.എ.എസ്. ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ഗവ. ഗാന്ധി സ്മാരക യു.പി. സ്കൂൾ കക്കറ, ജി.എൽ.പി.എസ്. പെരുവാമ്പ എന്നീ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതിക്കുള്ള ഫയലിൽ ധനകാര്യ മന്ത്രിയും ധനകാര്യ വകുപ്പും ഭരണാനുമതി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ എലമ്പ്രയിൽ പുതിയ എൽ.പി. സ്കൂൾ

1366 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ എലമ്പ്രയിൽ പുതിയ എൽ.പി. സ്കൂൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പുല്ലൂർ ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുന്നതിന് ലഭിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുല്ലൂർ ഗവൺമെൻറ് യു.പി. സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊല്ലം ജില്ലയിലെ യു.പി.എസ്സ്.റ്റി. തസ്തിക

1367 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ സർക്കാർ യു.പി.എസ്സ്.റ്റി.യുടെ നിലവിലുള്ള കേഡർ സ്ട്രെങ്ത് എത്രയാണെന്നും അതിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ അധ്യാപക നിയമനം, ബൈ ട്രാൻസ്ഫർ നിയമനം, നേരിട്ടുള്ള നിയമനം, അന്തർ ജില്ലാ സ്ഥലമാറ്റം മുഖേനയുള്ള നിയമനം, ആശ്രിത

നിയമനം, റീ ജോയിനിംഗ്, ഡിഫറന്റ്‌ലി ഏബിൾഡ് ക്യാറ്റഗറി നിയമനം എന്നിവ എത്ര നടന്നിട്ടുണ്ടെന്നും നടന്ന നിയമനങ്ങളിൽ ജോയിൻ ചെയ്ത തീയതി ഉൾപ്പടെയുള്ള വിവരങ്ങളും വേർതിരിച്ച് നൽകാമോ;

(സി) കൊല്ലം ജില്ലയിൽ യു.പി.എസ്സ്.റ്റി. തസ്തികയിൽ (മലയാളം മീഡിയം ഗവൺമെന്റ് സ്കൂളുകൾ) 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ഉണ്ടായ തസ്തികനഷ്ടം (ഡിവിഷൻ ഫാൾ) എത്രയാണെന്ന് സ്കൂളുകൾ തിരിച്ചുള്ള വിവരം നൽകാമോ;

(ഡി) കൊല്ലം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിൽ യു.പി.എസ്സ്.റ്റി. (മലയാളം മീഡിയം) തസ്തികയിൽ 2024-25 വർഷം തസ്തിക നിർണ്ണയം വഴി എത്ര അധിക തസ്തികകളാണ് അംഗീകാരത്തിനായി നൽകിയിട്ടുള്ളതെന്നും അധിക തസ്തികകൾ ഉണ്ടായിട്ടുള്ള സ്കൂളുകളുടെ പേര് സംബന്ധിച്ച വിവരവും നൽകാമോ;

(ഇ) കൊല്ലം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിൽ യു.പി.എസ്സ്.റ്റി. തസ്തികയിൽ (മലയാളം മീഡിയം) എത്ര അധിക തസ്തികകൾക്ക് അംഗീകാരം ലഭിച്ചുവെന്നും ഈ അധിക തസ്തികകൾ എപ്രകാരമാണ് നികത്തപ്പെട്ടിട്ടുള്ളതെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

## യു.പി.എസ്.ടി. തസ്തികയിലെ നിയമനത്തിന് അംഗീകാരം

1368 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് ജില്ല വിദ്യാഭ്യാസ ഓഫീസിന്റെ കീഴിൽ യു.പി.എസ്.ടി. തസ്തികയിൽ എയ്ഡഡ് സ്കൂൾ മാനേജർമാർ നടത്തിയ അധ്യാപക നിയമനങ്ങളിൽ ഇതുവരെയും അംഗീകാരം ലഭിക്കാത്തത് ഏതെല്ലാമാണ്; ഇതുവരെയും അംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ പേര്, സ്കൂൾ, മാനേജർമാർ നിയമനം നൽകിയ തീയതി എന്നിവ തരം തിരിച്ച് നൽകാമോ;

(ബി) ഇവരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ ഏതെല്ലാം സ്കൂളുകളിലെ അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ആയത് സ്കൂളുകൾ തിരിച്ച് അധ്യാപകരുടെ പേര് സഹിതം വ്യക്തമാക്കാമോ;

(സി) കുട്ടനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിൽ യു.പി.എസ്.ടി. തസ്തികയിലേയ്ക്ക് മാനേജർമാർ നിയമനം നടത്തിയ എത്ര അധ്യാപകർക്ക് 2024 വർഷം നിയമന അംഗീകാരം നൽകിയിട്ടുണ്ട്; മറ്റുള്ളവരുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം എയ്ഡഡ് സ്കൂളിലെ ഏതെല്ലാം തസ്തികയ്ക്കാണ് നിയമന അംഗീകാരം നൽകാൻ സാധിക്കാത്തത്; സ്കൂളുകൾ തിരിച്ച് പ്രസ്തുത തസ്തികകളിൽ മാനേജർമാർ നിയമിച്ച അധ്യാപകരുടെ പേര് സഹിതം നൽകാമോ;

(ഇ) എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാവുന്ന ഒഴിവുകളിലേക്ക് മാനേജർമാർ നിയമനം നൽകുമ്പോൾ മറ്റ് നിയമപ്രശ്നങ്ങൾ ഇല്ലെങ്കിൽ എത്ര ദിവസത്തിനുള്ളിൽ നിയമന അംഗീകാരം നൽകണമെന്നാണ് നിലവിലെ ചട്ടം പറയുന്നതെന്ന് അറിയിക്കാമോ;

ഇത് പ്രകാരം നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

**<u>ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക തുക</u>**

1369 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണം നൽകിയതിന്റെ തുക കൃത്യമായി ലഭിക്കുന്നില്ലെന്ന പരാതികളും ഇതുമൂലം പ്രധാന അധ്യാപകർ നേരിടുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉച്ചഭക്ഷണം നൽകിയ വകയിൽ കുടിശ്ശികയായിട്ടുള്ള നാല് മാസത്തെ തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) സ്കൂൾ പാചക തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**<u>തിരുവമ്പാടി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം</u>**

1370 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി ഗവ.ഹൈസ്കൂൾ, കക്കാട് ഗവ.എൽ.പി. സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>ഹയർസെക്കൻഡറി വിദ്യാർത്ഥികളുടെ എണ്ണത്തിലെ കുറവ്</u>**

1371 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കഡറി സ്കൂളുകളെ എയ്ഡഡ് മൈനോറിറ്റി, എയ്ഡഡ് ബാക്ക്‌വേർഡ്, എയ്ഡഡ് ജനറൽ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ അറിയിക്കുമോ;

(ബി) ഹയർസെക്കൻഡറി വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

**<u>എളങ്കുന്നപ്പുഴ ജി.എച്ച്.എസ്.എസ് സ്കൂൾ ഗ്രൗണ്ട്</u>**

1372 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളങ്കുന്നപ്പുഴ സ്കൂൾ ഗ്രൗണ്ട് കായിക മത്സരങ്ങൾക്ക് വേണ്ടി ഉപയോഗയോഗ്യമാക്കുന്നതിനായി 04.09.2024-ന്

എം.എൽ.എ. സമർപ്പിച്ച കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലെ എം1/304/2024 നമ്പർ ഫയലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് 07.10.2024 -ലെ കത്ത് പ്രകാരം ആവശ്യപ്പെട്ട അടിയന്തര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ ഇതു സംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ പ്രകാരം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവ്

1373 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കൻഡറി വിഭാഗത്തിൽ സർക്കാർ വിദ്യാലയങ്ങളുടെയും സ്വകാര്യ എയ്ഡഡ് വിദ്യാലയങ്ങളുടെയും അൺ എയ്ഡഡ് വിദ്യാലയങ്ങളുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിദ്യാലയങ്ങളിലെ കുട്ടികളിൽ ജനറൽ, പട്ടികജാതി, പട്ടികവർഗം, മറ്റു പിന്നാക്ക സമുദായങ്ങൾ എന്നീ വിഭാഗങ്ങളിൽ പെടുന്ന കുട്ടികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ വിദ്യാലയങ്ങൾ, എയ്ഡഡ് വിദ്യാലയങ്ങൾ, അൺ എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവയിൽ ജനറൽ, പട്ടികജാതി, പട്ടികവർഗം, മറ്റു പിന്നോക്ക സമുദായങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഹയർസെക്കൻഡറി വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഹയർസെക്കൻഡറി മേഖലയിൽ എയ്ഡഡ് വിദ്യാലയങ്ങൾ അനുവദിക്കുന്നതിന്റെയും മൈനോറിറ്റി വിഭാഗത്തിലും മറ്റ് പിന്നോക്ക സമുദായങ്ങളുടെ വിഭാഗത്തിലും എയ്ഡഡ് ഹയർസെക്കൻഡറി വിദ്യാലയങ്ങൾ അനുവദിക്കുന്നതിന്റെയും മാനദണ്ഡം വിശദമാക്കുമോ?

## സർവ്വീസ് ആനുകൂല്യങ്ങൾക്കുള്ള ബാബു സിറിയക്കിന്റെ അപേക്ഷ

1374 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് കാലയളവിലെ തന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തൈക്കാട്ടുശ്ശേരി എസ്.എം.എസ്.ജെ.എച്ച്.എസ്.എസ് -ലെ വിരമിച്ച അധ്യാപകൻ ബാബു സിറിയക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ആരുടെ കൈവശമാണെന്ന് വിശദമാക്കാമോ?

## സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം തടയാൻ നടപടി

1375 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടി വരുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം കൂടിവരുന്നത് തടയാൻ സ്കൂൾ തലത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അസ്വാഭാവിക സ്വഭാവ മാറ്റങ്ങൾ ഉണ്ടാകുന്ന വിദ്യാർത്ഥികളെ കണ്ടെത്താനും ലഹരിക്ക് അടിമകളാണോയെന്ന് പരിശോധിക്കാനും വിദ്യാർത്ഥികൾ കൃത്യമായി സ്കൂളുകളിൽ ഹാജരാകുന്നില്ലെങ്കിൽ അക്കാര്യം രക്ഷിതാക്കളെ അറിയിക്കാനും സ്കൂൾ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## <u>ലഹരി ബോധവത്കരണ ക്ലാസുകൾ</u>

1376 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് വിദ്യാഭാസ വകുപ്പ് 2024, 2025 വർഷങ്ങളിൽ എത്ര ബോധവൽക്കരണ ക്ലാസുകൾ നടത്തി എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## <u>കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ</u>

1377 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ മൊബൈൽ ഉപയോഗം, ലഹരി ഉപയോഗം എന്നിവ മൂലം സ്കൂൾ കുട്ടികൾ വിവിധ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്കൂളുകളിൽ സൈക്കോളജിസ്റ്റിന്റെയും കൗൺസിലർമാരുടെയും സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുട്ടികളിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## <u>സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം</u>

1378 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്കൂൾ കലോത്സവ മാന്വൽ സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>സംസ്ഥാന സ്കൂൾ കലോത്സവം സംബന്ധിച്ച വിശദാംശങ്ങൾ</u>

1379 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം നൗഷാദ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുമ്പോഴും ഈ അധ്യയന വർഷത്തെ സ്കൂൾ കലോത്സവത്തിന് യാതൊരുവിധ കുറവുകളും വരുത്താതെ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് കൈക്കൊണ്ടതെന്ന് അറിയിക്കാമോ;

(ബി) കലോത്സവ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇതിനകം വിലയിരുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ;

(സി) രാജ്യത്തെ ഏറ്റവും വലിയ കലോത്സവം എന്ന നിലയിൽ ഇതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിച്ചിരുന്നോ;

(ഡി) കലോത്സവത്തിൽ പങ്കെടുത്ത മത്സരാർത്ഥികളുടെയും മത്സര ഇനങ്ങളുടെയും വിവിധ വിഭാഗങ്ങളിലായി ട്രോഫി ലഭിച്ചവരുടെയും ജില്ലാതല പോയിന്റ് നിലയും ലഭ്യമാക്കാമോ?

## <u>സ്കൂൾ കായികമേള</u>

1380 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന സ്കൂൾ കായിക മേളയിൽ ചാംപ്യൻമാരെ നിശ്ചയിച്ചതിലെ അപാകതകൾ ഏതെങ്കിലും സ്കൂളുകൾ ചോദ്യം ചെയ്തിരുന്നോ; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കായിക മേളയുടെ തുടക്കം മുതൽ അവസാനം വരെ ജനറൽ സ്കൂളുകളുടെയും സ്പോർട്സ് ഡിവിഷനുകളുടെയും വെവ്വേറെ പോയിന്റ് പട്ടികകളാണോ പ്രസിദ്ധീകരിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സമ്മാനം പ്രഖ്യാപിച്ചപ്പോൾ സ്പോർട്സ് ഡിവിഷനുകളെ ഉൾപ്പെടുത്തി പോയിന്റ് പട്ടിക പുതുക്കാനുണ്ടായ കാരണം അറിയിക്കുമോ;

(ഡി) കായികരംഗത്തു മികവ് പുലർത്തുന്ന ജനറൽ സ്കൂളുകളിലെ താരങ്ങൾക്ക് മതിയായ പ്രോത്സാഹനവും അംഗീകാരവും നൽകാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>സ്കൂൾ കായിക മേളയിൽ പുതുതായി ഉൾപ്പെടുത്തുന്ന ഇനങ്ങൾ</u>

1381 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കായിക മേളയിൽ പെൺകുട്ടികളുടെ ക്രിക്കറ്റ് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുൾപ്പെടെ കൂടുതൽ കായിക ഇനങ്ങൾ മേളയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കായിക ഇനങ്ങളാണ് പുതുതായി സംസ്ഥാന കായിക മേളയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## സ്കൂളുകളിൽ റോളർ സ്പോർട്സ്

1382 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സ് ആൻഡ് ഗെയിംസ് മീറ്റിലെ റോളർ സ്കേറ്റിംഗ് മത്സരങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനായി പ്രത്യേകം അണ്ടർ 14, അണ്ടർ 17 പ്രായ വിഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള കളിസ്ഥലവുമായി ബന്ധപ്പെട്ട് റോളർ സ്പോർട്സ് (സ്കേറ്റിംഗ്) പരിശീലനത്തിനായി ബാങ്ക്ഡ് ട്രാക്ക് ആൻഡ് റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സാങ്കേതികവിദ്യാധിഷ്ഠിത വൈജ്ഞാനിക വിദ്യാഭ്യാസം

1383 **ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നൂതന വൈജ്ഞാനിക വിദ്യാഭ്യാസം പരിഗണിച്ച് പൊതുവിദ്യാഭ്യാസരംഗം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) നിർമ്മിതബുദ്ധി പോലെയുള്ള നൂതന സാങ്കേതികവിദ്യകൾ പൊതു വിദ്യാഭ്യാസരംഗത്ത് പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) റോബോട്ടിക് സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ പരിഗണിച്ച് സെക്കൻഡറി വിദ്യാഭ്യാസതലത്തിൽ തന്നെ ഇക്കാര്യത്തിൽ വിദ്യാർത്ഥികളെ പ്രാവീണ്യമുള്ളവരാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) സാങ്കേതികവിദ്യാ വികസനത്തിന് പ്രാധാന്യം നൽകുന്നതിനോടൊപ്പം മാനവിക മൂല്യങ്ങളും സംസ്കാരവും വളർത്തുന്നതിനും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പ്രാമുഖ്യം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## ഐരാണിക്കുളം ജി.എച്ച്.എസ്.എസ് -ന് പുതിയ കെട്ടിടം

1384 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ ഐരാണിക്കുളം ജി.എച്ച്.എസ്.എസ് -ന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച് 16.1.2024 ൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവ് പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>വൈക്കം മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി</u>**

1385 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിൽ സർക്കാർ ധനസഹായത്തോടെ നിർമ്മാണം നടന്നുവരുന്ന സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത സ്കൂളുകളുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

**<u>നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം</u>**

1386 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണത്തിന് കിഫ്ബി മുഖേനെ പ്രഖ്യാപിച്ച പ്രവൃത്തികളുടെ നിർമ്മാണപുരോഗതി സ്കൂൾ തിരിച്ച് അറിയിക്കാമോ;

(ബി) കൂടൽ ഗവ: എൽ.പി. സ്കൂൾ കെട്ടിടനിർമ്മാണം സാധ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**<u>ഒളവണ്ണ.തുമ്പയിൽ പഞ്ചായത്ത് എൽ.പി. സ്കൂൾ ഏറ്റെടുക്കൽ</u>**

1387 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ തുമ്പയിൽ പഞ്ചായത്ത് എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് ഏത് വർഷത്തിലാണ് പ്രൊപ്പോസൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിലും ഡി.ജി.ഇ. -യിലുമുള്ള നോട്ട്ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയോ റിപ്പോർട്ടുകൾ സമർപ്പിക്കുകയോ ചെയ്യുന്നതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കുമോ; വ്യക്തമാക്കാമോ?

**<u>സ്കൂളിന് മുൻ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് നൽകാൻ നടപടി</u>**

1388 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ഗവ. എൽ.പി. സ്കൂളിന് വേണ്ടി ടി.കെ. കുഞ്ഞമ്മത് ഹാജി ദാനമായി നൽകിയ സ്ഥലം 03.03.2005-ലെ സ.ഉ.(സാധാ.) നമ്പർ 909/05/പൊ.വി. പ്രകാരം ഏറ്റെടുത്ത് പുറപ്പെടുവിച്ച ഉത്തരവിലെ നിബന്ധനകൾ വിശദമാക്കാമോ;

(ബി) കൊടുവള്ളി ഗ്രാമപ്പഞ്ചായത്ത് മുൻ പ്രസിഡന്റ് ടി.കെ. പരിയേയിക്കുട്ടി അധികാരിയുടെ പേര് സ്കൂളിന് നൽകണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; ആയതിന് ആരെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇക്കാര്യത്തിലുള്ള നടപടി വൈകിയതിന് ഇടയാക്കിയ കാരണം വ്യക്തമാക്കാമോ;

(സി) സ്ഥലം നൽകുമ്പോൾ ഉണ്ടാക്കിയ കരാർ പാലിക്കാത്ത സാഹചര്യത്തിൽ ദാനമായി നൽകിയ പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് അനന്തരാവകാശികൾ ആവശ്യപ്പെടുന്ന പക്ഷം എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചത് പ്രകാരം സ്കൂളിന് മുൻ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെ പേര് നൽകാൻ നടപടി സ്വീകരിക്കുമോ?

**<u>കോങ്ങാട്, കുണ്ടളശ്ശേരി എൽ.പി. സ്കൂളുകൾക്ക് ബസ്</u>**

1389 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കോങ്ങാട്, കുണ്ടളശ്ശേരി എൽ.പി. സ്കൂളുകൾക്ക് ബസ് വാങ്ങാൻ ഫണ്ട് അനുവദിച്ചെങ്കിലും ബസ് വാങ്ങിയിട്ടില്ലെന്നത് വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് അടിയന്തരമായി സ്കൂൾ ബസ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>വീരണകാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം</u>**

1390 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വീരണകാവ് സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് അനുവദിച്ച പുതിയ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ; പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ച പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി താമസംവിനാ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പാചക തൊഴിലാളികളുടെ ആനുകൂല്യങ്ങളിലെ കുടിശ്ശിക</u>**

1391 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിൽ പാചകത്തൊഴിലാളികളെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ; അവർക്ക് നൽകേണ്ട വേതന, ആനുകൂല്യ ഇനങ്ങളിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര തുക കുടിശ്ശിക ഉണ്ടെന്നും ഏതു കാലയളവ് മുതലുള്ള കുടിശ്ശിക ഉണ്ടെന്നും തരം തിരിച്ച് വ്യക്തമാക്കാമോ; വിശദീകരിക്കുമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് കുടിശ്ശിക തീർത്ത് വേതനവും ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ബൈ ട്രാൻസ്ഫർ പ്രമോഷനിലെ അപാകത

1392 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി അധ്യാപകരായി ബൈ ട്രാൻസ്ഫർ പ്രമോഷൻ ലഭിച്ച ഹൈസ്കൂൾ അധ്യാപകർക്ക് ആകെ സർവ്വീസ് പരിഗണിച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ഉദ്യോഗക്കയറ്റം നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഹൈസ്കൂൾ അസിസ്റ്റന്റ് ആയി ബൈ ട്രാൻസ്ഫർ പ്രമോഷൻ ലഭിച്ച ലോവർ പ്രൈമറി/ അപ്പർ പ്രൈമറി അധ്യാപകർ ലോവർ പ്രൈമറി/അപ്പർ പ്രൈമറി ഹെഡ്മാസ്റ്ററായി പരിഗണിക്കപ്പെടുന്നുണ്ടോ;

(സി) മേൽപ്പറഞ്ഞ ഇരു സാഹചര്യങ്ങളിലെയും പരിഗണനയിലെ അന്തരത്തിന്റെ/ അപാകതയുടെ കാരണം വ്യക്തമാക്കുമോ;

(ഡി) സെക്രട്ടേറിയേറ്റ് ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിച്ച് മറ്റു തസ്തികകളിലേക്ക് പോകുന്ന ഉദ്യോഗസ്ഥരുടെ ആദ്യ നിയമന അഡ്വൈസ് തീയതി പ്രകാരം നിലവിൽ ജോലി ചെയ്യുന്ന തസ്തികകളിൽ സീനിയോറിറ്റിക്ക് പരിഗണിക്കണമെന്ന സർക്കാർ ഉത്തരവ് നം. ഉപ.സി3/100/2024/ പി&എ.ആർ.ഡി. തീയതി 24.09.2024 അധ്യാപകർക്ക് ബാധകമല്ലേ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ശമ്പള കുടിശ്ശിക

1393 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ 2020 ഫെബ്രുവരി വരെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപകരായി നിയമനം ലഭിച്ചവർക്ക് നോഷണലായി അംഗീകാരം നൽകിയ കാലയളവിലെ ശമ്പള കുടിശ്ശിക അനുവദിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കാമോ;

(ബി) 06/02/2021 ലെ സ.ഉ(അച്ചടി) നം.4/2021/പൊ.വി.വ. പ്രകാരം 2016 മുതൽ 2020 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിൽ ജോലി

ചെയ്ത അധ്യാപകർക്ക് നിയമന തീയതി മുതൽ സേവന കാലയളവ് പരിഗണിച്ച് ഇൻക്രിമെന്റ് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) മേല്പറഞ്ഞ കാലയളവിലെ സാമ്പത്തിക ആനുകൂല്യങ്ങൾ പ്രസ്തുത അധ്യാപകർക്ക് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

## എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യത

1394 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) അദ്ധ്യാപക തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ വിശദമാക്കാമോ;

(ബി) ഫിസിക്സ് മുഖ്യവിഷയമായി ബിരുദവും ബിരുദാനന്തര ബിരുദവും ബി.എഡും. നേടിയിട്ടുള്ളവർക്ക് എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനത്തിന് അയോഗ്യത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രകാരം അയോഗ്യരായവർക്ക് ബിരുദപഠനത്തിന് സബ്സിഡിയറി ഏത് വിഷയമായിരിക്കണം എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം

1395 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ പതിനാറായിരത്തിൽപരം അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകാനുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭിന്നശേഷി നിയമനക്കുരുക്ക് പരിഹരിച്ച് അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ഥിരം തസ്തികകളിൽ ദിവസ വേതനത്തിൽ നിയമനം നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന അദ്ധ്യാപക നിയമനത്തിലെ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമനാംഗീകാരം

1396 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി എ.ഇ.ഒ.-യ്ക്ക് കീഴിലെ എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് തർക്കം കാരണം നിയമന അപ്രൂവൽ ലഭിക്കാത്ത അധ്യാപകരുടെ വിവരങ്ങൾ സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## 2023-24 വർഷത്തെ തസ്തിക നിർണ്ണയം

1397 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കേണ്ടിയിരുന്ന സ്കൂളുകളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് തസ്തിക നിർണ്ണയം വൈകുന്നതെന്ന് വിശദമാക്കുമോ;

(ബി) തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും തസ്തിക നിർണ്ണയം എപ്പോൾ പൂർത്തിയാക്കുമെന്നും തസ്തിക നിർണ്ണയ ഉത്തരവ് എപ്പോൾ നിലവിൽ വരുമെന്നും വിശദമാക്കുമോ;

(സി) തസ്തിക നിർണ്ണയത്തിലൂടെ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രൈമറി അധ്യാപകരുടെ(എൽ.പി, യു,പി തരം തിരിച്ച്) എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുമെന്ന ജില്ല തിരിച്ചുള്ള കണക്കും ജൂൺ മാസത്തിലെ ആറാം പ്രവർത്തി ദിവസത്തെ തലയെണ്ണൽ പ്രകാരം എത്ര തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന (എൽ.പി, യു.പി തരം തിരിച്ച്) ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

## പുതുതായി അനുവദിച്ച സ്കൂളുകൾ

1398 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 01.06.2016 മുതൽ 31.12.2024 വരെ എയ്ഡഡ്/സർക്കാർ മേഖലകളിൽ പുതുതായി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) ഇതിൽ എയ്ഡഡ് മേഖലയിൽ ആർക്കെല്ലാമാണ് സ്കൂൾ അനുവദിച്ചത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## എയ്ഡഡ് പ്രൈമറി പ്രഥമാധ്യാപകരുടെ നിയമനാംഗീകാരം

1399 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷം കോട്ടയം, പത്തനംതിട്ട ജില്ലകളിലെ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പ്രഥമാധ്യാപകരായി നിയമനം ലഭിച്ചവരിൽ എത്ര പേരുടെ നിയമനം അംഗീകരിച്ചിട്ടുണ്ടെന്നും എത്ര പേരുടെ നിയമനം തടഞ്ഞുവെക്കുകയോ നിരസിക്കുകയോ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ആയതിനുള്ള കാരണം ഉപജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 6/9/2024-ലെ ഡി.ജി.ഇ./14667/2024-എച്ച് 2/ എൽ ഡിസ് നമ്പർ നിർദ്ദേശം പാലിക്കാതെ അപ്പീലിനിടയാക്കിയതും അപ്പീൽ തീർപ്പാക്കാത്തതുമായ എത്ര കേസുകൾ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ;

ഇത്തരത്തിൽ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങൾ**

1400 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിന് കിഫ്ബി വഴി ഫണ്ട് അനുവദിച്ച സ്കൂളുകളുടെ വിശദാംശം, അനുവദിച്ച തുക എന്നിവ മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര സ്കൂളുകളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്ര എണ്ണം നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും നാളിതുവരെ നിർമ്മാണം ആരംഭിയ്ക്കാത്ത പ്രവൃത്തികൾ എത്രയെന്നും മണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) കിഫ്ബി വഴി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പിന് വീഴ്ചയുണ്ടായതായി കരുതുന്നുണ്ടോ; ഇവ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക**

1401 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉച്ചഭക്ഷണ പദ്ധതിയിൽ എത്ര തുകയാണ് ഓരോ കുട്ടിക്കായി സ്കൂളുകൾക്ക് അനുവദിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലെന്നും എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കാൻ സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**വാമനപുരം ഗവ. യു.പി. സ്കൂളിന് വാഹനം വാങ്ങുന്നതിലെ കാലതാമസം**

1402 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം സർക്കാർ യു.പി. സ്കൂളിൽ പുതിയ വാഹനം വാങ്ങുന്നതിന് എം.എൽ.എ.യുടെ 2023-24-ലെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് പതിനേഴ് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് (തിരുവനന്തപുരം ജില്ലാ കളക്ടറുടെ 08.02.2024 തീയതിയിലെ എം.എസ്.-1035/2024 നമ്പർ ഓർഡർ) നൽകിയെങ്കിലും പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വാഹനം വാങ്ങി നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) യഥാസമയം വാഹനം വാങ്ങി നൽകാൻ കഴിയാതിരുന്നതുമൂലം പ്രസ്തുത കാലയളവിൽ വാഹന വിലയിലുണ്ടാകുന്ന വർദ്ധനവ് ഏത് രീതിയിൽ പരിഹരിക്കാനാകുമെന്ന് വിശദമാക്കാമോ?

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെയും ആയമാരുടെയും ശമ്പളം**

1403 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെയും പ്രസ്തുത സ്ക്കൂളുകളിൽ പരിശീലനവും പഠനവും നടത്തുന്ന കുട്ടികളുടെയും ജോലി ചെയ്യുന്ന അദ്ധ്യാപകരുടെയും ആയമാരുടെയും എണ്ണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്കും ആയമാർക്കും മുടങ്ങാതെ ശമ്പളം ഉറപ്പുവരുത്തുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നെന്ന് വ്യക്തമാക്കുമോ;

(സി) ബഡ്സ് സ്കൂളുകൾക്ക് പഞ്ചായത്തുവഴി ഫണ്ട് അനുവദിച്ച് നൽകുന്നതുപോലെ ഇവർക്കും പഞ്ചായത്തുകൾ വഴി ഫണ്ട് നൽകുന്നത് പരിഗണിക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണങ്ങൾ**

1404 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അനുവദിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**ചേളാരി ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണം**

1405 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേളാരി ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ 2018- 19 ലെ ഹയർ സെക്കൻഡറി പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള നിർമാണ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ; പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി സർക്കാരിൽ ഡെപ്പോസിറ്റ് ചെയ്ത 2.19 കോടി രൂപ സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി വിനിയോഗിക്കുന്നതിന്റെ ഡി. പി. ആർ. -ന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇതിലെ ഫയൽ പുരോഗതിയും ഡി.പി.ആർ. അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച് ഫണ്ട് നഷ്ടമായതിനാൽ മുടങ്ങിപ്പോയ നിർമ്മാണ പദ്ധതി അതേ ഫണ്ട് ഉപയോഗിച്ച് പുനരാരംഭിക്കാൻ പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർക്ക് നൽകിയ കത്തിലെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

1406 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.കെ. ഫണ്ടിൽ ഉൾപ്പെടുത്തി പുനലൂർ നിയോജക മണ്ഡലത്തിലെ നെടുമ്പാറ ഗവ. ടി.സി.എൻ.എം. എച്ച്.എസ്.എസ്. -ൽ ഹോസ്റ്റൽ കെട്ടിടം നിർമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(ബി) 2018-19 കിഫ്ബി ഫണ്ടിൽ നിന്നും കുളത്തുപ്പുഴ യൂ.പി.എസ് -ന് അനുവദിച്ച സ്കൂൾ കെട്ടിടം പുനലൂർ ഐക്കരക്കോണം സ്കൂളിലേക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച് മന്ത്രിതല യോഗത്തിലെ ധാരണ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്നും എപ്പോൾ ഭരണാനുമതി നൽകാനാകുമെന്നും വിശദമാക്കാമോ;

(സി) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് പഞ്ചായത്തിലെ ആര്യങ്കാവ് ഗവ എൽ.പി. സ്കൂളിൽ അനുവദിച്ച സ്കൂൾ കെട്ടിടം ഇടമുളക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിലേക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച മന്ത്രിതല യോഗത്തിലെ ധാരണ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്നും എപ്പോഴേക്ക് ഭരണാനുമതി നൽകാനാകുമെന്നും അറിയിക്കാമോ?

## <u>സൂപ്പർവൈസറി തസ്തികയിലെ ജനറൽ ട്രാൻസ്ഫർ</u>

1407 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ സൂപ്പർവൈസറി തസ്തികയിലെ ജനറൽ ട്രാൻസ്ഫറിനുള്ള കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണിത് പ്രസിദ്ധീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) അന്തിമ പട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി സംബന്ധിച്ച് ഡി. ജി. ഇ.- [ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ] യുടെ സർക്കുലർ ഉണ്ടായിട്ടും ബന്ധപ്പെട്ടവർ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം എന്താണെന്നും അന്തിമ പട്ടിക ഉടൻതന്നെ പുറപ്പെടുവിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കാമോ?

## <u>സ്കൂൾ പാചക തൊഴിലാളികളുടെ വേതനം</u>

1408 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് മാസങ്ങളായി വേതനം കിട്ടാതെ പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) സ്കൂൾ പാചക തൊഴിലാളികളുടെ വേതനം, നൽകി വരുന്ന മറ്റു ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) മുഴുവൻ പാചക തൊഴിലാളികളെയും സ്ഥിരപ്പെടുത്തി സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

## പരപ്പ ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

1409 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പ ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് ശിലാസ്ഥാപനം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും നിർമാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത നിർമാണ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കാസർഗോഡ് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1410 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ എത്ര സർക്കാർ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെന്ന് പഞ്ചായത്ത്, മുൻസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ സ്ഥാപിച്ച വർഷം, ഇപ്പോൾ ഓരോ സ്കൂളിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നിവ വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്കൂളുകളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ ഏത് നിലയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ട വിധം അടിസ്ഥാന സൗകര്യങ്ങൾ തീരെ ഇല്ലാത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകൾക്ക് എം.എൽ.എ ഫണ്ടിൽ നിന്നും ബസ്

1411 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ എം.എൽ.എ ആസ്തി വികസന പദ്ധതിയിലെ ടെൻഡർ സേവിംഗ്സിൽ നിന്നും ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പൂർ ജി.എച്ച്.എസ്.എസ്, പുലാപ്പറ്റ ഗവ: എം.എൻ.കെ.എം എച്ച്.എസ്.എസ് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായി 45 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസിൽ നിന്നും 15.10.2024ന് പൊതു

വിദ്യാഭ്യാസ ഡയറക്ടർക്ക് ഡി.ഡി.ഇ.പി.കെ.ഡി/4485/2023-ഇ3 നമ്പർ കത്ത് നല്കിയിരുന്നോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) സ്കൂളുകൾക്ക് വാഹനം വാങ്ങുന്നത് പോലെയുള്ള പ്രവൃത്തികൾ പരമാവധി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ യോഗ്യത</u>

1412 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സെക്കൻഡറി വിഭാഗത്തിലെ എയ്ഡഡ് അധ്യാപകരുടെ നിയമന അംഗീകാരം മുതൽ പെൻഷൻ വരെയുള്ള സേവന വേതന വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഇ., ഡി.പി.ഐ. ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി. ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനും തുടർന്ന് ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ഡി.ഇ.ഒ. യുടെ പി.എ, എ.എ./എ.പി.എഫ്.ഒ./എ.ഒ. തുടങ്ങിയ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റത്തിനും പി.എസ്.സി. നടത്തുന്ന കെ.ഇ.ആർ. പരീക്ഷ പാസാകുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഹയർസെക്കൻഡറി വിഭാഗത്തിലെ എയ്ഡഡ് ഹയർസെക്കൻഡറി അധ്യാപകരുടെ നിയമന അംഗീകാരം മുതൽ പെൻഷൻ വരെയുള്ള സേവന വേതന വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന റീജണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെയും ഹയർസെക്കൻഡറി ഡയറക്ടറേറ്റിലെയും അക്കൗണ്ട്സ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത നിശ്ചയിച്ച് ഇറക്കിയ സ. ഉ. (കൈ) നമ്പർ 3/2025/ജി.ഇ.ഡി.എൻ. -ൽ യോഗ്യതയിൽ നിന്നും പി.എസ്.സി. നടത്തുന്ന കെ.ഇ.ആർ പരീക്ഷ പാസാകുന്നത് ഒഴിവാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെക്കൻഡറി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നീ വിഭാഗങ്ങളുടെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഏകീകരണത്തിനായി ഉള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി നടന്നുകൊണ്ടിരിക്കെ ആയതു മറികടന്ന് ഹയർസെക്കൻഡറി തലത്തിലെ അക്കൗണ്ട്സ് ഓഫീസർമാർക്ക് അത്യാവശ്യം ഉണ്ടായിരിക്കേണ്ട നിശ്ചിത യോഗ്യതയായ കെ.ഇ.ആർ ഒഴിവാക്കി സ്ഥാനക്കയറ്റത്തിനുള്ള യോഗ്യത നിശ്ചയിച്ച് എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് സർക്കാർ നയമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെക്കൻഡറി തലത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ അക്കൗണ്ട് ഓഫീസർ വരെയുള്ള സ്ഥാനക്കയറ്റത്തിന് പി.എസ്.സി നടത്തുന്ന കെ.ഇ.ആർ പരീക്ഷ നിർബന്ധമായിരിക്കേ ആയത് മറികടന്ന് അതേ വകുപ്പിന് കീഴിലുള്ള ഹയർ സെക്കൻഡറി ഭാഗത്തിലെ അക്കൗണ്ട്സ് ഓഫീസർമാർക്ക് സ്ഥാനക്കയറ്റത്തിന് പ്രസ്തുത പരീക്ഷ ഒഴിവാക്കിയത് വകുപ്പുകളുടെ സംയോജനത്തിനുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി പൂർത്തീകരിക്കുമ്പോൾ ചട്ടങ്ങളുടെ

ലംഘനത്തിനും നിയമ പ്രശ്നങ്ങൾക്കും കാരണമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹയർ സെക്കൻഡറി അധ്യാപകരുടെ യോഗ്യതയും നിയമന രീതിയും കെ.ഇ.ആർ -ൽ വ്യവസ്ഥ ചെയ്തിരിക്കെ പ്രസ്തുത അധ്യാപകരുടെ നിയമന അംഗീകാരം മുതൽ പെൻഷൻ വരെയുള്ള സേവന വേതന വ്യവസ്ഥകൾ കൈകാര്യം ചെയ്യുന്ന ഹയർസെക്കൻഡറി വിഭാഗത്തിലെ അക്കൗണ്ട് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് അത്യാവശ്യം ഉണ്ടായിരിക്കേണ്ട കെ.ഇ.ആർ. പരീക്ഷ പാസാകുന്നത് കൂടി ഉൾപ്പെടുത്തി സ. ഉ. (കൈ) നമ്പർ 3/2025/ജി.ഇ.ഡി.എൻ സർക്കാർ ഉത്തരവിലെ അപാകത പരിഹരിച്ച് പ്രസ്തുത ഉത്തരവ് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>പ്ലാൻ ഫണ്ടിലെ വെട്ടിക്കുറവ്</u>

1413 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 -25 സാമ്പത്തിക വർഷം പൊതു വിദ്യാഭ്യാസ വകുപ്പിന് പ്ലാൻ ഫണ്ട് ഇനത്തിൽ എത്ര രൂപയാണ് നീക്കിവെച്ചതെന്നും ഇതിൽ നിന്നും എത്ര രൂപയുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) അനുവദിച്ച ഫണ്ടിൽ നിന്നും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ഏതെങ്കിലും തുക വെട്ടിക്കുറച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളിൽ ഭാഗികമായും പൂർണമായും പൂർത്തീകരിച്ച പ്രവൃത്തികളുടെ എത്ര ബില്ലുകളിൽ പണം അനുവദിക്കാതെ ബാക്കിയുണ്ടെന്നും ഇതിനായി എത്ര കോടി രൂപ വേണ്ടിവരുമെന്നും വിശദമാക്കാമോ?

## <u>മഞ്ചേശ്വരം മണ്ഡലത്തിലെ സ്കൂളുകൾക്ക് വാഹനം വാങ്ങുന്ന പദ്ധതി</u>

1414 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വിവിധ സ്കൂളുകൾക്ക് വാഹനം വാങ്ങുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.ബി.എൽ.പി.എസ്. ബംബ്രാണ, ജി.എച്ച്.എസ്.എസ്. ഹേരൂർ മീപ്രി, ജി.എച്ച്.എസ്.എസ്. പൈവളികെ നഗർ എന്നീ വിദ്യാലയങ്ങൾക്ക് വാഹനം അനുവദിക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള ഫയൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിദ്യാലയങ്ങൾക്ക് വാഹനം ലഭ്യമാക്കുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിദ്യാലയങ്ങൾക്ക് വാഹനം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## തിരൂർ ഡയറ്റിനായുള്ള സ്ഥലമേറ്റെടുപ്പ്

1415 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ബി.പി. അങ്ങാടി ഗവൺമെന്റ് വൊക്കേഷണൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ സ്ഥല വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ;

(ബി) തിരൂർ ഡയറ്റ് സ്ഥാപിക്കുന്നതിനായി പ്രസ്തുത സ്കൂളിൽ നിന്ന് സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തിരൂർ ഡയറ്റിന്റെ നിലവിലെ സ്ഥല വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ?

## യു.പി.എസ്.എ. തസ്തികയിലെ നിലവിലെ ഒഴിവുകൾ

1416 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, കോട്ടയം ജില്ലകളിൽ യു.പി.എസ്.എ. തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനുവേണ്ടി നിലവിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ജില്ലകളിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽനിന്നും (എൽ.പി.എസ്/ യു.പി.എസ്) 2025-ൽ വിരമിക്കുന്ന പ്രഥമാധ്യാപകരുടെ പേരും വിരമിക്കൽ തീയതിയും ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രൈമറി പ്രഥമാധ്യാപക തസ്തികയിലേക്ക് 2025-ൽ നിയമനം ലഭിക്കേണ്ട അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് ലഭ്യമാക്കാമോ?

## പരിയാരം കെ.കെ.എൻ.പി.എം. ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ തസ്തികകൾ

1417 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം കെ.കെ.എൻ.പി.എം. ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പൽ, എച്ച്.എസ്.എസ്.ടി. തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം

1418 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിര നിയമനം ലഭിച്ചിട്ടും നിരവധി എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ദിവസവേതനം മാത്രമാണ് ലഭിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭിന്നശേഷി നിയമനം ത്വരിതപ്പെടുത്തി എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സ്ഥിരനിയമന നടപടിക്രമം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## താത്കാലിക അദ്ധ്യാപകർ

1419 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ് കാരണം അധ്യാപക തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടെന്നും അത്തരത്തിലുള്ള ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്കും അറിയിക്കുമോ;

(ബി) ഇത്തരത്തിൽ തസ്തിക നഷ്ടപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ താത്കാലികമായി നിയമിക്കാറുണ്ടോയെന്നും ഇപ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് എത്ര അധ്യയന വർഷം തുടർച്ചയായി സേവനം അനുഷ്ഠിക്കാൻ വ്യവസ്ഥയുണ്ടെന്നും വ്യക്തമാക്കുമോ?

## എച്ച്.എസ്.എസ്.ടി. (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തികയുടെ യോഗ്യത

1420 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ലെ ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾ പ്രകാരം ഹയർസെക്കൻഡറി അധ്യാപക തസ്തികകളുടെ അടിസ്ഥാന യോഗ്യതയിൽ മറ്റു വിഷയങ്ങളിലെ ബിരുദാനന്തര ബിരുദമോ, പിജി ഡിപ്ലോമയോ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഷയത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിലേക്ക് 2001 ലെ സ്പെഷ്യൽ റൂൾ പ്രകാരം വിജ്ഞാപനം വിളിക്കണമെന്ന എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഉദ്യോഗാർത്ഥികളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇറക്കിയ ഉത്തരവിനു പുറമെ ടി തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് മറ്റു കോടതി ഉത്തരവുകൾ ഉണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത തസ്തികയുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട ഫയൽ നിയമസഭ വിഷയനിർണ്ണയ കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിലെ യു.പി.എസ്.ടി. തസ്തികയിലെ ഒഴിവുകൾ

1421 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 2022-23 അധ്യയന വർഷം മലയാളം മീഡിയം അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്ന് എത്ര ഹെഡ്മാസ്റ്റർ പ്രൊമോഷൻ ഉണ്ടായിരുന്നു; അത് എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ.;

(ബി) പ്രസ്തുത തസ്തികയിൽ 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ എത്ര അധ്യാപകരാണ് വിരമിക്കുന്നതെന്നും വിരമിക്കൽ തീയതിയും തരം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ 2025-26 അധ്യയ നവർഷം പ്രൈമറി വിഭാഗത്തിൽ വിരമിക്കുന്ന ഹെഡ്മാസ്റ്റർമാരുടെ എണ്ണം എത്ര;

(ഡി) പ്രസ്തുത സ്കൂളുകളിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും തസ്തിക നിർണ്ണയം വഴി ഉണ്ടായ ഒഴിവുകൾ എത്രയാണെന്നും അത് എപ്രകാരമാണ് നികത്തപെട്ടിട്ടുള്ളതെന്നും വിശദമാക്കാമോ?

## യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ

1422 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി (എൽ.പി.എസ്., യു.പി.എസ്.) അധ്യാപകർക്ക് എച്ച്.എസ്.എസ്.റ്റി, എച്ച്.എസ്.റ്റി.യിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് വേണ്ടി ഓരോ വിഷയത്തിനും മാറ്റി വച്ചിരിക്കുന്ന ഒഴിവുകളുടെ വിശദാംശം നൽകുമോ;

(ബി) ഏതെങ്കിലും വിഷയത്തിന് സ്ഥാനക്കയറ്റ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിഷയങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(സി) സ്ഥാനക്കയറ്റ നിയമനത്തിന്റെ ഫലമായുണ്ടായ യു.പി.എസ്.എ. ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

## അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷ

1423 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും മാനേജ്മെന്റുകളിൽ നിന്നും ഉണ്ടാകുന്ന അന്യായ നടപടികൾ അവസാനിപ്പിക്കുന്നതിനും ഇവർക്ക് തൊഴിൽ സുരക്ഷയും അർഹമായ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും തൊഴിൽ സുരക്ഷയ്ക്കായി നിയമ നിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമോ; വ്യക്തമാക്കാമോ?

## എച്ച്.എസ്.എസ്.ടി. (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തികയുടെ യോഗ്യത

1424 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയുടെ യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ പബ്ലിക് സർവ്വീസ് കമ്മിഷൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതു വർഷമാണ് പ്രസ്തുത ആവശ്യം ഉന്നയിച്ചതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റൂൾ ഭേദഗതി ചെയ്ത ഗസറ്റ് വിജ്ഞാപനത്തിലെ വിശദീകരണ കുറിപ്പിൽ കേരളത്തിന് പുറത്തുനിന്നുള്ള സർവകലാശാലകളിൽ നിന്നും ടി വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാത്തതിനാലാണ് യോഗ്യത ഭേദഗതി ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) യു.ജി.സി. അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള ബിരുദങ്ങൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ലെന്ന് 2018 ൽ പി.എസ്.സി സർക്കുലർ പുറപ്പെടുവിക്കുകയും ഇത്തരം ബിരുദങ്ങൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യപ്പെടരുതെന്ന യു.ജി.സി. മാർഗ നിർദ്ദേശം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി തസ്തികയുടെ യോഗ്യത പൊതുവിദ്യാഭ്യാസ വകുപ്പ് ഭേദഗതി ചെയ്തതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ഗസറ്റ് വിജ്ഞാപനത്തിൽ ടി തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതിനായി സൂചിപ്പിച്ചിട്ടുള്ള കാരണം യു.ജി.സി. മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഇല്ലെന്ന അഭിപ്രായം പൊതുവിദ്യാഭ്യാസ വകുപ്പിന് ഉണ്ടോ ; എങ്കിൽ 2012 ന് ശേഷം ടി തസ്തികയുടെ ജനറൽ വിഭാഗത്തിലേക്ക് പി.എസ്.സി. വിജ്ഞാപനം നടത്താത്ത നിലയ്ക്ക് എങ്ങനെയാണ് പ്രസ്തുത നിഗമനത്തിൽ എത്തിച്ചേർന്നതെന്നും വിശദമാക്കുമോ?

## <u>അധിക തസ്തിക നിർണ്ണയ നടപടികൾ</u>

1425 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധിക തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അധിക തസ്തികകൾ എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ;

(ബി) 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളിൽ കുട്ടികൾ കുറഞ്ഞതുമൂലം നഷ്ടപ്പെട്ട എൽ.പി.എസ്.എ., പി.റ്റി. ടീച്ചർ തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകളുള്ള പ്രൈമറി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും പേരും വിശദമാക്കുമോ;

(ഡി) 2022 മേയ് 31 -ന് നിലവിൽ വന്ന എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾക്ക് 2024-25 വർഷത്തെ തസ്തിക നിർണയത്തിലെ ഒഴിവുകൾ

റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) 2022 മേയ് 31 -ന് നിലവിൽ വന്ന എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുണ്ടാവുന്ന എച്ച്.എം പ്രൊമോഷൻ മൂലമുൾപ്പെടെയുണ്ടാവുന്ന എല്ലാ ഒഴിവുകളും, ആവശ്യമായ പ്രമോഷനുകൾ നടത്തി നിലവിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊല്ലം ജില്ലയിലെ എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റ്

1426 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എൽ.പി.എസ്.ടി. (516 /19) റാങ്ക് ലിസ്റ്റിന്റെ കാലാവധി 2025 മേയ് 30 ന് അവസാനിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഒരു അധ്യയന വർഷത്തിലെ വിരമിക്കൽ തീയതികൾ മാർച്ച് 31, ഏപ്രിൽ 30, മേയ് 31 എന്നിങ്ങനെ ആയതുകൊണ്ട് ലഭ്യമായ ഒഴിവുകളിലെ തസ്തിക നിർണയത്തിൽ ഉണ്ടാകുന്ന കാലതാമസം മൂലം 2025 മേയ് 31 ന് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ പരിഗണിക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

(സി) മുൻ വർഷങ്ങളിൽ ഉണ്ടായ ഒഴിവുകളിൽ സമയബന്ധിതമായി തസ്തിക നിർണയം പൂർത്തിയാക്കാൻ സാധിക്കാത്തത് മൂലം പ്രസ്തുത ലിസ്റ്റിലെ നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തത് വസ്തുതയല്ലേ; ഇതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സാഹചര്യത്തിൽ 2025 മേയ് 31 ന് വിരമിക്കുന്നവരുടെ ഒഴിവുകളിൽ പ്രസ്തുത ലിസ്റ്റിൽ ഉള്ളവരെ പരിഗണിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) 2024-25 വർഷത്തെ തസ്തിക നിർണ്ണയം ഉടൻ പൂർത്തിയാക്കി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ്

1427 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് നിർബന്ധമാക്കിയത് ഏതുവർഷം മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം ലഭിക്കുകയും കെ-ടെറ്റ് പാസാകാത്തതിനാൽ ഇൻക്രിമെന്റ് തടയുകയും ചെയ്യപ്പെട്ടവർക്ക് പിന്നീട് പരീക്ഷ പാസ്സാകുന്ന മുറയ്ക്ക് സർവ്വീസിൽ പ്രവേശിച്ച കാലം മുതലുള്ള ആനുകൂല്യങ്ങൾ ലഭിക്കുമോ; വിശദമാക്കാമോ?

## കോട്ടയം ജില്ലയിലെ എൽ.പി.എസ്.ടി നിയമനം

1428 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി തസ്തിക നിർണയം പൂർത്തിയായിട്ടില്ലാത്തതിനാൽ എൽ.പി.എസ്.ടി തസ്തികയിൽ ഒഴിവുകൾ ഇല്ലാതായ സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(ബി) 2024-25 അധ്യയന വർഷത്തെ എച്ച്.എം. പ്രൊമോഷൻ വഴി കോട്ടയം ജില്ലയിൽ എൽ.പി.എസ്.ടി തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) കോട്ടയം ജില്ലയിലെ എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ പരമാവധി നിയമനങ്ങൾ ഉറപ്പാക്കുന്നതിനായി തസ്തിക നിർണയം വേഗത്തിൽ നടത്തി എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി. തസ്തികയിലെ ഒഴിവുകൾ

1429 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് സ്കൂൾ തിരിച്ച് വിവരങ്ങൾ നൽകാമോ;

(ബി) 2023-24 അധ്യയന വർഷം എറണാകുളം ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര അധിക തസ്തികകൾ ലഭിച്ചിട്ടുണ്ട് ; ഈ തസ്തികകളിൽ ഈ വർഷം എത്രയെണ്ണം നിലനിൽക്കുന്നുവെന്നും എത്രയെണ്ണം നഷ്ടപ്പെട്ടുവെന്നുമുള്ള വിവരങ്ങൾ സ്കൂളുകൾ തിരിച്ച് നൽകാമോ;

(സി) എറണാകുളം ജില്ലയിൽ 2025 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ടി തസ്തികയിൽ നിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പ്രധാന അധ്യാപകരുടെയും വിവരങ്ങൾ സ്കൂൾ തിരിച്ച് നൽകാമോ;

(ഡി) 2024 വർഷം എറണാകുളം ജില്ലയിൽ പ്രസ്തുത തസ്തികയിലുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പും ഒഴിവുകൾ എപ്രകാരം ഉണ്ടായതാണെന്ന വിവരവും നൽകാമോ?

## ഹൈസ്കൂൾ അദ്ധ്യാപക നിയമനങ്ങൾ

1430 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ ഹൈസ്കൂൾ എച്ച്.എം. പ്രൊമോഷൻ 2025 ജൂണിന് മുമ്പ് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക പോലുമില്ലാത്ത ഹൈസ്കൂളുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുവരെ അനുവദിച്ചിട്ടില്ലാത്ത 2024-25 വർഷത്തെ ഫിക്സേഷൻ പോസ്റ്റുകൾ 2025 ജൂണിൽ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം

വിശദമാക്കുമോ;

(ഡി) ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിൽ നേരിട്ടല്ലാതെയുള്ള നിയമനത്തിന് നീക്കി വെച്ച (ഐ.ഡി.ടി- 15%, പ്രൊമോഷൻ- 15%, ബൈ ട്രാൻസ്ഫർ- 10%, ആശ്രിത നിയമനം- 5%) ഒഴിവുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ അവ നേരിട്ടുള്ള നിയമനത്തിന് നൽകണമെന്ന് നിയമമുണ്ടോ; ഉണ്ടെങ്കിൽ ആ ഉത്തരവ് എല്ലാ ഡി.ഡി.ഇ. ഓഫീസുകളിലും എത്തിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## എറണാകുളം ജില്ലയിലെ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ

1431 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ ലോവർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ (മലയാളം മീഡിയം) തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയെന്നും നിലവിൽ ഏതെല്ലാം സ്കൂളുകളിൽ എത്ര ഒഴിവുകളുണ്ടെന്നും തരം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത തസ്തികയിൽ 2024-25 അദ്ധ്യയന വർഷം എത്ര തസ്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്; ഏതൊക്കെ സ്കൂളുകളിൽ ആണ് നഷ്ടം സംഭവിച്ചിട്ടുള്ളതെന്ന് തരം തിരിച്ച് നൽകുമോ;

(സി) എറണാകുളം ജില്ലയിലെ പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പബ്ലിക് സർവീസ് കമ്മിഷന് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2023-24 അദ്ധ്യയന വർഷം അനുവദിച്ച അധിക തസ്തികകൾ ജനുവരി ആയിട്ടും റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് പ്രകാരം പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നിരിക്കെ എറണാകുളം ജില്ലയിൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ ഒരു തവണ പോലും റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2025 ലെ പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) 20/1/2009 ലെ GO(Ms)No.8/2009/G.Edn പ്രകാരം പ്രൈമറി ലോവർ പ്രൈമറി/ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിലെ ആകെ ഒഴിവിന്റെ അഞ്ച് ശതമാനം ബൈ ട്രാൻസ്ഫർ കേഡറിലേക്ക് റിപ്പോർട്ട് ചെയ്യണമെന്നിരിക്കെ നിലവിലെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തിക്കൊണ്ട് ബൈ ട്രാൻസ്ഫർ കേഡറിലേക്ക് ഒഴിവുകൾ മൊത്തമായി മാറ്റിയിടുന്നത് സംബന്ധിച്ച് എറണാകുളം ജില്ലയിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(എഫ്) എറണാകുളം ജില്ലയിലെ അപ്പർ പ്രൈമറി സ്കൂൾ അധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ (389/2008) നിന്നും 21-11-2016-ൽ അഡ്വൈസ് നൽകിയ 16 പേരിൽ എത്ര അധ്യാപകർ ജോലിയിൽ പ്രവേശിച്ചു; ജോലിയിൽ പ്രവേശിക്കാത്തവരുടെ പേരും അവരുടെ അഡ്വൈസിലെ ടേണും കമ്മ്യൂണിറ്റി തിരിച്ച് നൽകുമോ;

(ജി) എറണാകുളം ജില്ലയിലെ ഗവൺമെൻറ് സ്കൂളിൽ ജോലി ചെയ്യുന്ന ലോവർ പ്രൈമറി/അപ്പർ പ്രൈമറി അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് നൽകാമോ; ടി അധ്യാപകരുടെ ഡെസിഗ്നേഷനും അവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളും അവരുടെ സീനിയോറിറ്റിക്ക് പരിഗണിക്കുന്ന വിവരങ്ങളും തരം തിരിച്ച് നൽകാമോ?

## കാസർഗോഡ് ജില്ലയിലെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയം

1432 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2024-25 അദ്ധ്യയന വർഷത്തെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് അധ്യാപക ബാങ്ക് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ നിന്നും സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പരിഗണനയിൽ നിയമനാംഗീകാരത്തിനായുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പാകാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## എൽ.പി.എസ്.എ. നിയമനം

1433 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ അധികതസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് എന്ന് പ്രാബല്യത്തിൽ വരുമെന്നും വിശദമാക്കാമോ;

(ബി) 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിലെ കണക്കനുസരിച്ച് സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞത് മൂലം നഷ്ടപ്പെട്ട എൽ.പി.എസ്.എ., പി.ടി. ടീച്ചർ തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(സി) സംസ്ഥാനത്ത് 2024-25 അധ്യയന വർഷത്തിൽ അധിക തസ്തികകളുള്ള പ്രൈമറി സ്കൂളുകളുടെ പേരും എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 2022 മേയ് 31-ന് നിലവിൽ വന്ന എൽ.പി.എസ്.എ. റാങ്ക്ലിസ്റ്റിൽ നിന്നുമുള്ള നിയമനങ്ങൾക്ക് 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) എച്ച്.എം. പ്രമോഷൻ മൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പടെ, 2022 മേയ് 31-ന് നിലവിൽവന്ന എൽ.പി.എസ്.എ. റാങ്ക്ലിസ്റ്റിന്റെ കാലാവധിക്കുള്ളിലുണ്ടാവുന്ന എല്ലാ ഒഴിവുകളും ആവശ്യമായ പ്രമോഷനുകൾ നടത്തി നിലവിലെ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## വി.എച്ച്.എസ്.ഇ. ജ്യോഗ്രഫി ജൂനിയർ ടീച്ചർ ഒഴിവുകൾ

1434 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. ജ്യോഗ്രഫി ജൂനിയർ ടീച്ചർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ അധ്യാപക തസ്തികകൾ

1435 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാർ സ്കൂളുകളിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി എത്ര അധ്യാപക, പ്രധാന അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ ഈ വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അധ്യാപക തസ്തികകൾ പുതുതായി നിലവിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ വിവിധ വിഭാഗങ്ങളിലായി എത്ര അധ്യാപക നിയമനങ്ങൾക്ക് ഇനിയും അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ?

## 2025 ലെ വിരമിക്കലും സ്ഥാനക്കയറ്റവും

1436 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് മുതൽ ഡി.ജി.ഇ. ഓഫീസ് വരെ 2025-ൽ സീനിയർ സൂപ്രണ്ട് മുതൽ പാഠപുസ്തക ഓഫീസർ വരെയുള്ള തസ്തികകളിൽ എത്രപേർ വിരമിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് പ്രസ്തുത ഒഴിവുകൾ നികത്താൻ യഥാസമയം ഡി.പി.സി. യോഗം ചേർന്ന് നിയമനങ്ങൾ നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## എൽ.പി.എസ്.റ്റി. തസ്തികയിലെ നിയമനം

1437 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിലെ 2025 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ റിട്ടയർ ചെയ്യുന്ന അധ്യാപകരുടെ എണ്ണം എത്ര; ഏതെല്ലാം സ്കൂളുകളിലാണ് റിട്ടയർമെന്റ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിൽ 2024-25 അധ്യയന വർഷത്തിൽ എത്ര അധിക ഡിവിഷനുകൾക്കാണ് ശിപാർശ നൽകിയിട്ടുള്ളത്; ഏതെല്ലാം സ്കൂളുകൾക്കാണ് അധിക ഡിവിഷനുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 2024-25 അധ്യയന വർഷം അനുമതി നൽകിയ അധിക ഡിവിഷനുകൾ ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) 2025 മേയ് 31 ന് കാലാവധി അവസാനിക്കുന്ന എൽ.പി.എസ്.റ്റി. (516/2019) റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് 2025 മേയ് 31 വരെയുള്ള അധ്യാപകരുടെ വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് ഇവ മുൻകൂട്ടിത്തന്നെ പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## നോക്കുകൂലിയെ തുടർന്നുള്ള സംഘർഷങ്ങൾ

1438 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നൽകാത്തതിനെ തുടർന്നുണ്ടാകുന്ന സംഘർഷങ്ങൾ പതിവാകുന്നത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളറടയിൽ മുപ്പത് ലക്ഷത്തോളം രൂപ വായ്പയെടുത്ത് കച്ചവടം നടത്തുന്ന വ്യാപാരിയെ നോക്കുകൂലി നൽകാത്തതിന്റെ പേരിൽ തൊഴിലാളികൾ മർദ്ദിച്ചതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## പദ്ധതി അടങ്കലിന്റെ 50 % വരെ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം

1439 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനത്തെ തുടർന്ന് തൊഴിൽ വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് ഇത്തരത്തിൽ വെട്ടിക്കുറവ് സംഭവിച്ചിട്ടുള്ളതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറച്ചു എന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## ലേബർ സെസ്സ്

1440 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടത്തിന്റെ ലേബർ സെസ്സ് തദ്ദേശസ്ഥാപനങ്ങളിൽ അടക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ലേബർ സെസ്സ് ഗഡുക്കളായി അടയ്ക്കുന്നതിന് സാധിക്കുമോയെന്ന് അറിയിക്കാമോ?

## നോക്കുകൂലി സമ്പ്രദായം

1441 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചിലയിടങ്ങളിൽ നോക്കുകൂലി സമ്പ്രദായം തുടരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങളിൽ ഉൾപ്പെട്ട തൊഴിലാളികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നിക്ഷേപ സൗഹൃദാന്തരീക്ഷവും തൊഴിലാളി സംഘടനകളുടെ സഹകരണവും ഉറപ്പാക്കി നോക്കുകൂലി സമ്പ്രദായം പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## സംഘടിത തൊഴിൽ മേഖലയിലെ സ്ത്രീപങ്കാളിത്തം

1442 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വികസനത്തിന്റെ ഏറ്റവും പ്രധാന സൂചകങ്ങളിൽ ഒന്നായ തൊഴിലവസരങ്ങളുടെ സൃഷ്ടിയും നീതിയുക്തമായ തൊഴിൽലഭ്യതയും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമാ;

(ബി) സംസ്ഥാനത്തെ സംഘടിത തൊഴിൽമേഖലയിൽ സ്ത്രീ പങ്കാളിത്തത്തിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വനിതകൾക്ക് കൂടുതൽ തൊഴിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായിക്കുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) മികച്ച നൈപുണ്യശേഷിയുള്ള യുവജനങ്ങളെ സൃഷ്ടിക്കുന്നതിൽ കേരളത്തിനുള്ള ശേഷി മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരിക്കാവുന്ന മാതൃകയാക്കി മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## ക്ഷേമനിധി ബോർഡുകൾ നിലവിൽ നൽകുവാനുള്ള കുടിശ്ശിക

1443 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡും ഗുണഭോക്താക്കൾക്ക് എത്ര തുക കുടിശിക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

**കെട്ടിട തൊഴിലാളി ക്ഷേമനിധിയിലേക്ക് ഈടാക്കിയ തുക**

1444 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട തൊഴിലാളി ക്ഷേമനിധിയിലേക്ക് കഴിഞ്ഞ 10 വർഷമായി അടങ്കൽ ആയി കെട്ടിടങ്ങൾ നിർമ്മിച്ചവരിൽ നിന്നും എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര രൂപ നാളിതുവരെ തൊഴിലാളികൾക്കായി നൽകിയിട്ടുണ്ടെന്നും എത്ര രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അവ ചെലവഴിച്ച രീതിയും വ്യക്തമാക്കാമോ?

**ക്ഷേമനിധി ബോർഡുകളിലെ ആനുകൂല്യങ്ങളുടെ വിതരണം**

1445 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും ഓരോ ബോർഡും വിതരണം ചെയ്യേണ്ട തുകയും അവ ലഭിക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണവും ബോർഡ് തിരിച്ച് വ്യക്തമാക്കുമോ?

**ക്ഷേമനിധി ബോർഡുകൾ**

1446 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡിലും രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണവും ബോർഡ് തിരിച്ച് വ്യക്തമാക്കുമോ?

**ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള തുക**

1447 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡിന്റെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും വ്യക്തമാക്കാമോ?

**കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനു നൽകിയ ധനസഹായം സംബന്ധിച്ച്**

1448 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 ൽ സ്ഥാപിതമായ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നാളിതുവരെ എത്ര തുക ധനസഹായമായി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്കും എന്തിനത്തിലാണ് തുക നൽകിയതെന്ന വിവരവും വിശദമാക്കാമോ;

(സി) വിവിധ ഇനങ്ങളിലായി നൽകേണ്ട കുടിശ്ശിക തുക എത്രയാണെന്നും അത് എന്ന് കൊടുത്തു തീർക്കാനാകുമെന്നും വ്യക്തമാക്കാമോ?

## കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തുക വിതരണം ചെയ്യാൻ നടപടി

1449 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയായവർക്ക് കഴിഞ്ഞ ആറ് വർഷമായി അടച്ച തുക തിരിച്ച് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക തിരിച്ച് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## അസംഘടിത മേഖലാ തൊഴിലാളികളുടെ ദിവസ വേതനം

1450 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസ വേതനം ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ ജോലി ചെയ്യുന്ന ഗ്രാമീണ മേഖലയിലെ പുരുഷ കർഷക തൊഴിലാളികളുടെയും ഗ്രാമീണ നിർമ്മാണ മേഖലയിലെ പുരുഷന്മാരുടെയും ശരാശരി ദിവസ വേതനം എത്രയെന്ന് വിശദമാക്കാമോ?

## ഗിഗ് വർക്കേഴ്സിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ

1451 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിഗ് വർക്കേഴ്സിന്റെ ക്ഷേമവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരളത്തിലെ ഗിഗ് വർക്കേഴ്സിന്റെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാമോ?

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്

1452 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് പ്രാബല്യത്തിൽ വന്നതും പിരിച്ചെടുക്കാൻ ആരംഭിച്ചതും എന്നു മുതലാണ്; ഇതു വരെ എത്ര തുക, എത്ര കെട്ടിട ഉടമകളിൽ നിന്നായി പിരിച്ചെടുത്തിട്ടുണ്ട്; ഇതിൽ പുതിയതും പഴയതുമായ കെട്ടിട ഉടമകൾ ഉൾപ്പെടുന്നുണ്ടോ;

(ബി) സെസ് പിരിച്ചെടുക്കുമ്പോൾ ഇതിന്റെ നിശ്ചിതശതമാനം തദ്ദേശവകുപ്പിനോ തദ്ദേശസ്ഥാപനങ്ങൾക്കോ നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് ഇങ്ങനെ നൽകുന്നത്; അതോ പിരിച്ചെടുക്കുന്നതിനുള്ള വിഹിതം തദ്ദേശവകുപ്പോ തദ്ദേശസ്ഥാപനങ്ങളോ അധികമായി പിരിക്കുന്നതാണോ;

(സി) എത്ര കെട്ടിടങ്ങളിൽ നിന്നായി എത്ര തുക വീതം സെസ് കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എത്ര വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്; ഇതിനായുള്ള ഊർജ്ജിതശ്രമം തൊഴിൽവകുപ്പ് ആരംഭിച്ചിട്ടുണ്ടോ;

(ഡി) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് നൽകി വരുന്നത്; നിലവിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് കുടിശ്ശിക ആയിട്ടുള്ളത് ; ആനുകൂല്യങ്ങൾ നൽകാൻ തികയുന്ന തരത്തിൽ സെസ് ലഭിക്കുന്നില്ലെന്ന് ബോർഡ് അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടിയാണ് സ്വീകരിച്ചത്?

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി കുടിശിക

1453 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങളുടെ വിശദാംശം നൽകാമോ;

(ബി) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ പതിനെട്ട് മാസത്തിലേറെയായി കുടിശികയാണ് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അടക്കമുള്ള തൊഴിലാളി ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളവരുടെ കുടിശിക അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ അതിഥിആപ്പ്

1454 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ "അതിഥിആപ്പ്" എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രയോജനം ഏത് തരത്തിലാണ് അതിഥി തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

## ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ

1455 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകുമോ?

## ഐ.ആർ.ഇ., കെ.എം.എം.എൽ. ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് നടപടി

1456 **ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിലെ തൊഴിൽ മേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ. യും കെ.എം.എം.എൽ. ഉം കൊല്ലം കളക്ടർ ചെയർമാനായ കൊല്ലം മൈനിംഗ് ഏരിയ വെൽഫയർ ബോർഡിലേക്ക് സി.എസ്.ആർ ഫണ്ടിൽ നിന്നും അടച്ചു കൊണ്ടിരുന്ന തുക ഇപ്പോൾ തൊഴിൽ വകുപ്പിന്റെ ഒരു ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് അടയ്ക്കുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത തുക തൊഴിൽ വകുപ്പിന്റെ ഒരു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് വരുന്നതിലെ കാലതാമസം ഒഴിവാക്കി ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

1457 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി/488/2022-എ2 തീയതി 13/06/23 വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ സ്പാർക്ക് മുഖേന ഓൺലൈൻ ആയി ക്ഷണിക്കുകയും പൊതുസ്ഥലമാറ്റം നടപ്പിലാക്കുകയും ഉണ്ടായി. മേൽവിജ്ഞാപനപ്രകാരം പൊതു സ്ഥലംമാറ്റം നടത്തപ്പെട്ട കേഡറുകളിലെ സ്പാർക്ക് ജനറേറ്റഡ്/മറ്റ് രീതിയിൽ പുറപ്പെടുവിച്ച അന്തിമ സ്ഥലംമാറ്റ പട്ടികകളുടെ പകർപ്പ് നൽകാമോ?

## കുളത്തുപ്പുഴ ഗവ ഐടിഐ

1458 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ കൂവക്കാട് തമിഴ് മീഡിയം സ്കൂൾ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിച്ചു വരുന്ന സർക്കാർ ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിനായി റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് വക 1.07 ഏക്കർ ഭൂമികൈമാറുന്നതിന് ബഹു. മന്ത്രിതല യോഗത്തിലെ തീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി കൈമാറ്റത്തിന് നിലവിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) കുളത്തൂപ്പുഴ ആഞ്ഞിലിമൂട് പ്രദേശത്തെ 1.07 ഏക്കർ ഭൂമി നിലവിൽ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലും, കരമടവിലും ഉൾപ്പെട്ടതിനാൽ വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറ്റത്തിനുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും, പ്രസ്തുത ഐ.ടി.ഐ. നടപ്പാക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുറുമാത്തൂർ ഗവ. ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ

1459 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറുമാത്തൂർ ഗവ. ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കുന്നത്ത്നാട് മണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ. അനുവദിക്കാൻ നടപടി

1460 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്ത്നാട് മണ്ഡലത്തിൽ ഗവൺമെന്റ് തലത്തിൽ ഐ. ടി. ഐ. ഇല്ലെന്നതും ഇവിടെ സർക്കാർ തലത്തിൽ ഒരു ഐ. ടി. ഐ. അനുവദിക്കണമെന്ന ആവശ്യവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ബി. പി. സി.എൽ., എച്ച്.ഒ.സി., ഐ. ഒ. സി., എഫ്.എ.സി.ടി., കിൻഫ്ര എന്നിവ അടക്കം പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന കുന്നത്ത്നാട് മണ്ഡലത്തിൽ ഒരു സർക്കാർ ഐ.ടി.ഐ. അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വടവുകോട് - പുത്തൻകുരിശ് പഞ്ചായത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന സ്ഥലത്തോട് ചേർന്ന് കിടക്കുന്ന 3 ഏക്കർ സ്ഥലത്ത് ഒരു ഗവൺമെന്റ് ഐ. ടി. ഐ. ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

## കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടം

1461 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കിഫ്ബി മുഖേന കെട്ടിടം പണിയുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഐ.ടി.ഐ.ക്ക് കെട്ടിട നിർമ്മാണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് എത്ര കോടിയാണ്;

(സി) കെട്ടിട നിർമ്മാണത്തിനുള്ള റീ ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**സർക്കാർ ഐ.ടി.ഐ-കളിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് വേതനം ലഭിക്കുന്നതിനുള്ള നടപടി**

1462 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ചില സർക്കാർ ഐ.ടി.ഐ-കളിൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് വേതനം ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് വേതനം ലഭിക്കുന്നതിനാവശ്യമായ റെക്ടിഫിക്കേഷൻ, സ്പാർക്ക് അപ്പ്രൂവൽ മുതലായവ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

(സി) സർക്കാർ ഐ.ടി.ഐ-കളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് വേതനം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനം**

1463 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക യോഗ്യതയുള്ള എത്ര ഭിന്നശേഷിക്കാർ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് നിയമനം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) 2021- ന് ശേഷം എത്ര ഭിന്നശേഷിക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ എയ്ഡഡ് സ്കൂളുകളിൽ അധ്യാപക നിയമനം നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ;

(സി) ആവശ്യമായ ഒഴിവുകൾ നിലനിൽക്കെ ഭിന്നശേഷിക്കാരുടെ നിയമനം എത്ര ദിവസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

1464 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) സർക്കാർ വകുപ്പുകളിൽ താല്ക്കാലിക, കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായാണ് നടക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഓൺലൈൻ പ്ലാറ്റ്ഫോമിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

1465 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളായി പരിവർത്തനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ് വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## എംപ്ലോയ്മെന്റ് എകസ്ചേഞ്ച് വഴി രജിസ്ട്രേഷൻ പുതുക്കൽ

1466 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രജിസ്ട്രേഷൻ പുതുക്കാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി സഹിതം രജിസ്ട്രേഷൻ പുതുക്കി നൽകുമെന്ന പ്രഖ്യാപനത്തെ തുടർന്ന് രജിസ്ട്രേഷൻ പുതുക്കി നൽകിയെങ്കിലും ഇവർക്ക് സീനീയോറിറ്റി ലിസ്റ്റിൽ ഇടം പിടിക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഏത് വർഷമാണ് അവസാനമായി സീനിയോറിറ്റി ലിസ്റ്റ് പുതുക്കിയതെന്ന് വിശദമാക്കാമോ?

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1467 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പ്രസ്തുത പദ്ധതികളിലൂടെ എത്ര പേർക്കാണ് തൊഴിൽ പരിശീലനം നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടത്തിവരുന്ന അക്രഡിറ്റഡ് കോഴ്സുകളുടെ വിവരം ലഭ്യമാക്കാമോ?

## പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം

1468 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) കരിയർ ഡെവലപ്മെന്റ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിലെ അച്ചടക്ക നടപടി

1469 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ ആശുപത്രി

1470 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആശുപത്രികൾ പുതുതായി അനുവദിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിനാലൂർ വ്യവസായ വികസന കേന്ദ്രം ഉൾപ്പെടെ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ ആശുപത്രി അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഇ. എസ്. ഐ. മേഖലയിലെ പുതിയ ഡിസ്പെൻസറികൾ

1471 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഇ. എസ്. ഐ. മേഖലയിൽ പുതുതായി എത്ര ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇ. എസ്. ഐ. മേഖലയിൽ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

## പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

1472 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

## ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി

1473 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും നിലവിൽ കൃഷി ഇല്ലാത്തതുമായ ഭൂമി തരംമാറ്റുന്ന നടപടികളുടെ ഭാഗമായി എത്ര പേർക്ക് ഭൂമി തരംമാറ്റി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഭൂമി തരംമാറ്റാനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും അവ എന്നത്തേക്ക് തീർപ്പാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

## കാട്ടാക്കട പട്ടണ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

1474 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പട്ടണ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൊട്ടൻകാവ്- നെല്ലിക്കാട് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; ഭൂമിഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിലെ ഭൂമി തരംമാറ്റൽ അപേക്ഷകൾ

1475 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഭൂമി തരംമാറ്റം നടത്തുന്നതിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും എത്ര എണ്ണം നിലിവിൽ ബാക്കിയുണ്ടെന്നും നിയോജക മണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിന് ലഭിക്കുന്ന അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>മഞ്ഞപ്ര വില്ലേജ് ഓഫീസിന്റെ സമീപവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി</u>**

1476 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ ചന്ദ്രപ്പുര ജംഗ്ഷനിൽ മഞ്ഞപ്ര വില്ലേജ് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ പൊതുജനം അനുഭവിക്കുന്ന ബുദ്ധിമുട്ട് വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 10/09/2024 ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് എം.എൽ.എ. നൽകിയ കത്തിലെ ഉള്ളടക്കം പരിശോധിച്ചിരുന്നോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ എൽ.ആർ.(ജെ7)9025/24 നമ്പർ ഫയൽ പരിശോധിക്കുന്നതിന് എത്ര ദിവസം വേണ്ടിവന്നുവെന്നും ഫയൽ തീർപ്പാക്കാൻ കാലതാമസം ഏത് ഓഫീസിലാണ് നേരിട്ടതെന്നും വ്യക്തമാക്കാമോ;

(സി) മേൽ വിഷയത്തിൽ എം.എൽ.എ. നൽകിയ കത്ത് കമ്മീഷണർക്ക് ലഭിച്ചതായോ തീർപ്പാക്കിയതായോ ഉള്ള മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ കത്ത് നൽകിയ എം.എൽ.എ.യിൽ നിന്നും വ്യക്തത വരുത്തിയിരുന്നോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>വിഷൻ & മിഷൻ വഴി തീർപ്പാക്കിയ കേസ്സുകൾ</u>**

1477 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച വിഷൻ & മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം ഫലം കൈവരിച്ചുവെന്ന കാര്യത്തിൽ സോഷ്യൽ ഓഡിറ്റിങ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മന്ത്രിയുടെയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ജനപ്രതിനിധികൾ നേരിട്ടും രേഖാമൂലവും പരിഹാരം ആവശ്യപ്പെട്ട വിഷയങ്ങളിന്മേൽ പൂർണ്ണമായും പരിഹാരം കാണുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിഷൻ ആന്റ് മിഷനിൽ അങ്കമാലി മണ്ഡലത്തിന്റെ ജനപ്രതിനിധി തുടർച്ചയായി ഉന്നയിച്ചിട്ടുള്ളതും അവസാനം കൂടിയ യോഗത്തിൽ നൽകിയ കത്തിലെ ഒൻപത് വിഷയങ്ങളിൽ ഏതെല്ലാം കാര്യങ്ങളാണ് തീർപ്പാക്കിയതെന്നും നയപരമായി

തീർപ്പാക്കാൻ ശിപാർശ ചെയ്ത കേസ്സുകളിൽ തീർപ്പാക്കിയവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) വിഷൻ ആന്റ് മിഷനിൽ തീർപ്പാക്കുമെന്ന് ഉറപ്പ് നൽകിയ വിഷയങ്ങൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അങ്കമാലി മണ്ഡലത്തിൽ നയപരമായ തീരുമാനം വേണമെന്ന് ശിപാർശ ചെയ്ത വിയങ്ങളിന്മേൽ തീരുമാനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

## വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസ് ആക്കുന്ന നടപടി

1478 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയ വില്ലേജ് ഓഫീസുകൾ എത്രയാണെന്നും സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്നും അറിയിക്കാമോ; എത്ര വിസ്തീർണമുള്ള കെട്ടിടങ്ങളാണ് ഓരോ വില്ലേജ് ഓഫീസിനുമുള്ളതെന്നും ഇതിന് പൊതുവായ രൂപരേഖയോ നടപടിക്രമമോ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയ വില്ലേജ് ഓഫീസുകൾ ഏതൊക്കെയെന്ന് ഇതിന് ചെലവാക്കിയ തുക, പൂർത്തിയായ വർഷം, ജോലി നിർവഹിച്ച ഏജൻസി എന്നീ വിവരങ്ങൾ സഹിതം വിശദമാക്കാമോ;

(സി) സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം നിലവിൽ എവിടെയെല്ലാമാണ് പുരോഗമിക്കുന്നതെന്നും നടപ്പ് സാമ്പത്തിക വർഷം ഇതിനായി ബജറ്റിൽ അനുവദിച്ചിട്ടുള്ള ഫണ്ടിൽ കുറവ് വരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

## എൽ.ആർ.എം. പരാതികൾ പരിഹരിക്കാൻ നടപടി

1479 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ താലൂക്കുകളിലായി എൽ.ആർ.എം. സംബന്ധിച്ച് എത്ര പരാതികളാണുള്ളതെന്നും ഏതൊക്കെ വിഭാഗത്തിലുള്ളതാണെന്നും എത്ര വർഷം പഴക്കമുണ്ടെന്നുമുള്ള വിവരം ജില്ല, താലൂക്ക് അടിസ്ഥാനത്തിൽ വേർതിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2021 വരെയും 2021 മുതൽ 2025 ജനുവരി മാസംവരെയും എത്ര എൽ.ആർ.എം. പരാതികളാണ് പരിഹരിച്ചതെന്നും പരാതി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ;

(സി) ഭൂനികുതി ഓൺലൈനായി അടയ്ക്കാൻ എത്ര വില്ലേജുകളിൽ നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇനിയും രേഖകൾ ഡിജിറ്റലാക്കി മാറ്റാത്ത എത്ര വില്ലേജുകളാണുള്ളതെന്നും പ്രസ്തുത വില്ലേജുകൾ ഏതൊക്കെയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ഡി) രേഖകൾ ഡിജിറ്റലാക്കി മാറ്റിയപ്പോൾ ഡാറ്റ എൻട്രിയിൽ വന്ന പിഴവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ താലൂക്കുകളിലോ വില്ലേജുകളിലോ പരിഹരിക്കാൻ

ബാക്കിയുണ്ടെന്നും ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ**

1480 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് ഭൂമി തരം മാറ്റം നടത്തുന്നതിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം നിലവിൽ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഭൂമി തരം മാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കടുത്തുരുത്തി മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ**

1481 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത നടപടികൾക്ക് നേരിടുന്ന കാലതാമസം ഒഴിവാക്കുമോയെന്ന് അറിയിക്കാമോ;

(ബി) കടുത്തുരുത്തി റെയിൽ ഓവർ ബ്രിഡ്ജിന്റെ ബ്രിഡ്ജ് വാല്യൂ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനെതിരെ ഡബ്ല്യൂപി(സി) 18680/2021 നമ്പർ കേസിന്റെ വിധി ആയിട്ടുണ്ടോ; എങ്കിൽ സ്ഥലമേറ്റെടുപ്പിന്റെ തുടർനടപടികൾ ആരംഭിച്ചോയെന്ന് വിശദമാക്കാമോ;

(ഡി) കോതനല്ലൂർ റെയിൽ ഓവർ ബ്രിഡ്ജ് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ്ജ് ലാന്റ് അക്വിസിഷൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം വിശദമാക്കാമോ?

**കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതിന് നടപടി**

1482 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലും പ്രധാനമന്ത്രി ആവാസ് യോജനയടക്കമുള്ള ഭവനപദ്ധതികളിലും ഉൾപ്പെട്ടിട്ടുള്ള പുനലൂർ താലൂക്കിലെ ആര്യങ്കാവ് വില്ലേജിലെ ഇരുളൻകാട്, രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കൂട്ടത്തിമണ്ണിൽ പ്രദേശങ്ങളിൽ താമസിയ്ക്കുന്ന കുടുംബങ്ങൾക്ക് വില്ലേജിൽ നിന്നും കൈവശ സർട്ടിഫിക്കറ്റ് ലഭിയ്ക്കാത്ത സാഹചര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിന് എന്ത് നടപടി സ്വീകരിയ്ക്കാനാകുമെന്ന് വിശദമാക്കാമോ;

(ബി) വന മേഖലയോടു ചേർന്ന് കിടക്കുന്ന പ്രസ്തുത പ്രദേശങ്ങളിൽ അൻപതു വർഷത്തിലധികമായി കൈവശത്തിലിരിക്കുന്ന ഭൂമിയ്ക്ക് വിവിധ സർക്കാർ പദ്ധതിപ്രകാരം ലഭിയ്ക്കുന്ന വീട് നിർമ്മിയ്ക്കുന്നതിനായി ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് അനുവദിയ്ക്കാനാകുമോ; വിശദമാക്കാമോ; ഇവർക്കായി പ്രത്യേക അനുമതി ആവശ്യമെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളിൽ നിന്നും പട്ടയത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

## ഫെയർ വാല്യൂ പുനർ നിർണ്ണയം

1483 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിൽ ഭൂമിയുടെ ഉയർന്ന ഫെയർ വാല്യൂ വിഷയം പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ ആക്കി ഫെയർ വാല്യൂ പുനർ നിർണ്ണയം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## റവന്യൂ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനം

1484 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ അഴിമതി വർദ്ധിച്ചു വരുന്നതായുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ തലങ്ങളിലുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കടലാസ് രഹിത വില്ലേജ് ഓഫീസ് സംവിധാനം അഴിമതി കുറയ്ക്കുന്നതിന് സഹായകരമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റവന്യൂ വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പ്രവാസികൾക്ക് ഓൺലൈനായി റവന്യൂ സേവനങ്ങൾ

1485 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് സ്വന്തമായോ കൂട്ടായ അവകാശത്തിലോ സംസ്ഥാനത്തുള്ള ഭൂമി സംബന്ധിച്ച എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവാസികൾക്കായി ഭൂമി സംബന്ധമായ ഏതെല്ലാം സേവനങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമിസംബന്ധമായ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പ്രവാസികൾക്ക് ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ഡി) ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും താമസിക്കുന്ന പ്രവാസി മലയാളികൾക്ക് അവരുടെ പേരിൽ സംസ്ഥാനത്തുള്ള ഭൂമി സംബന്ധമായ വിഷയങ്ങളിൽ അപേക്ഷ സമർപ്പിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും സൗകര്യമേർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## വയനാട് ജില്ലയിലെ എസ്റ്റേറ്റ് വക ഭൂമിയുടെ കൈവശാവകാശം

1486 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 1947 ന് മുമ്പ് ബ്രിട്ടീഷ് കമ്പനികളും പൗരന്മാരും കൈവശം വെച്ചിരുന്ന എസ്റ്റേറ്റുകളുടെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) 1947 ന് മുമ്പ് ഓരോ വില്ലേജിലും എത്ര ഏക്കർ ഭൂമി വീതം ഏതെല്ലാം എസ്റ്റേറ്റുകൾക്ക് ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതെല്ലാം പാട്ട ഭൂമിയായിരുന്നോ എന്നും നിലവിൽ ഭൂമി ആരുടെ കൈവശമാണുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി കൈവശം വെച്ചിരിക്കുന്നവർക്ക് ഭൂമിയിന്മേലുള്ള അവകാശം എന്താണെന്ന് വ്യക്തമാക്കാമോ?

## പിൻതുടർച്ചാ പോക്കുവരവിനുള്ള അപേക്ഷകൾ

1487 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വില്ലേജ് ഓഫീസുകളിൽ പിൻതുടർച്ചാ പോക്കുവരവിനുള്ള അപേക്ഷകൾ വ്യത്യസ്ത രീതികളിൽ കൈകാര്യം ചെയ്യുന്നതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലിവിലെ രീതി സങ്കീർണ്ണമായതിനാൽ

പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇത്തരം പോക്കുവരവുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പിൻതുടർച്ചാ പോക്കുവരവിന് നിലവിൽ അപേക്ഷകൻ നൽകേണ്ട രേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുൻഗണന പ്രകാരമാണോ അപേക്ഷകൾ തീർപ്പാക്കുന്നത്; വിശദമാക്കാമോ?

**<u>സർഫാസി ആക്ട് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ ക്രയവിക്രയം</u>**

1488 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമപ്രകാരം കോടതി വ്യവഹാരത്തിലൂടെയല്ലാതെ ബാങ്കുകൾ ഏറ്റെടുത്ത ഭൂമി ലേലത്തിൽ പിടിച്ച് രജിസ്റ്റർ ചെയ്തുവാങ്ങുന്നവർക്ക് തണ്ടപ്പേരിൽ ബാങ്കിന്റെ പേരില്ല എന്ന കാരണത്താൽ പോക്കുവരവ് ചെയ്യാതിരിക്കുകയും നികുതി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർഫാസി ആക്ട് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ ക്രയവിക്രയത്തിന്റെ ഭാഗമായി തണ്ടപ്പേരിൽ തങ്ങളുടെ പേര് ചേർക്കേണ്ടതില്ല എന്ന് ബാങ്കുകൾ നിലപാട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഭൂമി തരം മാറ്റം</u>**

1489 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി നടപ്പിലാക്കിയശേഷം എത്ര ഹെക്ടർ ഭൂമി തരം മാറ്റം നടത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഭൂമി തരം മാറ്റം നടത്തിയതിലൂടെ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

**<u>ഭൂമി തരംമാറ്റത്തിലൂടെ ലഭിച്ച തുക</u>**

1490 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവ് മുതൽ നാളിതുവരെ ഭൂമി തരംമാറ്റത്തിലൂടെ ലഭിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത തുക ഏത് ശീർഷകത്തിലാണ് വരവ് വെച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഭൂമി തരംമാറ്റത്തിലൂടെ ലഭിക്കുന്ന തുക കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്ന നിയമ വ്യവസ്ഥ അനുസരിച്ച് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ തുക കൈമാറിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേല്പറഞ്ഞ പ്രകാരം തുക കൈമാറിയിട്ടില്ലെങ്കിൽ പ്രസ്തുത തുക ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന വിശദാംശം നൽകുമോ?

**<u>കൈപ്പമംഗലം മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പൂർത്തീകരണം</u>**

1491 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ ദേവസ്വം ഭൂമി പ്രശ്നങ്ങൾ, നികുതി ഒടുക്കാത്ത ഭൂമി പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ, മിച്ചഭൂമി പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഡിജിറ്റൽ സർവേ മണ്ഡലത്തിൽ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോയെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ പട്ടയത്തിന് അപേക്ഷ നൽകിയവരിൽ പട്ടയം ലഭിക്കാത്ത എത്ര പേരുണ്ടെന്നും ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

## പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകൽ

1492 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്കാണ് ഭൂമി നൽകിയിട്ടുള്ളതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ദേവികുളം താലൂക്കിലെ പട്ടയ വിതരണം

1493 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വർഷവും വില്ലേജും തിരിച്ച് വ്യക്തമാക്കമോ;

(ബി) ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ പാസ്സാക്കുന്ന പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ദേവികുളം താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കിയ എത്ര പട്ടയങ്ങൾ നിലവിൽ വിതരണം ചെയ്യുവാനുണ്ടെന്നും അവ വിതരണം നടത്താതിരുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ?

## ചേലക്കര മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ

1494 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്ക് ചേലക്കര മണ്ഡല പരിധിക്കുള്ളിൽ വരുന്ന വില്ലേജുകളിലായി എത്ര പേർക്ക് പട്ടയം അനുവദിച്ച് കൊടുത്തിട്ടുണ്ടെന്ന് എണ്ണം, വില്ലേജ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ചേലക്കര മണ്ഡല പരിധിക്കുള്ളിലെ വില്ലേജുകളിലായി പട്ടയത്തിന് ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് പേരുവിവരം

സഹിതം വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ആവശ്യമായ അന്വേഷണം നടത്തി അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിലെ താമസക്കാർക്ക് പട്ടയം

1495 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിലെ സാധാരണക്കാരായ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുള്ളത് എപ്പോഴാണെന്ന് അറിയിക്കാമോ; പ്രസ്തുത അപേക്ഷ തീർപ്പാക്കി പട്ടയം അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ടോപ്പാറ, ഒരങ്കോകുന്ന് നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കാമോ?

## വ്യാജ പട്ടയമുപയോഗിച്ച് ആധാരം നിർമ്മിക്കൽ

1496 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ താലൂക്കിലെ എടയൂർ വില്ലേജിൽ പരേതനായ കൊട്ടംപാറ പരിവൈദ്യരുടെ നിലവിൽ പട്ടയമുള്ള സർവ്വേ നമ്പർ-110/1,2,3,4,5 പ്രകാരമുള്ള ഭൂമിയിന്മേൽ ചിലർ വ്യാജ പട്ടയം എടുത്ത് ആധാരം നിർമ്മിച്ചെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യാജ പട്ടയങ്ങളും ആധാരങ്ങളും പരിശോധിച്ച് റദ്ദ് ചെയ്യുന്നതിനും ഇതിന് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ നിവേദന പ്രകാരമുള്ള എൽ.ആർ./8287/2024-എൽ.ആർ.(ബി8), ടി.എൽ.കെ, റ്റി.ഐ.ആർ /2206/2023-എൽ2 ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് 19-09-2023-ൽ നൽകിയ കത്തിൽ അന്തിമ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) സർവ്വേ നമ്പർ-110/1,2,3,4,5 ൽ ഉൾപ്പെട്ട കുറ്റിപ്പുറം എസ്.ആർ.ഒ.യിലെ ആധാരം നമ്പർ-1764/66 ഭൂമിയുടെ അതിരുകൾ നിർണ്ണയിച്ച് നികുതി അടവാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## പട്ടയ വിതരണത്തിന് സ്വീകരിച്ച നടപടികൾ

1497 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയുള്ള എല്ലാവർക്കും സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നുള്ള വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം നടത്തിയ പട്ടയങ്ങളുടെ വിശദാംശം ജില്ല, വർഷം എന്നിവ തിരിച്ച് നൽകാമോ;

(സി) പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്താൻ ആവിഷ്കരിച്ച സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയറിന്റെ പ്രവർത്തനം ഗുണകരമായോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇടുക്കി ജില്ലയിൽ വിവിധ താലൂക്കുകളിലായി പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ?

**മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി**

1498 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കുമോ;

(സി) മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടയ വിതരണം**

1499 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടയങ്ങളാണ് വടക്കാഞ്ചേരി മണ്ഡലത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

**പട്ടയ വിതരണം**

1500 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്ത് എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; 2011 -2016, 2016-2021, 2021-2024 എന്നീ മൂന്ന് കാലഘട്ടങ്ങളിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഭൂമി ഏതൊക്കെയാണെന്നും നിലം പൂർവ്വ സ്ഥിതിയിൽ ആക്കിയത് ഏതൊക്കെയെന്നും താലൂക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കോതമംഗലം താലൂക്കിലെ അർഹരായ കൈവശക്കാർക്ക് പട്ടയം**

1501 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പട്ടയ നടപടികളുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർ ഏതെങ്കിലും തരത്തിലുള്ള തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ അർഹരായ മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>മെയ്ദിന നഗർ നിവാസികൾക്ക് പട്ടയം</u>

1502 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവേ നമ്പർ 1038-ൽ പെട്ട മെയ്ദിന നഗറിലെ കൈവശക്കാർക്ക് പട്ടയം നൽകിയതെന്നാണെന്നും എത്ര പേർക്കാണ് പട്ടയം അനുവദിച്ചതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിരുന്നതും എന്നാൽ മകന് സർക്കാർ ജോലിയുണ്ടെന്ന കാരണത്താൽ മത്സ്യത്തൊഴിലാളിയും സ്വന്തമായി ഭൂമിയില്ലാത്തതുമായ കാട്ടുംപുറത്ത് വീട്ടിൽ കെ.എൻ.ഉലകേശന് ഇരുപത് വർഷമായി ടിയാൻ കൈവശം വച്ച് അനുഭവിച്ചിരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കാത്തത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ 01.06.2023 തീയതിയിലെ എൽ.ആർ./1252/2021-എൽ.ആർ(ജെ7) നമ്പർ കത്ത് പ്രകാരം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; ഇതു സംബന്ധിച്ച സർക്കാർ ഫയൽ നമ്പർ എത്രയെന്ന് വ്യക്തമാക്കാമോ ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം</u>

1503 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ എത്ര പട്ടയ അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളതെന്ന് വില്ലജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) പട്ടയ വിതരണം കൂടുതൽ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കൈവശഭൂമിയ്ക്ക് പട്ടയം നൽകൽ</u>

1504 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേർക്ക് അവരുടെ കൈവശഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിച്ചവരുടെ എണ്ണം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) പട്ടയത്തിന് വേണ്ടി സമർപ്പിച്ച അപേക്ഷകളിൽ വകുപ്പുതലത്തിൽ ആവശ്യമായ അന്വേഷണം നടത്തി സമയബന്ധിതമായി പട്ടയം അനുവദിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## തലപ്പിള്ളി താലൂക്കിൽ കൈവശഭൂമിക്ക് പട്ടയം

1505 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിന് കീഴിൽ ഇതേവരെ എത്ര പേർക്ക് കൈവശ ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിച്ചവരുടെ എണ്ണം സംബന്ധിച്ച വിവരം വില്ലേജുകൾ തിരിച്ച് വ്യക്തമാക്കാമോ; വിശദമാക്കുമോ?

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

1506 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) നദികളിൽ വേനൽക്കാല നീരൊഴുക്ക് ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

## അനധികൃത തണ്ണീർത്തടം നികത്തൽ

1507 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോട്ടൂളി, എരണിപ്പാലം പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന സരോവരം പ്രദേശത്ത് അനധികൃതമായി തണ്ണീർത്തടങ്ങൾ നികത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അനധികൃതമായി മണ്ണിട്ട് നികത്തിയ തണ്ണീർത്തടങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശത്ത് അനധികൃതമായി തണ്ണീർത്തടം നികത്തിയവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ദേവികുളം താലൂക്കിലെ ഭൂമി തരംമാറ്റൽ അപേക്ഷകൾ

1508 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ഭൂമി തരംമാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വർഷവും വില്ലേജും തിരിച്ച് അറിയിക്കുമോ;

(ബി) ഇവയിൽ തരംമാറ്റൽ നടപടികൾ പൂർത്തിയാക്കി എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; വർഷവും വില്ലേജും തിരിച്ച് അറിയിക്കുമോ;

(സി) തീർപ്പാക്കിയ അപേക്ഷകളിലെ അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ദേവികുളം ആർ.ഡി.ഒ. ഓഫീസിൽ ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം

1509 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഭൂമി തരംമാറ്റുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം നൽകാമോ;

(സി) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഭൂമി തരംമാറ്റൽ വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഭൂമി തരംമാറ്റത്തിലെ അപേക്ഷകളുടെ വർദ്ധനക്ക പരിഹാരം

1510 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ഇളവുകൾ പ്രകാരം ഭൂമി തരംമാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പട്ടാമ്പി താലൂക്കിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും ശേഷിക്കുന്നവ എത്രയെന്നും വില്ലേജ് തിരിച്ച് വിവരം നൽകുമോ?

## ഭൂമി തരംമാറ്റൽ വേഗത്തിലാക്കാൻ നടപടികൾ

1511 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റൽ വേഗത്തിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) വർഷങ്ങളായി വീടുവെച്ച് താമസിക്കുന്ന 'പുരയിടം' രേഖയിൽ 'നഞ്ച'യായി തന്നെ കിടക്കുകയാണെങ്കിൽ എളുപ്പത്തിൽ തരം മാറ്റി നൽകുന്നതിന് നടപടികൾ കൈക്കൊള്ളാമോ?

## ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സ്ഥലമേറ്റെടുപ്പ്

1512 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലമേറ്റെടുപ്പ് മന്ദഗതിയിലാകുന്നതിനുള്ള കാരണം വിശദമാക്കാമോ; പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസർ എന്നിവ തയ്യാറാക്കുന്നതിന് ഇനി എത്ര സമയം ആവശ്യമാണെന്ന് അറിയിക്കാമോ;

(സി) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ചില സബ് ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സബ് ഡിവിഷൻ നമ്പരുകളും റീസർവേ നമ്പരുകളും റിക്വസിഷനിലും സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തി ലഭ്യമാക്കണമെന്ന വിഷയത്തിൽ എന്ത് പുരോഗതി ഉണ്ടായിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) ലാന്റ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ആയത് എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

## റോഡ് നവീകരണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി

1513 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാവങ്ങാട്- ഉള്ളിയേരി- കുറ്റ്യാടി- ചൊവ്വ (പി.യു.കെ.സി) റോഡ് വീതി കൂട്ടി നവീകരിക്കുന്നതിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

## മിച്ചൽ ജംഗ്ഷൻ നവീകരണത്തിന് ഭൂമി ഏറ്റെടുക്കൽ

1514 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ നവീകരണത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിനു ഭൂമി ഏറ്റെടുക്കൽ

1515 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കലിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കുമോ?

**<u>ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ</u>**

1516 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുടെ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും ബാക്കിയുള്ള നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി</u>**

1517 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിന് വേണ്ടി പുതുതായി എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിന്മേൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്നും എത്ര തുക ആർക്കെല്ലാം നൽകാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുപ്പിനോടനുബന്ധിച്ച് നിലവിലുള്ള വീടുകൾ, മറ്റു കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് പ്രവേശനം അപ്രാപ്യമായതിനെ സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭാവിയിൽ ഉണ്ടാകാനിടയുള്ള വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് പുതുതായി ഭൂമി ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് എയർപോർട്ട് അതോറിറ്റി സർക്കാറിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ അനുമതിയോ 11(1) നോട്ടിഫിക്കേഷനോ വരുന്നതിനുമുമ്പ് ഭാവിയിലെ വികസനത്തിന് തടസ്സമാകുമെന്നുകണ്ട് വിമാനത്താവളത്തിനോട് ചേർന്ന് കിടക്കുന്ന ഭൂമിയിൽ വീട് വയ്ക്കുന്നതിന് നിരാക്ഷേപ പത്രം നൽകാത്ത എയർപോർട്ട് അതോറിറ്റിയുടെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മൊഗ്രാൽ യുനാനി ആശുപത്രിക്ക് ഭൂമി അനുവദിക്കുന്ന നടപടി</u>**

1518 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മൊഗ്രാൽ ഗവൺമെന്റ് യുനാനി ആശുപത്രിക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച പ്രപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ; ഫയൽ നമ്പർ സഹിതം വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിക്ക് ഭൂമി എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

## <u>അയിലം സ്കൂളിന് ഭൂമി അനുവദിക്കാൻ നടപടി</u>

1519 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ മുദാക്കൽ ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അയിലം ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ അധീനതയിലുണ്ടായിരുന്ന എത്ര സെന്റ് ഭൂമി അയിലം പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള എത്ര സെന്റ് പുറമ്പോക്ക് ഭൂമി സ്കൂളിന് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>എടച്ചേരി സബ്ബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി അനുവദിക്കാൻ നടപടി</u>

1520 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി സബ്ബ് രജിസ്ട്രേഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ പുറംപോക്ക് ഭൂമി അനുവദിക്കുന്ന വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## <u>മിച്ചഭൂമി ഏറ്റെടുക്കുന്നതിന് നടപടി</u>

1521 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈത്തിരി താലൂക്ക് ലാൻഡ് ബോർഡിൽ എത്ര മിച്ചഭൂമി കേസുകളാണ് നിലവിലുള്ളതെന്നും കഴിഞ്ഞ പത്ത് വർഷക്കാലം എത്ര ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത മിച്ചഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ;

(സി) രാജഗിരി എസ്റ്റേറ്റിന്റെ 200 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് 2016-ൽ ഇറക്കിയ ഉത്തരവുപ്രകാരം എന്തെല്ലാം തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) 200 ഏക്കർ മിച്ചഭൂമിക്ക് ആധാരം നിർമ്മിച്ച് വിറ്റത് ആരാണെന്നും വാങ്ങിയത് ആരാണെന്നും വ്യക്തമാക്കാമോ?

## വയനാട്ടിലെ ചെമ്പ്ര, രാജഗിരി എസ്റ്റേറ്റുകളിലെ മിച്ചഭൂമി

1522 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ചെമ്പ്ര എസ്റ്റേറ്റിൽ എത്ര മിച്ചഭൂമി ഉണ്ടെന്നാണ് 1976-ൽ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിറക്കിയത്; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും മിച്ചഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) വയനാട്ടിലെ രാജഗിരി എസ്റ്റേറ്റിൽ എത്ര മിച്ചഭൂമി ഉണ്ടെന്നാണ് 1976-ൽ വൈത്തിരി താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിറക്കിയത്; അതിൻറെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും നിലവിൽ മിച്ചഭൂമി ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ?

## റവന്യൂ പുറംപോക്ക് ഭൂമി പഞ്ചായത്തിന് ലീസിന് കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ

1523 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ഫാക്റ്റ് ഗേറ്റിന് സമീപമുള്ള 40 സെന്റോളം വരുന്ന റവന്യൂ പുറംപോക്ക് ഭൂമി പഞ്ചായത്തിന് ലീസിന് കിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഉള്ള എൽ.ആർ.ജെ.റ്റി./554/224 ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഫയൽ ഗവ. സെക്രട്ടേറിയറ്റിൽ ഉണ്ടെങ്കിൽ ഫയൽ നമ്പറും സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് കിടക്കുന്നതിനാൽ പഞ്ചായത്തിന് ലീസിന് ലഭിച്ചാൽ പ്രസ്തുത സ്ഥലം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന ആവശ്യത്തിന്മേൽ വേഗത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ലാന്റ് ട്രിബ്യൂണൽ കേസ്സുകൾ

1524 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാന്റ് ട്രിബ്യൂണലുകളിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസ്സുകൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## വെള്ളപ്പൊക്ക നിവാരണ പദ്ധതി ഫണ്ടുകളുടെ വിനിയോഗം

1525 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന ഫ്ലഡ് റോഡുകളുടെ ശാശ്വതമായ സംരക്ഷണമുറപ്പാക്കാൻ സൈഡ് കോൺക്രീറ്റ് ഉൾപ്പെടെ ചെയ്ത് നവീകരിക്കുന്നതിന് പകരം റീടാറിംഗ് നടത്തിയാൽ അടുത്ത മഴയിൽ റോഡ് വീണ്ടും തകർന്ന് പോകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) വെള്ളപ്പൊക്ക നിവാരണ പദ്ധതി പ്രകാരമുള്ള ഫണ്ടുകൾ വിനിയോഗിക്കുന്നതിന് നേരത്തെയുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വെള്ളപ്പൊക്ക നിവാരണ പദ്ധതികളുടെ നേരത്തെയുള്ള മാനദണ്ഡങ്ങളും പുതുക്കിയ മാനദണ്ഡങ്ങളും സംബന്ധിച്ച ഉത്തരവുകളുടെയോ സർക്കുലറുകളുടെയോ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വെള്ളപ്പൊക്ക നിവാരണ പദ്ധതികളുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## റവന്യൂ ഇ-സർവീസസ് പോർട്ടൽ

1526 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഇ-സർവീസസ് പോർട്ടൽ വഴി ആധാറും തണ്ടപ്പേരും തമ്മിൽ ബന്ധിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷകൾ കൃത്യമായി പ്രോസസ്സ് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) തണ്ടപ്പേരിൽ ഒന്നിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഒരാളുടെ പേരിൽ മാത്രമായി ആധാറും തണ്ടപ്പേരും ബന്ധിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കണമെന്ന് റവന്യൂ ഇ-സർവീസസ് പോർട്ടൽ വെബ്സൈറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) തണ്ടപ്പേരിൽ ഒന്നിൽ കൂടുതൽ പേർ ഉൾപ്പെടുകയും ഒരാളുടെ പേരിൽ മാത്രമായി ആധാറും തണ്ടപ്പേരും ബന്ധിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്താൽ പ്രസ്തുത അപേക്ഷ നിരസിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

## മഴവന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

1527 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴുവന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മുഖേന 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആൾട്ടറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പറവൂർ താലൂക്കിലെ കുന്നുകര വില്ലേജിന് പകരം കുന്നത്തുനാട് താലൂക്കിലെ മഴുവന്നൂർ വില്ലേജ് ഓഫീസിന് കെട്ടിടത്തിനായി ഡിസിഇകെഎം/6381/2021-എ8 തീയതി 04.09.2022 പ്രകാരം എറണാകുളം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആൾട്ടറേഷൻ പ്രൊപ്പോസലിന് അംഗീകാരം വേഗത്തിൽ നൽകി മഴുവന്നൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

## <u>കാവശ്ശേരി 1 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം</u>

1528 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി 1 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം</u>

1529 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയത് എന്നാണെന്നും അനുവദിച്ച തുക എത്രയാണെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

## <u>പയ്യന്നൂർ താലൂക്ക് ഓഫീസിനു പുതിയ കെട്ടിടം</u>

1530 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ഓഫീസിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഓഫീസ് ആവശ്യത്തിനുള്ള ഫർണീച്ചർ, ഇന്റീരിയർ വർക്ക് എന്നിവ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

## വെള്ളോറ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവൃത്തികൾ

1531 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുന്നതിനായി ഭരണാനുമതി ലഭിച്ച പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജ് ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി വേഗത്തിൽ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പുതുക്കാട് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

1532 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കാട് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## പാവറട്ടി വില്ലേജ് ഓഫീസിന് സ്വന്തം കെട്ടിടം

1533 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മണലൂർ പാവറട്ടി വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുനൽകിയ ഭൂമിയിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിലെ ആശ്രിത നിയമനം

1534 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം വഴി നിയമനം ലഭിച്ച് നിലവിൽ കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ സർവീസിൽ ഉള്ള ജീവനക്കാരുടെ പേരും തസ്തികകളും ലഭ്യമാക്കാമോ;

(ബി) ആശ്രിത സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച് കൊല്ലം താലൂക്ക് ഓഫീസിലെ ഫയൽ നം.റ്റിഎൽകെകെഎൽഎം/4434/2023-എ5 പ്രകാരം കൊല്ലം

തഹസിൽദാർ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും പെരിനാട് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും അനുബന്ധ രേഖകളും ലഭ്യമാക്കാമോ?

**കരുതലും കൈത്താങ്ങും അദാലത്തിൽ തീർപ്പാക്കിയ അപേക്ഷ**

1535 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുതലും കൈത്താങ്ങും അദാലത്തിൽ തീർപ്പാക്കിയ അപേക്ഷയിന്മേലുള്ള ഉത്തരവ് നടപ്പിലാക്കുന്നതിന് വീണ്ടും സർക്കാർ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 28.02.2024- ലെ കാസർഗോഡ് താലൂക്ക് അദാലത്തിൽ യു.ബി. ആയിഷ, എയ്യള, തെക്കിൻ എന്നയാളുടെ ഭൂനികുതി സംബന്ധിച്ച പരാതി തീർപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**പുറമ്പോക്ക് സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറണമെന്നുള്ള അപേക്ഷ**

1536 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്-66 ന് സമീപം കണ്ടെത്തിയ പുറമ്പോക്ക് സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറണമെന്നുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

**അഴീക്കോട് മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിൽ നടക്കുന്ന പ്രവൃത്തികൾ**

1537 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദ വിവരം ലഭ്യമാക്കാമോ?

**ദേശീയപാത 66 വികസനം സംബന്ധിച്ച പരാതികൾ**

1538 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 വികസനത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ഇടിമുഴിക്കൽ മുതൽ പൊന്നാനി വരെയുള്ള പാത വികസനവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സംബന്ധിച്ച് 2023 ജനുവരി 31 മുതൽ 2025 ജനുവരി 15 വരെ മലപ്പുറം ജില്ലാ കളക്ടർക്ക് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും അവയിൽ എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ ഇടിമുഴിക്കൽ മുതൽ തലപ്പാറ വരെ പ്രദേശങ്ങളിൽ കോഹിനൂർ, പാണമ്പ്ര, ഇടിമുഴിക്കൽ, കാക്കഞ്ചേരി വളവ്, കാക്കഞ്ചേരി പള്ളിയാളി-ചേലൂപാടം റോഡ് ആക്സസ് നഷ്ടപ്പെട്ടത് സംബന്ധിച്ചും പാണമ്പ്ര

പള്ളിയിലേക്ക് മഴവെള്ളവും ചെളിയും ഒലിച്ചിറങ്ങുന്നത് സംബന്ധിച്ചും വെളിമുക്ക് ഫൂട്ട് ഓവർ ബ്രിഡ്ജ് സംബന്ധിച്ചും എത്ര പരാതികൾ ലഭിച്ചുവെന്നും പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പരിഹരിച്ച പരാതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം ജില്ലാ വികസന സമിതിയിൽ ഉന്നയിച്ചതു കൊണ്ട് പരിഹാരം ലഭിച്ച പരാതികൾ ഏതെല്ലാമെന്നും ഇനിയും പരിഹരിക്കാനുള്ളവ ഏതൊക്കെയെന്നും അറിയിക്കാമോ?

## ചാത്തന്നൂർ താലൂക്ക് രൂപീകരണം

1539 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് രൂപീകരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം തടസങ്ങളാണ് അവശേഷിക്കുന്നതെന്ന് വിശദമാക്കുമോ?

## കെട്ടിട നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത

1540 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ അറ്റകുറ്റ പണികൾ നടത്തിയതോ കൂടുതൽ നിലകൾ കൂട്ടിച്ചേർത്തതോ ആയ ഒരു കെട്ടിടത്തിന്റെ നികുതി (കേരള ബിൽഡിംഗ് ടാക്സ്) കണക്കാകുമ്പോൾ ആകെ ഏരിയയുടെ നിലവിലുള്ള താരിഫ് പ്രകാരം തുക കണക്കാക്കുന്നതിലുള്ള അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ മുൻകാലങ്ങളിൽ ചെറിയ കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾക്ക് പോലും വലിയ തുക കെട്ടിട നികുതിയായി ഈടാക്കേണ്ട സാഹചര്യമാണുള്ളതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കെട്ടിട നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത പരിഹരിക്കുവാനും മുൻകാലങ്ങളിൽ അന്നത്തെ നിരക്കിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ തുക കുറവ് ചെയ്യുന്നതിന് പകരം അത്രയും ഏരിയ കുറവ് ചെയ്തിട്ട് ബാക്കി വരുന്ന ഏരിയയിക്ക് നിലവിലുള്ള നിരക്ക് നിശ്ചയിക്കുന്ന കാര്യവും പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## റവന്യൂ വകുപ്പിലെ എച്ച്.ആർ.എം.എസ്. പ്രകാരമുള്ള സ്ഥലംമാറ്റം

1541 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ ട്രാൻസ്ഫർ-എച്ച്.ആർ.എം.എസ്. 2025 നടപ്പിൽ വരുത്തുന്നതിനായി നാളിത് വരെ എന്തെല്ലാം നടപടിക്രമങ്ങൾ പാലിച്ചു; വിശദമാക്കാമോ;

(ബി) എച്ച്.ആർ.എം.എസ്. പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ നിന്നും മറ്റു ജില്ലകളിൽ നിയമനം കിട്ടിയ എത്ര പേർ വർക്കിംഗ് അറേഞ്ച്മെന്റിൽ

തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ വിവിധ റവന്യൂ ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കാമോ;

(സി) തെക്കൻ ജില്ലകളിൽ നിന്നും എച്ച്.ആർ.എം.എസ്. പ്രകാരം സ്ഥലം മാറ്റപ്പെടുന്നവർ തിരിച്ച് സ്വന്തം സ്റ്റേഷനിൽ എത്തുന്നതിനുള്ള മുൻഗണനാ മാനദണ്ഡമായി പരിഗണിക്കുന്നത് വിദൂര ജില്ലകളിലേക്ക് (കാസറഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട്) ലഭിച്ച സ്ഥലം മാറ്റം, സിനിയോറിറ്റി ഇവയിലേതാണെന്ന് വ്യക്തമാക്കാമോ;

(ഡി) എച്ച്.ആർ.എം.എസ്. പ്രകാരമുള്ള സ്ഥലം മാറ്റം എല്ലാ ജീവനക്കാർക്കും ബാധകമാണെന്ന് ഇത് സംബന്ധിച്ച ഉത്തരവിൽ പറയുമ്പോഴും വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, വില്ലേജ് അസിസ്റ്റന്റ് എന്നിവർക്ക് ജില്ലാതലത്തിലുള്ള ട്രാൻസ്ഫർ പോലും നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) മുൻ എച്ച്.ആർ.എം.എസ്, നടപടിക്രമ പ്രകാരം നിലവിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള സീനിയർ ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസർ /റവന്യൂ ഇൻസ്പെക്ടർ, ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ;

(എഫ്) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ എച്ച്.ആർ.എം.എസ്, വഴിയുള്ള ട്രാൻസ്ഫർ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

## <u>തെങ്ങിലക്കടവ് കാൻസർ സെന്റർ സ്ഥലം</u>

1542 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ തെങ്ങിലക്കടവ് കാൻസർ സെന്ററിന്റെ സ്ഥലം ഏതൊക്കെ സർവ്വേ നമ്പരുകളിലായി എത്ര ഏക്കറാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2010 ഡിസംബർ മാസത്തിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ പ്രസ്തുത സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തുന്നതിന് റവന്യൂ, കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ?

## <u>ഡിജിറ്റൽ സർവ്വേ</u>

1543 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വേയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ഡിജിറ്റൽ സർവ്വേയിൽ അടിസ്ഥാന നികുതി രജിസ്റ്ററിലെ ഭൂമിയുടെ അളവും ഡിജിറ്റൽ സർവ്വേയിൽ കണ്ടെത്തുന്ന അളവിലെയും വ്യത്യാസങ്ങൾ ഏത് രീതിയിൽ ക്രമവത്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വാമനപുരം മണ്ഡലത്തിൽ വാമനപുരം, പാങ്ങോട്, പെരിങ്ങമ്മല എന്നീ വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ ആരംഭിച്ച് ആറുമാസത്തോളമായെങ്കിലും പഞ്ചായത്തിന്റെ പകുതി റോഡുകൾ പോലും ഇതുവരെ പൂർത്തീകരിക്കാൻ കഴായാത്തതിനാൽ ജനങ്ങൾ വളരേയധികം ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത സർവ്വേ പൂർത്തിയാക്കാൻ ആവശ്യത്തിന് സർവ്വേയർമാരെ നിയമിച്ച് അടിയന്തര പരിഹാരം ഉണ്ടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഭൂമി തരംമാറ്റത്തിലെ കാലതാമസം

1544 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിന് ആർ.ഡി.ഒ-മാർക്ക് നൽകിയിട്ടുള്ള ചുമതല ഡെപ്യൂട്ടി കളക്ടർമാർക്ക് കൂടി നൽകിയിട്ടും അപേക്ഷകൾ തീർപ്പാക്കുന്നതിനും പരാതികൾ കുറയ്ക്കുന്നതിനും ഇപ്പോഴും കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## റീ-സർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതി

1545 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വെ വകുപ്പ് നടപ്പിലാക്കി വരുന്ന റീ-സർവ്വെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) 2022 നവംബർ 1-ന് ആരംഭിച്ച ഡിജിറ്റൽ സർവ്വെയുടെ പ്രവർത്തനം എത്രത്തോളം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാമോ?

## കുറുപ്പത്താൽ ടൗൺ നവീകരണം, പുഴക്കാട്ടിരി ടൌൺ നവീകരണം എന്നീ പ്രവൃത്തികളുടെ സർവ്വേ നടപടികൾ

1546 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ട് മുഖേന നടപ്പാക്കുന്ന മങ്കട മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ കൊളത്തൂർ കുറുപ്പത്താൽ ടൗൺ നവീകരണം, പുഴക്കാട്ടിരി ടൗൺ നവീകരണം എന്നീ പ്രവൃത്തികളുടെ സർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) സർവ്വേ നടപടി പൂർത്തിയാക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ, സമയ ബന്ധിതമായി സർവ്വേ നടപടി പൂർത്തിയാക്കുന്നതിനും അടിയന്തരമായി ഭരണാനുമതി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## റീ-സർവ്വേ നടപടികൾ

1547 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര വില്ലേജുകളിൽ ഇനിയും റീസർവ്വേ റെക്കോർഡുകൾ നിലവിൽ വരാനുണ്ടെന്ന് അറിയിക്കാമോ;

(ബി) വസ്തു ഉടമകളിൽ നിന്നും വസ്തു സംബന്ധമായ രേഖകൾ പരിശോധിക്കാതെയും അവരുമായി യാതൊരുവിധത്തിലുമുള്ള ചർച്ചകൾ നടത്താതെയും നടത്തിയ റീസർവ്വേ നടപടികളിലൂടെ ഒട്ടേറെ പരാതികൾ ഉണ്ടായിരിക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) റീസർവ്വേ നടപടികളിലെ അപാകത മൂലം കരം തീർക്കാൻ കഴിയാതെ വന്നിട്ടുള്ള ഭൂമി പണയപ്പെടുത്തിയോ, വിറ്റോ ചികിത്സ, മക്കളുടെ വിവാഹം തുടങ്ങി വസ്തു ഉടമകളുടെ അടിയന്തിരമായ ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയാതെ വരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് റീസർവ്വേ അദാലത്തുകളിൽ അപേക്ഷ സമർപ്പിച്ച വസ്തു ഉടമകളുടെ പക്കൽ നിന്നും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടനിലക്കാരും സർവ്വേയർമാരും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് വൻതുക കൈപ്പറ്റുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റീസർവ്വേ സംബന്ധമായി ലഭിക്കുന്ന അപേക്ഷകൾ സുതാര്യമായും കുറ്റമറ്റ രീതിയിലും സമയക്രമം പാലിച്ചും മുൻഗണനാക്രമം തെറ്റിക്കാതെയും പരിഹരിച്ചു നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## <u>വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ</u>

1548 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## <u>ഡിജിറ്റൽ റീസർവ്വെ</u>

1549 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വെ നടപടികൾ ആരംഭിച്ചത് എന്നാണെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഡിജിറ്റൽ റീസർവ്വെ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഡിജിറ്റൽ റീസർവ്വെയ്ക്ക് വേണ്ടി ആശ്രയിക്കുന്ന നാവിഗേഷൻ ഉപഗ്രഹങ്ങളിൽ നിന്ന് ലഭിക്കുന്ന സിഗ്നലുകളിലെ വ്യതിയാനം മൂലമുണ്ടാകുന്ന പിശകുകൾ

പരിഹരിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർവ്വെ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഡിജിറ്റൽ റീസർവ്വെ സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഡിജിറ്റൽ റീ സർവേ

1550 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീസർവേ പദ്ധതിയുടെ ഉദ്ഘാടനം നടത്തിയത് എന്നാണ്; ആദ്യഘട്ടത്തിൽ എത്ര വില്ലേജുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്; ഇവയുടെ സർവേ പൂർത്തിയായോ; സർവേയുടെ വിവരങ്ങൾ അതത് ജില്ലാ കലക്ടർമാർക്ക് കൈമാറിയോ; വിശദമാക്കാമോ;

(ബി) ഡിജിറ്റൽ സർവേ പൂർത്തിയാകുമ്പോൾ അധിക വിസ്തീർണം കണ്ടെത്തുന്ന കേസുകളിൽ ടൈറ്റിൽ ഡീഡ് അനുവദിക്കാൻ സെറ്റിൽമെന്റ് ആക്ട് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായി; മുൻപ് സംസ്ഥാനത്താകെ സെറ്റിൽമെന്റ് നടന്നത് എന്നാണ്; വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ റീസർവേ നടന്ന വില്ലേജുകളിലെ ഭൂഉടമകൾ 'എന്റെ ഭൂമി' പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; 'എന്റെ ഭൂമി' പോർട്ടൽ വഴി നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; പോർട്ടലിന്റെ ചുമതല ആർക്കാണ്; വ്യക്തമാക്കാമോ;

(ഡി) റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) പോർട്ടലിൽ ഭൂനികുതി ഒടുക്കുന്നതിനായി രജിസ്ട്രേഷൻ നടത്തി വൺടൈം വെരിഫിക്കേഷൻ നടത്തിയ ഭൂവുടമകൾ 'എന്റെ ഭൂമി' പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യമുണ്ടോ; റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം പോർട്ടലിലെ വിവരങ്ങൾ എന്റെ ഭൂമി പോർട്ടലിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഡിജിറ്റൽ റീസർവേയുടെ ഭാഗമായി പുറമ്പോക്ക് ഭൂമി അളന്നിട്ടുണ്ടോ; സാധാരണ റീസർവേ നടപടിക്രമങ്ങളിൽ നിന്നും ഇക്കാര്യത്തിൽ ഡിജിറ്റൽ റീസർവേയിൽ വ്യത്യാസം വന്നിട്ടുണ്ടോ; ഡിജിറ്റൽ റീസർവേ കഴിഞ്ഞ ഭൂമിയുടെ മാപ്പുകൾ എന്റെ ഭൂമി പോർട്ടലിൽ നിറങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനുള്ള മാർഗനിർദേശം നൽകിയിരുന്നോ; വിശദമാക്കുമോ?

## ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം

1551 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പരിപാലനത്തിലടക്കം നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും സ്ഥായിയായ വ്യവസ്ഥാക്രമീകരണം എർപ്പെടുത്തുമോ; വിശദമാക്കാമോ;

(ബി) ഹരിപ്പാട് റവന്യൂ ടവറിന്റെ നടത്തിപ്പ് ചുമതല ജില്ലാ കളക്ടർക്ക്/റവന്യൂ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ/ഹൗസിംഗ് വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിന്മേലുള്ള തീരുമാനം വൈകുന്നതിന്റെ കാരണം

അറിയിക്കാമോ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## എം.എൻ. ലക്ഷം വീട് പദ്ധതി

1552 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള എം.എൻ. ലക്ഷം വീടുകൾ അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എം.എൻ. ലക്ഷം വീട് നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

## മാട്ടുമലയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പദ്ധതി

1553 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ മാട്ടുമല പ്രദേശത്ത് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് 48 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ഫൗണ്ടേഷൻ നിർമ്മാണം നടത്തിയെങ്കിലും പദ്ധതി ഉപേക്ഷിക്കപ്പെട്ട നിലയിലായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ത്രിതല പഞ്ചായത്തുകളുടെയും ഗുണഭോക്തൃ വിഹിതത്തോടെയും ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിലും സഹായത്തിലും മണ്ഡലത്തിലെ 8 ഗ്രാമ പഞ്ചായത്തുകളിലെ ഭൂമിയും സ്ഥലവും ഇല്ലാത്ത ലൈഫ് ഗുണഭോക്താക്കൾക്കായി ഒരു പാർപ്പിട സമുച്ചയ പദ്ധതി യാഥാർത്ഥ്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്കായി അടിയന്തര മേൽനടപടികൾ സ്വീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ ഫ്ലഡ് പ്രവൃത്തികൾ

1554 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിൽ അനുമതി ലഭിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിൽ ഏതെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ ഫ്ലെഡ് റിലീഫ് പ്രകാരമുള്ള റോഡ് വർക്കുകൾ

1555 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ 2021 -2025 കാലഘട്ടത്തിൽ ഫ്ലെഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡ് വർക്കുകളുടേയും വിശദാംശങ്ങളും ഇവയുടെ നിർവ്വഹണ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വർക്കുകളാണ് നിർവ്വഹണം ആരംഭിക്കാത്തതെന്നും ഇതിന്റെ കാരണം എന്തെന്നും അറിയിക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം</u>**

1556 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ)നം. 5/2021/ഡി.എം.ഡി. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളേയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളേയും നിലവിലെ സ്ഥലത്ത് നിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>വയനാട് പുനരധിവാസത്തിനുള്ള ഭൂമിയേറ്റെടുക്കൽ</u>**

1557 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി പ്രത്യേക ടൗൺഷിപ്പ് സ്ഥാപിക്കുന്നതിലേക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടിക്കെതിരെ ഭൂവുടമകൾ കോടതിയെ സമീപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അത് പുനരധിവാസ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

**<u>വയനാട് ടൗൺഷിപ്പ്</u>**

1558 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് നിർമ്മിക്കാൻ ഏതു സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; ടെൻഡർ

നടപടിയിലൂടെയാണോ പ്രസ്തുത സ്ഥാപനത്തെ തെരെഞ്ഞെടുത്തതെന്ന് അറിയിക്കുമോ;

(സി) ടൗൺഷിപ്പ് നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയ സ്ഥാപനം വീട് നിർമ്മാണത്തിന് വകയിരുത്തിയ തുക മാർക്കറ്റ് നിരക്കിനേക്കാൾ അധികമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കൽ നടപടിയിലെ പ്രതിസന്ധി പരിഹരിച്ച് പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ?

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങൾ

1559 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം എത്രയാണെന്നും ഈ വർഷങ്ങളിൽ രജിസ്ട്രേഷൻ ഫീസിനത്തിലും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലും എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## കേരളത്തിലെ ചാരിറ്റബിൾ സൊസൈറ്റികൾക്കുള്ള വ്യവസ്ഥകൾ

1560 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചാരിറ്റബിൾ സൊസൈറ്റികൾ 1980-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അല്ലെങ്കിൽ 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നിരുന്നാലും ഈ രണ്ട് നിയമങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾ വാർഷിക റിട്ടേണുകളും ജനറൽ ബോഡി മീറ്റിംഗ് റിപ്പോർട്ടുകളും വൈകി സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകളിൽ വ്യത്യാസമുള്ളത് ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ

1561 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കുമോ?

## സ്വയം എഴുതിയ ആധാരങ്ങളുടെ രജിസ്ട്രേഷൻ

1562 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം സ്വയം എഴുതാം എന്ന ഉത്തരവ് പ്രകാരം ആധാരമെഴുത്തുകാരുടെ സഹായമില്ലാതെ ജനങ്ങൾ ആധാരങ്ങൾ എഴുതി തുടങ്ങിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ എത്ര ആധാരങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം ജനങ്ങൾ ആധാരങ്ങൾ സ്വയം എഴുതുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന ആധാരമെഴുത്തുകാരുടെ താല്പര്യം സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>വിളയൂർ സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ നവീകരണം</u>

1563 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

## <u>രജിസ്ട്രേഷൻ വകുപ്പിലെ സ്ഥലംമാറ്റവും നിയമനവും</u>

1564 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി &എ. ആർ. ഡി. പഠന റിപ്പോർട്ട് പ്രകാരം അഞ്ച് വർഷത്തിൽ കൂടുതൽ രജിസ്ട്രേഷൻ ഐ.ജി ഓഫീസിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥലം മാറ്റുമെന്ന് ഉറപ്പ് നൽകിയിട്ടും അഞ്ച് വർഷം കഴിഞ്ഞ ജീവനക്കാരെ ആസ്ഥാന ഓഫീസിൽ തന്നെ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വിശദീകരിക്കാമോ; അഞ്ച് വർഷം കഴിഞ്ഞും ഐ.ജി. ഓഫീസിൽ ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ 2024 വർഷത്തിലെ ഓൺലൈൻ സ്ഥലംമാറ്റ പട്ടികയിൽ ധാരാളം ജീവനക്കാർ ഉൾപ്പെട്ടിരുന്നെങ്കിലും അന്തിമ സ്ഥലം മാറ്റ ഉത്തരവിൽ വളരെ ചുരുക്കം ജീവനക്കാർ മാത്രം ഉൾപ്പെട്ടത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) വിജിലൻസ് വകുപ്പ് സർക്കാരിന് നൽകിയ റിപ്പോർട്ട് പ്രകാരം അഴിമതിയാരോപണവിധേയനായ രജിസ്ട്രേഷൻ ആസ്ഥാനത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെ വകുപ്പിൽ ആഭ്യന്തര പരിശോധന നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥന് ഡിപ്പാർട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആന്റ് പബ്ലിക് ഗ്രീവൻസ് (ഡി.എ.ആർ.പി.ജി ) ടാസ്ക് ഫോഴ്സ് നോഡൽ ഓഫീസറുടെ ചുമതല നൽകി നിയമിച്ചതിന്റെ മാനദണ്ഡവും യോഗ്യതയും വിശദീകരിക്കാമോ?

## <u>പയ്യന്നൂർ ഗാന്ധിസ്മൃതി മ്യൂസിയം രണ്ടാം ഘട്ട വികസനം</u>

1565 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഗാന്ധിസ്മൃതി മ്യൂസിയം രണ്ടാം ഘട്ട വികസനത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത മ്യൂസിയത്തിന്റെ രണ്ടാം ഘട്ട വികസനം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

## കോഴിക്കോട് മൊയ്തു മൗലവി സ്മാരക നവീകരണം

1566 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊയ്തു മൗലവി സ്മാരകം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് കോർപ്പറേഷനുമായി സഹകരിച്ച് മൊയ്തു മൗലവി സ്മാരകത്തിന്റെ നടത്തിപ്പും പരിപാലനവും കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

## കാട്ടാക്കട നിയോജക മണ്ഡലത്തിലെ അരുവിക്കര ശാസ്താ ക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

1567 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ അരുവിക്കര ശാസ്താ ക്ഷേത്രത്തിൽ പുരാവസ്തു വകുപ്പിൽ നിന്നും അനുമതി ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രോജക്റ്റിന്റെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

## ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം

1568 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴയിലെ സംരക്ഷിത സ്മാരകങ്ങൾ

1569 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ, ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

## വലിയ തമ്പുരാൻ കോവിലകം

1570 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വ്യക്തമാക്കാമോ?

## <u>പുതുപ്പള്ളി വെണ്ണിമല ക്ഷേത്രം</u>

1571 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തിയ പുതുപ്പള്ളി വെണ്ണിമല ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രത്തിൽ അവശേഷിക്കുന്ന പുനരുദ്ധാരണപ്രവൃത്തികൾ എന്തൊക്കെയെന്നും അവ എപ്പോൾ പൂർത്തിയാക്കുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ക്ഷേത്രത്തിന്റെ കൂത്തമ്പലം കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ നിർവഹണ ഏജൻസിയാക്കിക്കൊണ്ട് നവീകരണ പ്രവൃത്തികൾ ചെയ്തുതരണമെന്ന ആവശ്യം ഉന്നയിച്ച് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഈ ഫണ്ട് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>1921-ലെ മലബാർ കലാപത്തിന്റെ ശേഷിപ്പുകൾ</u>

1572 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1921-ലെ മലബാർ കലാപത്തിന്റെ ശേഷിപ്പുകൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അത് എവിടെയെല്ലാമാണ് എന്ന് വിശദമാക്കാമോ;

(ബി) 1921-ലെ മലബാർ കലാപത്തിന്റെ ശേഷിപ്പുകളിൽ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ട കെട്ടിടങ്ങളോ സ്ഥലങ്ങളോ മറ്റു സ്മാരകങ്ങളോ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) സ്വാതന്ത്ര്യസമര ചരിത്രത്തിൽ മലബാറിലെ സ്വാതന്ത്ര്യസമര സേനാനികളെയും 1921-ലെ മലബാർ കലാപ പോരാളികളെയും സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് മലബാർ മേഖലയിൽ നടന്ന മറ്റ് മുന്നേറ്റങ്ങളെയും കുറിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും മലബാർ മേഖലയിൽ സ്ഥാപിതമായിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) മലബാറിന്റെ സ്വാതന്ത്ര്യസമര ചരിത്രം സംരക്ഷിക്കുന്നതിനും ഭാവിതലമുറയിലേക്ക് കൈമാറുന്നതിനും മ്യൂസിയം സ്ഥാപിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടോ എന്ന് അറിയിക്കാമോ?

## തിരുന്നാവായയിൽ മാമാങ്കം നടന്നിരുന്ന നിലപാട് തറ

1573 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിലെ തിരുന്നാവായയിൽ മാമാങ്കം നടന്നിരുന്ന നിലപാട് തറയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലപാട് തറയിലേക്ക് സന്ദർശകർക്ക് പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലപാട് തറയിൽ പ്രവേശിക്കുന്നതിന് സന്ദർശകർക്ക് അനുമതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ;

(ഡി) നിലപാട് തറയിൽ പ്രവേശിക്കുന്നതിന് സന്ദർശകർക്ക് അനുമതി നൽകുന്നതിന് നടപടി ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
04-02-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻെറ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].